ജനകീയ അവകാശപത്രിക

# നീതിയും തുല്യതയുമുള്ള, സുസ്ഥിര ഇന്ത്യയ്ക്ക് വേണ്ടി

വികല്പസംഗം

പൊതുസഭയിലെ അംഗങ്ങൾ അംഗീകരിച്ച രേഖ

(അംഗങ്ങളുടെ പട്ടികയ്ക്കു പത്രികയുടെ അവസാന പേജിൽ നോക്കുക).

നവംബർ **2023.**

നീതിപൂർവകവും തുല്യതയുള്ളതും സുസ്ഥിരവുമായ മാനവിക, പാരിസ്ഥിതിക ക്ഷേമം മുൻനിർത്തി പ്രവർത്തിക്കുന്ന പ്രസ്ഥാനങ്ങൾ, സംഘങ്ങൾ, വ്യക്തികൾ  എന്നിവരെ ഒന്നിച്ചു കൊണ്ടുവരുന്ന ഒരു പൊതുവേദി എന്ന നിലയിലാണ് വികല്പസംഗം പ്രക്രിയയിൽ അംഗങ്ങൾ അണിനിരന്നിരിക്കുന്നത്. നിലവിലെ വികസന മാതൃകയെ അതിന്റെ അടിസ്ഥാനമായ അസമത്വ സ്വരൂപങ്ങളുടെ പേരിലും അതിൽ അന്തർലീനമായ അനീതിയുടെ പേരിലും അതു തിരസ്കരിക്കുന്നു; ദർശനത്തിലും പ്രയോഗത്തിലും ബദലുകൾക്കു വേണ്ടിയുള്ള അന്വേഷണങ്ങളിൽ അത് വ്യാപൃതമാകുന്നു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന 85ൽ അധികം വരുന്ന പ്രസ്ഥാനങ്ങളും സംഘടനകളും അതിന്റെ പൊതുസഭയിൽ അംഗങ്ങളാണ്. അവരുടെ പേരുകൾ ഈ രേഖയുടെ അവസാനത്തിൽ ചേർത്തിട്ടുണ്ട്, വിശദവിവരങ്ങൾക്കു നോക്കുക:

http://www.vikalpsangam.org/about/

ഉള്ളടക്കം


ഭാഗം 1: നമ്മൾ നൽകുന്നതും ആവശ്യപ്പെടുന്നതുമായ ഉറപ്പുകൾ 2
ഭാഗം 2: പ്രവർത്തനങ്ങളുടെ ചുരുങ്ങിയ വിവരണം 4
ഭാഗം 3: മേഖല തിരിച്ചുള്ള വിശദ പരിപാടികൾ 8
ഭാഗം 4:യുവജന പങ്കാളിത്തം വർധിപ്പിക്കുന്നതു സംബന്ധിച്ച പ്രത്യേക പരിപാടികൾ 25
വികല്പസംഗം പൊതുസഭയിലെ അംഗങ്ങൾ 26

## ഭാഗം 1: നമ്മൾ നൽകുന്നതും
## തേടുന്നതുമായ ഉറപ്പുകൾ

ഇന്നത്തെയും വരും തലമുറകളിലെയും മുഴുവൻ ജനങ്ങൾക്കും പ്രകൃതിയ്ക്കും നീതിയും തുല്യതയും ഉറപ്പാക്കുന്നതും സുസ്ഥിരമായി നിലനിർത്താൻ കഴിയുന്നതുമായ ഇന്ത്യക്കു വേണ്ടി ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്; മുഴുവൻ പൗരജനങ്ങളെയും അതിനായി പ്രതിജ്ഞയെടുക്കാൻ ഞങ്ങൾ ആഹ്വാനം ചെയ്യുന്നു.

അവിടെ

- ഭൗതികവും സാംസ്കാരികവും നൈതികവും ആത്മീയവുമായ സന്തുഷ്ടി നല്കുന്ന ജീവിതചര്യകളിലും തൊഴിലുകളിലും ഏർപ്പെടാൻ അവസരമൊരുക്കി എല്ലാവരുടെയും ക്ഷേമവും ആരോഗ്യവും പരിരക്ഷിക്കപ്പെടും;
- ജനാധിപത്യത്തിന്റെ നേരിട്ടുള്ള രൂപങ്ങളുടെ പ്രയോഗത്തിലൂടെ എല്ലാവർക്കും നേരിട്ടും അർത്ഥപൂർണമായും തീരുമാനങ്ങൾ എടുക്കുന്ന പ്രക്രിയയിൽ പങ്കെടുക്കാനുള്ള അവസരം ഒരുക്കും;
- ലിംഗം, ജാതി, വർഗം, ഗോത്രം, മതം, 'വംശം', കഴിവ്, ലൈംഗിക സ്വഭാവങ്ങൾ, മറ്റു ഘടകങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലുള്ള വിവേചനങ്ങൾ അവസാനിപ്പിക്കും;
- സംസ്കാരം,വിജ്ഞാനം, വിശ്വാസം എന്നിവയുടെ വൈവിധ്യവും ബഹുസ്വരതയും ബഹുമാനിക്കപ്പെടുകയും ഒത്തൊരുമയോടെ അവയ്ക്കെല്ലാം ഒന്നിച്ചു സഹവർത്തിക്കാനുള്ള അവസരം ഒരുക്കുകയും ചെയ്യും;
- മുഴുവൻ ജൈവവ്യവസ്ഥയുടെയും അടിസ്ഥാനമായ പ്രകൃതിയെയും പാരിസ്ഥിതിക സംവിധാനങ്ങളെയും ബഹുമാനിക്കും.

പൊതുസമൂഹ പ്രസ്ഥാനങ്ങളും മുന്നേറ്റങ്ങളും എന്ന നിലയിൽ അത്തരമൊരു സമൂഹസൃഷ്ടിക്കായി കഴിയാവുന്ന എല്ലാ പ്രവർത്തനങ്ങളും നടത്താൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്; അതിൽ പൊതുസമൂഹത്തോടു പൂർണമായ ഉത്തരവാദിത്വവും സുതാര്യതയും ഞങ്ങൾ പ്രകടിപ്പിക്കും. സർക്കാർ സ്ഥാപനങ്ങൾ, ബിസിനസ്സുകൾ, മാധ്യമങ്ങൾ തുടങ്ങിയവയിൽ നിന്നും അത്തരം സുതാര്യതയും ഉത്തരവാദിത്വവും ഞങ്ങൾ ആവശ്യപ്പെടുകയും പ്രതീക്ഷിക്കുകയും ചെയ്യുന്നു.

നമ്മൾ ഇന്നു നേരിടുന്ന വിവിധങ്ങളായ പ്രതിസന്ധികളുടെ പശ്ചാത്തലത്തിൽ മുകളിൽ പറഞ്ഞ ഉറപ്പുകൾ (ഇനി താഴെ വിവരിക്കാൻ പോകുന്ന മറ്റു നടപടികളും) നടപ്പിലാക്കുക എന്നതു പരമപ്രധാനമാണ്. സാമൂഹിക സംഘർഷങ്ങളുടെയും വംശീയ വിഭജനങ്ങളുടെയും മതപരമായ സംഘട്ടനങ്ങളുടെയും വർധിച്ചുവരുന്ന വേലിയേറ്റമാണ് ഇന്നു രാജ്യത്തു വ്യാപകമായി കാണപ്പെടുന്നത്. അതേപോലെ അസഹിഷ്ണത, അസമത്വം, അനാരോഗ്യം, സാംസ്കാരിക (ഭാഷാപരമായതുൾപ്പെടെ) പാരമ്പര്യവും വൈവിധ്യങ്ങളും നേരിടുന്ന തകർച്ച, പരമ്പരാഗത വിജ്ഞാനത്തിന്റെയും കഴിവുകളുടെയും വിനാശം, പാരിസ്ഥിതികമായ കടുത്ത പ്രതിസന്ധികൾ തുടങ്ങിയ പ്രശ്നങ്ങളും രാജ്യം അഭിമുഖീകരിക്കുന്നുണ്ട്. നിലവിൽ മേധാവിത്വം കൈവരിച്ചിരിക്കുന്ന സാമ്പത്തിക വികസന മാതൃകയാണ് അത്തരം വൈവിധ്യമാർന്ന പ്രശ്നങ്ങൾക്കു പിന്നിലെ യഥാർത്ഥ കാരണം. പുരുഷകേന്ദ്രീകൃതമായ നിലവിലെ സംവിധാനം വൻതോതിലുള്ള വ്യവസായവത്കരണത്തിലും അടിസ്ഥാനസൗകര്യ വികസനത്തിലുമാണ് പ്രധാനമായും ഊന്നൽ നൽകുന്നത്. പ്രകൃതിയുടെയും സാമൂഹിക

ബന്ധങ്ങളുടെയും ചരക്കുവത്കരണത്തിനും വാണിജ്യവത്കരണത്തിനുമാണ് അതു താല്പര്യം പ്രകടിപ്പിക്കുന്നത്. ഭരണസംവിധാനത്തിലെ ഏകാധിപത്യ പ്രവണതകളും മതപരമായ വിഭജനവും ഭിന്നതകളുമാണ് അതു പ്രോത്സാഹിപ്പിക്കുന്നത്. അവയാകട്ടെ, പാരമ്പരാഗതമായി നിലനിൽക്കുന്ന ലിംഗപരവും ജാതിപരവുമായുള്ള പലതരം അസമത്വങ്ങളെയും വിവേചനങ്ങളെയും ശക്തിപ്പെടുത്തുകയും അതിൽ നിന്നും ഊർജം നേടുകയും ചെയ്യുന്നു. ഇത്തരം പ്രവണതകൾ കാരണം, കഴിഞ്ഞ ദശകങ്ങളിൽ ജനാധിപത്യ പ്രക്രിയയുടെ ഭാഗമായി നിന്നുകൊണ്ട് ഈ സമൂഹങ്ങളും വിഭാഗങ്ങളും നേടിയ പരിമിതമായ നേട്ടങ്ങൾ പോലും ഇല്ലായ്മ ചെയ്യപ്പെടുകയോ മുരടിപ്പിക്കുകയോ ചെയ്യുന്ന അവസ്ഥയും നിലനിൽക്കുന്നു. കൂടുതൽ മാനുഷികതയുള്ളതും പരിസ്ഥിതി സൗഹൃദപരവും തുല്യതയിൽ അടിയുറച്ചതും ഉൾക്കൊള്ളൽ ശേഷിയുള്ളതുമായ ക്ഷേമസമൂഹത്തിന്റെ പാതയിലാണ് ഞങ്ങൾ വിശ്വസിക്കുന്നത്. സ്ത്രീകൾ, യുവജനങ്ങൾ, ലൈംഗിക ന്യൂനപക്ഷങ്ങൾ, ഭിന്നശേഷി വിഭാഗങ്ങൾ, തദ്ദേശീയ ജനസമൂഹങ്ങൾ, പീഡിത ജാതികളിൽപ്പെട്ടവർ, ന്യൂനപക്ഷ സമൂഹങ്ങൾ എന്നിങ്ങനെ പൊതുവിൽ മുഖ്യധാരയാൽ അകറ്റി നിർത്തപ്പെടുന്ന എല്ലാ വിഭാഗങ്ങൾക്കും സജീവ പങ്കാളിത്തമുള്ള ഒരു സമൂഹമാണ് ഞങ്ങൾ വിഭാവനം ചെയ്യുന്നത്.

2019ൽ വികല്പസംഗം ആദ്യമായി അതിന്റെ ജനകീയ അവകാശപത്രിക പുറത്തുകൊണ്ടുവന്ന കാലം മുതൽ *([https://vikalpsangam.org/article/peoples-manifesto-for-a-just-equitable-and-sustainable-india-2019/](https://vikalpsangam.org/article/peoples-manifesto-for-a-just-equitable-and-sustainable-india-2019/))* മേല്പറഞ്ഞ വിവിധങ്ങളായ പ്രതിസന്ധികൾ കൂടുതൽ ഗുരുതരമായ രൂപം പ്രാപിക്കുകയുണ്ടായി. താരതമ്യേന സ്വയംഭരണ പ്രദേശങ്ങളായി നിലനിന്നിരുന്ന കാശ്മീർ, ലഡാക്ക്, ലക്ഷദ്വീപുകൾ, വടക്കുകിഴക്കൻ പ്രദേശങ്ങൾ തുടങ്ങിയ പലതും കൂടുതൽ കേന്ദ്രീകൃതമായ ഭരണത്തിൽ കൊണ്ടുവരുന്ന നടപടികൾ സ്വീകരിക്കപ്പെട്ടത് അതിനു ഉദാഹരണമാണ്. പാരിസ്ഥിതിക രംഗത്തു കൂടുതൽ ഗുരുതരമായ സംഭവവികാസങ്ങളുടെ (ഉദാഹരണത്തിന് ജോഷിമഠിലെ കുന്നുകളുടെ തകർച്ച, കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട വർദ്ധമാനമായ ആപൽ സംഭവങ്ങൾ എന്നിവയൊക്കെ) ആവിർഭാവം മറ്റൊരു ഉദാഹരണമാണ്. അതേപോലെ മണിപ്പൂർ പോലുള്ള പ്രദേശങ്ങളിൽ ഉയർന്നുവന്ന മതപരവും വംശീയവുമായ സംഘർഷങ്ങളും ബിൽക്കിസ് ബാനു കേസ് അടക്കമുള്ള സംഭവങ്ങളിൽ കാണപ്പെട്ട പോലെ ലൈംഗിക അതിക്രമങ്ങളെപ്പോലും ന്യായീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ഭരണകൂട സ്ഥാപനങ്ങളുടെ സമീപനവും എല്ലാം രൂക്ഷമായിക്കൊണ്ടിരിക്കുന്ന പ്രതിസന്ധിയെയാണ് കാണിച്ചു തരുന്നത്.

അത്തരത്തിൽ ഇന്ത്യ ഇന്ന് അഭിമുഖീകരിക്കുന്ന ബഹുമുഖമായ പ്രതിസന്ധികളെ നേരിടാനായി ഇങ്ങനെയൊരു പ്രതിജ്ഞ -- അത് ഇന്ത്യൻ ഭരണഘടനയോടും അർത്ഥപൂർണവും അന്തസ്സാർന്നതുമായ ജനാധിപത്യ പ്രക്രിയയോടുമുള്ള ആഭിമുഖ്യത്തിന്റെ പ്രഖ്യാപനം കൂടിയാണ് -- ആസൂത്രണ സംവിധാനം അടക്കമുള്ള നമ്മുടെ എല്ലാ ഭരണനടപടികളുടെയും തീരുമാനങ്ങളുടെയും കേന്ദ്രലക്ഷ്യമായി മാറേണ്ടതുണ്ട്. സമൂഹത്തിന്റെ എല്ലാ മേഖലകളിലും രാജ്യത്തിൻറെ വിവിധ പ്രദേശങ്ങളിലും അടിയന്തിരവും ദീർഘകാലികവുമായ പല സുപ്രധാന നടപടികളും അതു ആവശ്യപ്പെടുന്നുണ്ട്.

നയപരവും ആസൂത്രണപരവുമായ രംഗങ്ങളിൽ പൊതുവിൽ ഞങ്ങൾ താഴെപ്പറയുന്ന തരത്തിലുള്ള നടപടികളാണ് ആവശ്യപ്പെടുന്നത്. മാനിഫെസ്റ്റോയുടെ രണ്ടും മൂന്നും ഭാഗങ്ങളിൽ അവ വിശദമായി ചർച്ച ചെയ്യുന്നു. നാലാം ഭാഗത്തു യുവജനങ്ങളെ സംബന്ധിച്ച പ്രത്യേക വിഷയങ്ങൾ ചർച്ചയ്ക്കു വിധേയമാക്കുന്നു.

വികല്പസംഗവുമായി ബന്ധപ്പെടാൻ:

കെ ജെ ജോയ് joykjjoy2@gmail.com

സൃഷ്ടി ബാജ്പേയ് shrishtee.bajpai@gmail.com

യഷ് മർവാ yash@letindiabreathe.org

അസ്മി ശർമ asmixsharma@gmail.com

## ഭാഗം 2: പ്രവർത്തനങ്ങളുടെ രൂപരേഖയും ചുരുക്ക വിവരണവും

ഇന്ത്യയുടെ സമ്പദ്ഘടന, സമൂഹം, രാഷ്ട്രീയം, സംസ്കാരം, പരിസ്ഥിതി തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ, അതുമായി ബന്ധപ്പെട്ട നയങ്ങൾ, പദ്ധതികൾ എന്നിവയിൽ അടിസ്ഥാനപരമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനു താഴെ പറയുന്ന നടപടികൾ എടുക്കേണ്ടത് അനിവാര്യമാണ്.

1. സർക്കാരിന്റെ എല്ലാ പരിപാടികളിലും നയങ്ങളിലും മാത്രമല്ല ബജറ്റ് വിഹിതം അനുവദിക്കുന്നതിലും സമൂഹത്തിലെ ഏറ്റവും ദുർബല വിഭാഗങ്ങൾക്കു ഏറ്റവും ഉയർന്ന മുൻഗണന നൽകുക. ജാതി, ലിംഗം, ലൈംഗിക താല്പര്യങ്ങൾ, വർഗം, ഗോത്രം, വിശ്വാസം / മതം, 'വംശീയത', പ്രത്യേക കഴിവുകൾ/ ഭിന്ന ശേഷികൾ, സാക്ഷരതയുടെ അഭാവം, ഭൂമിശാസ്ത്രപരമായ സവിശേഷതകൾ തുടങ്ങിയ വിവിധ കാരണങ്ങളാൽ വിവേചനം അനുഭവിക്കുന്നവർ അടക്കമുള്ള വിഭാഗങ്ങൾക്കു ഇങ്ങനെ വിഭവങ്ങളിൽ മുൻഗണന ലഭ്യമാക്കണം. അത്തരം പരിഗണനകൾ ദുർബല വിഭാഗങ്ങൾക്കു സ്വകാര്യ/ കോർപ്പറേറ്റ് മേഖലയിലും ലഭ്യമാക്കാൻ സർക്കാർ നടപടികൾ സ്വീകരിക്കണം.

പൊതുസമൂഹ നടപടികളുടെ ഫല സൂചകം: അവ ദുർബലരെ സഹായിക്കുന്നുവോ, വിവേചനം കുറയ്ക്കാൻ അവ സഹായകമാണോ?

2. ഇന്ത്യൻ സമൂഹം നേരിടുന്ന കടുത്ത സാമ്പത്തിക അസമത്വം നേരിടാനുള്ള ശക്തമായ നടപടികൾ. ഉയർന്ന ശമ്പളത്തിനു പരിധി നിശ്ചയിക്കൽ; ഉയർന്നതും താണതുമായ ശമ്പള പരിധികൾക്കിടയിലെ വ്യത്യാസം കാര്യമായി കുറച്ചു കൊണ്ടുവരൽ; സമ്പന്നരുടെ വരുമാനം, സമ്പത്ത്, ആർജിത സ്വത്ത് എന്നിവയിൽ ഉയർന്ന നികുതി ചുമത്തൽ; ദുർബല വിഭാഗങ്ങൾക്കു അടിസ്ഥാന വരുമാനവും തൊഴിലും ഉറപ്പാക്കൽ; പ്രാഥമിക മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാവർക്കും പെൻഷൻ ഉറപ്പാക്കൽ; രാജ്യത്തിന്റെ വരുമാനം അതു ഏറ്റവും അർഹിക്കുന്ന വിഭാഗങ്ങളിൽ നിന്നും തട്ടിയെടുക്കുന്ന സംവിധാനമായ കള്ളപ്പണത്തിനു ശക്തമായ തടയിടൽ തുടങ്ങിയ നടപടികൾ അതിൽ അനിവാര്യമാണ്.

പൊതുസമൂഹ ഫല സൂചകം: അവ സാമ്പത്തിക അസമത്വം കുറയ്ക്കുന്നുവോ, നിലവിൽ പാർശ്വവത്കൃതരായ വിഭാഗങ്ങൾക്ക് അതു സാമ്പത്തിക ശാക്തീകരണം ഉറപ്പാക്കുന്നുവോ?

3. വിശ്വാസം, ഗോത്രം, ഭാഷ, സംസ്കാരം എന്നിവയുടെയെല്ലാം അടിസ്ഥാനത്തിൽ വ്യത്യസ്തത കാണിക്കുന്ന ജനവിഭാഗങ്ങൾക്കിടയിൽ ഒത്തൊരുമയും ഐക്യവും അവരുടെ ഭിന്നതകളും സവിശേഷതകളും

സംരക്ഷിച്ച കൊണ്ടുതന്നെ ഉറപ്പാക്കണം. അതിനായി സ്കൂൾ തലം മുതൽ നടപടികൾ ആസൂത്രണം ചെയ്യണം. വ്യത്യസ്ത സമൂഹങ്ങൾക്കിടയിൽ വ്യാജങ്ങളും വെറുപ്പും പ്രചരിപ്പിച്ച ശത്രുത വർധിപ്പിക്കുന്നവർക്കെതിരെ ശക്തമായ നടപടികൾ എടുക്കണം.

പൊതുസമൂഹ നടപടികളുടെ ഫല സൂചകം: അവ സാമൂഹിക ഐക്യം സാധിക്കുന്നുവോ, അവ സമൂഹത്തിൽ സംഘർഷങ്ങളും തെറ്റിദ്ധാരണകളും വ്യാജപ്രചാരണവും കുറയ്ക്കാൻ സഹായിക്കുന്നുവോ?

4. ഗ്രാമസഭകൾക്കും നഗരങ്ങളിൽ മുഹല്ല സഭകൾക്കും കൂടുതൽ അധികാരങ്ങൾ നൽകിക്കൊണ്ട് അധികാര വികേന്ദ്രീകരണം കൂടുതൽ ശക്തിപ്പെടുത്തണം. ഭരണഘടനയിലും ബന്ധപ്പെട്ട നിയമങ്ങളിലും ഇന്ന് വിഭാവനം ചെയ്യുന്നതിനുമപ്പുറം കൂടുതൽ സാമ്പത്തികവും നിയമപരവുമായ അധികാരങ്ങൾ തൃണമൂല തലത്തിലുള്ള ജനകീയ സമിതികൾക്കു നൽകണം. അതാതു പ്രദേശങ്ങളിലെ എല്ലാ പ്രവർത്തനങ്ങൾക്കും ബന്ധപ്പെട്ട സഭകളുടെ അറിവും സമ്മതവും ഒരു മുന്നുപാധിയായി നിജപ്പെടുത്തണം. നദീതടങ്ങൾ, ഉപനദീ തടങ്ങൾ തുടങ്ങിയ ഭൂദൃശതലങ്ങളിൽ തീരുമാനങ്ങൾ എടുക്കുവാൻ കഴിയുന്ന സമിതികൾക്ക് രൂപം കൊടുക്കണം. അത്തരം തീരുമാനങ്ങളിൽ യുവജനങ്ങൾ, സ്ത്രീകൾ. ലൈംഗിക ന്യൂനപക്ഷങ്ങൾ, ഭിന്നശേഷി വിഭാഗങ്ങൾ, മറ്റു ദുർബല-പാർശ്വവത്കൃത വിഭാഗങ്ങൾ എന്നിവരുടെ പൂർണ അറിവോടെയും ബോധ്യത്തോടെയുമുള്ള പങ്കാളിത്തം ഉറപ്പുവരുത്തണം. അതിനായി അവർക്കാവശ്യമായ പിന്തുണ നൽകുകയും മറ്റുള്ളവർ അവരെ "പ്രതിനിധീകരിക്കുന്ന" പ്രവണത ഒഴിവാക്കുകയും വേണം.

പൊതുസമൂഹ നടപടികളുടെ ഫല സൂചകം: അത് എല്ലാ വിഭാഗം ജനങ്ങളുടെയും -- പ്രത്യേകിച്ചും നിലവിൽ പാർശ്വവത്കൃതമായ വിഭാഗങ്ങളുടെ -- പ്രാതിനിധ്യം ഉറപ്പാക്കുന്നുണ്ടോ?

5. ഭരണകൂടത്തിന്റെ ഭാഗമായ എല്ലാ സ്ഥാപനങ്ങളുടെയും രാഷ്ട്രീയ പാർട്ടികളുടെയും കോർപ്പറേറ്റുകളുടെയും സാമ്പത്തിക സ്ഥാപനങ്ങളുടെയും മാധ്യമ സ്ഥാപനങ്ങളുടെയും മറ്റും ഉത്തരവാദിത്വവും അവയുടെ സുതാര്യതയും ഉറപ്പുവരുത്തുന്ന ഒരു സമ്പൂർണ നയവും അതുമായി ബന്ധപ്പെട്ട നിയമനിർമാണവും നടപ്പിലാക്കണം; ജനാധിപത്യപരമായ പ്രതിഷേധങ്ങളെ അടിച്ചമർത്താൻ ഭരണകൂടത്തിനും അത്തരം നയങ്ങൾ നടപ്പിലാക്കാൻ പോലീസിനും സൈന്യത്തിനും അമിതാധികാരങ്ങൾ നൽകുന്ന നിയമങ്ങൾ പൂർണമായും പിൻവലിക്കണം.

പൊതുസമൂഹ നടപടികളുടെ ഫല സൂചകം: അത് ജനസമൂഹത്തിനു മുന്നിൽ സുതാര്യത ഉറപ്പുവരുത്തുന്നുവോ, അതു ഉത്തരവാദിത്വബോധം വർദ്ധിപ്പിക്കുന്നുവോ; അത് ഭരണകൂടത്തിന്റെ അമിതാധികാര പ്രവണതകളെ നിയന്ത്രിക്കുന്നുവോ?

6. ജീവനോപാധികളുടെ കാര്യത്തിൽ പരമ്പരാഗതവും ആധുനികവുമായ വിജ്ഞാന സമ്പത്തു പൂർണമായും പ്രയോഗിച്ച കൊണ്ടുള്ള വമ്പിച്ച ഒരു മുന്നേറ്റം നടപ്പിലാക്കണം. കൃഷി (അതിൽ വിളകളുടെ ഉല്പാദനം, കന്നുകാലി വളർത്തൽ, മൽസ്യബന്ധനം, വനവിഭവ സമാഹരണം എന്നിവയൊക്കെ ഉൾപ്പെടുന്നു), കൈത്തൊഴിൽ എന്നീ രണ്ടു സുപ്രധാന മേഖലകൾക്കു അത്തരം പദ്ധതികളിലും അതിനായി മാറ്റിവെക്കുന്ന ധനവിഭവങ്ങളിലും പരമ പ്രാധാന്യം നൽകണം. സൂക്ഷ്മതല, ചെറുകിട, മധ്യനിര ഉല്പാദനമേഖലകളിൽ സാധിക്കാവുന്ന എല്ലാ വിഭവങ്ങളുടെയും സേവനങ്ങളുടെയും ഉത്പാദനവും വിതരണവും പ്രാദേശികവും സമൂഹാധിഷ്ഠിതവും വികേന്ദ്രീകൃതവുമായ സംവിധാനങ്ങൾക്കു വേണ്ടി സംവരണം ചെയ്യണം. അതിനായി ജനാധിപത്യ രീതിയിൽ നടത്തപ്പെടുന്ന ഉല്പാദക സഹകരണ സംഘങ്ങളെ (സഹകരണ സ്ഥാപനങ്ങൾ, കമ്പനികൾ, യൂണിയനുകൾ എന്നിവ വഴി) പ്രോത്സാഹിപ്പിക്കണം.

പൊതുസമൂഹ നടപടികളുടെ ഫല സൂചകം: ദുർബലരും പാർശ്വവൽകൃതരുമായ വിഭാഗങ്ങളുടെ ഉപജീവന മാർഗങ്ങൾ അതു മെച്ചപ്പെടുത്തുകയും വർധിപ്പിക്കുകയും ചെയ്യുന്നുണ്ടോ? അന്തസ്സായി ചെയ്യുന്ന എല്ലാ തൊഴിലുകളുടെയും ബഹുമാന്യത അത് ഉറപ്പാക്കുന്നുണ്ടോ?

7. രാജ്യത്തിന്റെ കാർഷിക-പാരിസ്ഥിതിക, സാമൂഹിക-സാംസ്കാരിക വൈവിധ്യങ്ങളെയും ആവാസവ്യവസ്ഥകളെയും കണക്കിലെടുക്കുകയും പൊതുവിഭവങ്ങളെ സംരക്ഷിക്കുകയും ചെയ്യുന്ന ഒരു ദേശീയ ഭൂമി-ജല വിനിയോഗ നയവും പദ്ധതിയും രൂപവല്കരിക്കണം. എല്ലാ പരിസ്ഥിതി പ്രധാനമായ സംവിധാനങ്ങളുടെയും സംരക്ഷണവും എല്ലാ ജീവജാലങ്ങളുടെയും (മനുഷ്യേതര ജീവജാലങ്ങളുടെ ഉൾപ്പെടെ) പാരിസ്ഥിതികമായ പ്രവർത്തനങ്ങളും ഉറപ്പാക്കണം. അവയിൽ ഉൾപ്പെടുന്ന ജന്തുജാലങ്ങൾ, ജൈവവൈവിധ്യം എന്നിവയെല്ലാം സംരക്ഷിക്കപ്പെടണം. ഭൂമി/മണ്ണ് , ജലം എന്നിവയുടെ പുനരുജ്ജീവനം ലക്ഷ്യമാക്കിയുള്ള ദേശീയാടിസ്ഥാനത്തിലുള്ള പദ്ധതിക്കു രൂപം കൊടുക്കുകയും അതിൽ പ്രാദേശിക സമ്പദ്ഘടനകൾക്കു വേണ്ടി സ്ഥായിയായ പ്രകൃതിവിഭവ സമ്പത്തു നിർമിക്കാനുള്ള സൗകര്യങ്ങളും ഉറപ്പാക്കണം. അത് വനാവകാശ നിയമത്തിൽ ഉറപ്പുവരുത്തിയ പോലെ, പ്രാദേശിക സമൂഹങ്ങളെ ശാക്തീകരിക്കുകയും അവയുടെ അവകാശങ്ങൾ അംഗീകരിക്കുകയും ചെയ്യുന്ന തരത്തിലുള്ള നിയമസംവിധാനങ്ങൾ വഴിയാവണം; മാത്രമല്ല, പാരിസ്ഥിതിക സംവിധാനങ്ങളുടെയും ജീവിവർഗങ്ങളുടെയും ഭരണഘടനാപരമായ അവകാശങ്ങളും നിയമത്തിൽ സംരക്ഷിക്കപ്പെടണം.

പൊതുസമൂഹ നടപടികളുടെ ഫല സൂചകം: അതു സ്വാഭാവിക പാരിസ്ഥിതിക സംവിധാനങ്ങളെയും അവയുടെ സുസ്ഥിരതയെയും നിലനില്പിനെയും സംരക്ഷിക്കുന്നുണ്ടോ?

8. പ്രാദേശികതലം മുതൽ ദേശീയതലം വരെ നടക്കുന്ന എല്ലാ സാമ്പത്തിക പദ്ധതികളുടെ ആസൂത്രണവും പാരിസ്ഥിതിക ഘടകങ്ങളെയും പരിമിതികളെയും കണക്കിലെടുക്കുന്നു എന്ന ഉറപ്പു വരുത്തുന്ന ഒരു പൊതു നയവും അതിന്റെ ഭാഗമായ നിയമസംവിധാനങ്ങളും അംഗീകരിക്കപ്പെടണം. അതിനായി സ്വതന്ത്രവും എല്ലാ ജനവിഭാഗങ്ങൾക്കും പ്രാതിനിധ്യം നൽകുന്നതും സമ്പൂർണവുമായ നിലയിൽ നടത്തപ്പെടുന്ന പാരിസ്ഥിതിക ആഘാത പഠനങ്ങൾ ഓരോ പദ്ധതിക്കും പരിപാടിക്കും ഓരോ മേഖലക്കും പ്രത്യേകമായി തന്നെ ഉറപ്പു വരുത്തണം. അതേപോലെ മനുഷ്യർക്കും മറ്റു ജീവികൾക്കും ആരോഗ്യപരമായും മറ്റു തരത്തിലും അപകടകരമായ രാസവസ്തുക്കളും മറ്റു വിഷമയ ഘടകങ്ങളും കൃഷിയിലും മറ്റു ആവശ്യങ്ങൾക്കും ഉപയോഗിക്കുന്നതു ഒഴിവാക്കുകയും പകരം പരിസ്ഥിതി സൗഹൃദപരമായ വസ്തുക്കൾ ഉപയോഗിക്കുന്നതിനു പ്രോത്സാഹനം നൽകുകയും വേണം.

പൊതുസമൂഹ നടപടികളുടെ ഫല സൂചകം: ജനങ്ങൾക്കും മറ്റു ജീവിവർഗങ്ങൾക്കും അവയുടെ നിലനില്പിനു സുപ്രധാനമായ സ്വാഭാവികവും പ്രകൃതി സൗഹൃദപരവുമായ അന്തരീക്ഷവും പാരിസ്ഥിതിക ആരോഗ്യവും നിലനിർത്താൻ അവ സഹായിക്കുന്നുണ്ടോ? എല്ലാവർക്കും ശ്വസിക്കാൻ ശുദ്ധവായുവും കുടിക്കാൻ ശുദ്ധജലവും അവരുടെ മാനസിക ആരോഗ്യത്തിന് ഇണങ്ങിയ സുരക്ഷിതമായ ഒരു അന്തരീക്ഷവും അവ ഉറപ്പു വരുത്തുന്നുണ്ടോ?

9. ആരോഗ്യം, ശുചിത്വം, പാർപ്പിടം, ജ്ഞാനസമ്പാദനവും വിദ്യാഭ്യാസവും, ജലം, ഭക്ഷണവും ഊർജവും, ജീവനോപാധികൾ തുടങ്ങിയ അടിസ്ഥാനാവശ്യങ്ങളിൽ സർക്കാർ പിന്തുണയ്ക്ക് മുൻഗണന നൽകുന്ന ക്ഷേമ പദ്ധതികൾ നടപ്പിലാക്കണം. നിലവിൽ നൽകുന്നതിനേക്കാൾ ഉയർന്ന വിഭവവിഹിതം അവയ്ക്കു വേണ്ടി ബജറ്റുകളിൽ ഉറപ്പാക്കണം. ഭക്ഷ്യ വിഭവങ്ങളുടെ ഉല്പാദനം കാർഷിക പ്രധാനവും പാരിസ്ഥിതിക സുസ്ഥിരവുമായ മേഖലയിൽ പൂർണമായും സുരക്ഷിതമായ രീതിയിൽ സംഘടിപ്പിക്കുകയും അത്തരം പ്രവർത്തനങ്ങളിൽ ചെറുകിട കർഷകർ, ഇടയ സമൂഹം, മൽസ്യബന്ധകർ തുടങ്ങിയ ജനവിഭാഗങ്ങൾക്കും മറ്റു പ്രാദേശിക വിഭാഗങ്ങൾക്കും പരമാവധി പിന്തുണയും പ്രാതിനിധ്യവും നൽകുകയും വേണം. ഭൂമി, വിത്ത്, ജലം, വിജ്ഞാനം തുടങ്ങിയ സമൂഹത്തിന്റെ പൊതുവിഭവങ്ങളിലുള്ള അവരുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടണം. 2030നകം രാജ്യത്തെ ഊർജോല്പാദനത്തിൽ വലിയ

പങ്കം വികേന്ദ്രീകൃത പുനരുല്പാദന മാർഗങ്ങളിലൂടെയാണ് നടക്കുന്നത് എന്ന് ഉറപ്പു വരുത്തുക. ഊർജോപഭോഗം ഏറ്റവും അവശ്യമായ കാര്യങ്ങൾക്കു വേണ്ടി മാത്രമായി പരിമിതപ്പെടുത്തുന്നതിനും അതിന്റെ ഉപയോഗം പാരിസ്ഥിതിക പരിധികൾക്കുള്ളിൽ ഒതുക്കി നിർത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുക. കാലാവസ്ഥാ പ്രതിസന്ധിയും മറ്റു പ്രകൃതി ദുരന്തങ്ങളും നേരിടുന്നതിനും അതനുസരിച്ച ജീവിതം കെട്ടിപ്പടുക്കുന്നതിനും ഏറ്റവും പാർശ്വവല്കൃത ജനങ്ങളെ സഹായിക്കുന്നതിനുള്ള നടപടികൾ ആവിഷ്കരിക്കുക. ജലവിഭവങ്ങളുടെ പുനരുജ്ജീവനത്തിനും സംരക്ഷണത്തിനും ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുകയും അവയുടെ ഉപഭോഗ നയം ഏറ്റവും അനിവാര്യമായ ജൈവാവശ്യങ്ങൾക്കു മുൻഗണന നൽകി ആവിഷ്കരിക്കുകയും ചെയ്യുക.

പൊതുസമൂഹ നടപടികളുടെ ഫല സൂചകം: അടിസ്ഥാനാവശ്യങ്ങൾക്കുള്ള വിഭവങ്ങൾ പരിമിതമായ / താങ്ങാനാവുന്ന ചെലവിൽ സുരക്ഷിതമായും ഉറപ്പായും സാധാരണ ജനങ്ങൾക്കു അവ ലഭ്യമാക്കുന്നുണ്ടോ? നിലവിൽ പാർശ്വവത്കൃതരായ സമൂഹങ്ങൾക്ക് പാരിസ്ഥിതികമായി സ്ഥായിയും അവരുടെ സാമൂഹിക-ജനാധിപത്യ അവകാശങ്ങൾ ഉറപ്പുവരുത്തിയും ലഭ്യമാക്കാൻ അവ സഹായിക്കുന്നുണ്ടോ?

10. നഗരങ്ങളിലെയും ഗ്രാമങ്ങളിലെയും ജനവാസ സ്ഥലങ്ങൾ അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ പരമാവധി അന്തസ്സുള്ളതും ജനജീവിതത്തിനു സൗകര്യപ്രദവും സ്ഥായിയായ സംവിധാനങ്ങൾ ഉള്ളതും പരമാവധി സ്വയംപര്യാപ്തവുമായി മാറ്റാനുമുള്ള നടപടികൾ സ്വീകരിക്കുക. ഭൂമി, പാർപ്പിടം, മറ്റു സൗകര്യങ്ങൾ എന്നിവയുടെ കാര്യത്തിൽ ദുർബല വിഭാഗങ്ങൾക്ക് അവ ലഭ്യമാക്കാനുള്ള അവകാശങ്ങൾ ഉറപ്പാക്കുക. യാത്രകൾക്കു പൊതുവാഹന സംവിധാനത്തിനും മോട്ടോറിതര സംവിധാനങ്ങൾക്കും പരമാവധി പ്രാമുഖ്യം നൽകുക.

പൊതുസമൂഹ നടപടികളുടെ ഫല സൂചകം: എല്ലാ വിഭാഗം ജനങ്ങൾക്കും --വിശേഷിച്ച പാർശ്വവത്കൃത ജനവിഭാഗങ്ങൾക്ക് -- കൂടുതൽ മെച്ചപ്പെട്ടതും സ്ഥായിയുമായ ജീവിത സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനു അവ സഹായകമാണോ?

11. എല്ലാവിധ ജ്ഞാനസമ്പാദന രീതികളും വിദ്യാഭ്യാസവും പ്രവർത്തനോന്മുഖവും സന്തോഷദായകവും സാംസ്കാരിക-പാരിസ്ഥിതിക അടിസ്ഥാനങ്ങളിൽ ഉറപ്പിച്ചതും (വിജ്ഞാന സമ്പാദനം മാതൃഭാഷയിൽ നൽകുന്നതിന് പ്രാമുഖ്യം നൽകുന്നതും) പഠിതാക്കൾക്കു നീതിയുടെയും ഉത്തരവാദിത്വ ബോധത്തിന്റെയും മൂല്യങ്ങൾ പകർന്നു നൽകുന്നതും സ്വയംപഠനം, വിമർശനാത്മക ചിന്തകൾ, അന്വേഷണത്വര, ആത്മബോധം എന്നിവയുടെ ഉദ്ദീപനം, സാംസ്കാരിക വൈവിധ്യം, പാരിസ്ഥിതികമായ നിലനില്പ് എന്നിവ വികസിപ്പിക്കുന്നതിനു സഹായകവും ആയിരിക്കണം. അതിനായി വിദ്യാഭ്യാസ അവകാശ നിയമത്തിൽ ആവശ്യമായ മാറ്റങ്ങൾ കൊണ്ടുവരികയും കുട്ടികൾക്കും മുതിർന്നവർക്കുമായി സമൂഹാധിഷ്ഠിതമായ പഠനപദ്ധതികൾ ആവിഷ്കരിക്കുകയും വേണം. പാർശ്വവത്കൃത വിഭാഗങ്ങൾക്കു വേണ്ടിയും അവരുടെ ആവശ്യങ്ങൾക്ക് ഉതകുന്നതുമായ നിലയിൽ കരിക്കുലം എല്ലാ തലങ്ങളിലും പ്രത്യേകമായി ആവിഷ്കരിക്കണം. പ്രത്യേകാവശ്യങ്ങൾ ഉള്ള വിഭാഗങ്ങൾ അടക്കം എല്ലാവർക്കും വിദ്യാഭ്യാസം പൂർണമായും സൗജന്യമായി ലഭ്യമാകണം. അതിനായി ബദൽ സംവേദന മാർഗങ്ങൾ പരീക്ഷിക്കുകയും നടപ്പാക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. വിദ്യാഭ്യാസത്തിനു ചുരുങ്ങിയത് മൊത്തം ദേശീയ വരുമാനത്തിന്റെ (ജിഡിപി) 6 % ചെലവഴിക്കണം.

പൊതുസമൂഹ നടപടികളുടെ ഫല സൂചകം: ഗ്രാമ-നഗര പ്രദേശങ്ങളിലെ എല്ലാ വിഭാഗം ജനങ്ങൾക്കും -- പ്രത്യേകിച്ച നിലവിൽ പാർശ്വവത്കൃത വിഭാഗങ്ങൾക്ക് -- സമ്പൂർണമായ ജ്ഞാനസമ്പാദന സൗകര്യങ്ങൾ അതുവഴി ലഭ്യമാകുന്നുണ്ടോ?

12. നവീകരണം, സാങ്കേതികവിദ്യ, വിജ്ഞാനം എന്നിവയെ സംബന്ധിച്ച് ഒരു സമഗ്ര ദേശീയനയവും അതനുസരിച്ചുള്ള വിവിധ പരിപാടികളും ആവിഷ്കരിക്കണം. പൊതുവായതും അനൗപചാരികവുമായ തലങ്ങളിലുള്ള നവീകരണം പ്രോത്സാഹിപ്പിക്കലും അതിനു പിന്തുണ നൽകലും, 'സാധാരണജന'ങ്ങളുടെ ക്രിയാത്മക ശേഷി അംഗീകരിക്കൽ, പൊതുമണ്ഡലത്തിൽ ലഭ്യമായതും പൊതുവായി ഉപയോഗിക്കാവുന്നതുമായ നിലയിൽ വിജ്ഞാനവും വിവരങ്ങളും സ്വതന്ത്ര മാധ്യമങ്ങളിലൂടെ അടക്കം പരമാവധി എളുപ്പത്തിലും വേഗത്തിലും ലഭ്യമാക്കൽ; പരമ്പരാഗത അറിവുകൾ അടക്കമുള്ള വിജ്ഞാനധാരകളുടെയും സങ്കേതങ്ങളുടെയും വൈവിധ്യം അംഗീകരിക്കലും അവയെ ബഹുമാനിക്കലും; നീതി, പൊതുവായ നിലയിലുള്ള ലഭ്യത, സ്ഥായിത്വം എന്നിവയുടെ അടിസ്ഥാനത്തിൽ അവ എത്രമാത്രം ഉത്തരവാദിത്വപൂർണമാണ് എന്നതിന്റെ അടിസ്ഥാനത്തിൽ എല്ലാവിധ സാങ്കേതിക വികാസങ്ങളും പൊതുസമൂഹ പരിശോധയ്ക്കു വിധേയമാക്കൽ തുടങ്ങിയ ഘടകങ്ങൾ ദേശീയ നയത്തിന്റെ ഭാഗമായിരിക്കണം.

പൊതുസമൂഹ നടപടികളുടെ ഫല സൂചകം: വിജ്ഞാനവും സാങ്കേതികവിദ്യയും കൂടുതൽ ജനാധിപത്യവത്കരിക്കാനും അവ കൂടുതൽ ജനകീയമാക്കാനും അവ പ്രയോജനപ്പെടുന്നുണ്ടോ?

13. ആരോഗ്യകരമായ ജീവിതവും ആരോഗ്യ സേവനങ്ങളും പൊതുമേഖലയിൽ എല്ലാവർക്കും -- പ്രത്യേകിച്ചും ദുർബല വിഭാഗങ്ങൾക്ക് -- ലഭ്യമാക്കാൻ ആവശ്യമായ ഒരു സമ്പൂർണ നയവും ബന്ധപ്പെട്ട പദ്ധതികളും രൂപവൽക്കരിക്കുക. വ്യത്യസ്ത ആരോഗ്യരക്ഷാ സംവിധാനങ്ങളുടെ സംയോജിത പ്രയോഗം, ആരോഗ്യത്തെ നിർണയിക്കുന്ന മറ്റു ഘടകങ്ങളുമായി (ഭക്ഷണം, സാമൂഹിക - മാനസിക - ശാരീരിക അന്തരീക്ഷം) ആരോഗ്യ സേവനങ്ങളെ ബന്ധിപ്പിക്കൽ, ആരോഗ്യ സേവനങ്ങളുടെ സാമൂഹിക നിയന്ത്രണവും മേൽനോട്ടവും, ആരോഗ്യസേവനങ്ങൾ എല്ലാവരിലും എത്തിക്കാനായി ജിഡിപിയുടെ ചുരുങ്ങിയത് 3 % അതിനായി മാറ്റിവെക്കൽ തുടങ്ങിയവ നയത്തിന്റെ ഭാഗമായിരിക്കണം.

പൊതുസമൂഹ നടപടികളുടെ ഫല സൂചകം: എല്ലാവർക്കും മെച്ചപ്പെട്ട ആരോഗ്യത്തിനുള്ള സൗകര്യങ്ങൾ അതുവഴി ലഭിക്കുന്നുണ്ടോ? പ്രത്യേകിച്ചും നിലവിൽ ആരോഗ്യസേവനങ്ങളും ആരോഗ്യപ്രദമായ ജീവിതാന്തരീക്ഷവും നിഷേധിക്കപ്പെട്ട ദുർബല വിഭാഗങ്ങൾക്ക്?

14. എല്ലാ കലാരൂപങ്ങളുടെയും (ദൃശ്യപരവും നാട്യപരവും) ജനാധിപത്യപരമായ പരിപോഷണത്തിനു പ്രോത്സാഹനം നൽകാനുള്ള നടപടികൾ സ്വീകരിക്കുകയും അത്തരം കലാരൂപങ്ങളിൽ പലപ്പോഴും അന്തർലീനമായി കാണപ്പെടുന്ന ജാതീയവും വർഗ്ഗപരവും ലിംഗപരവുമായ വിവേചനങ്ങളെ കണ്ടെത്തി ദൂരീകരിക്കുകയും കലാരൂപങ്ങളുടെ പ്രോത്സാഹനത്തിനായുള്ള പൊതുസ്ഥാപനങ്ങൾ സ്വതന്ത്രസ്ഥാപനങ്ങൾ ആയി പരിവർത്തനപ്പെടുത്തുകയും വേണം.

പൊതുസമൂഹ നടപടികളുടെ ഫല സൂചകം: എല്ലാവർക്കും ലഭ്യമാകുന്ന തരത്തിൽ കലാരൂപങ്ങളുടെ വികസനത്തെ അവ സഹായിക്കുന്നുണ്ടോ?

15. മനുഷ്യാവകാശങ്ങൾ, സമാധാനം, നിസ്സൈനീകരണം, പാരിസ്ഥിതിക വിവേകം എന്നിവയുടെ പ്രമുഖ വക്താവ് എന്ന നിലയിലുള്ള ഇന്ത്യയുടെ ആഗോള സ്ഥാനം തിരിച്ചുപിടിക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിക്കുക. അതിന്റെ ഭാഗമായി ഐക്യരാഷ്ട്രസഭയ്ക്ക് പുതുജീവൻ നൽകാനും ആഗോളതലത്തിലെ തീരുമാനങ്ങളിൽ ജനങ്ങളുടെ ജനാധിപത്യപരമായ പങ്കാളിത്തം ഉറപ്പാക്കാനും വാണിജ്യ സാമ്പത്തിക ഉടമ്പടികൾ മനുഷ്യാവകാശങ്ങൾക്കും പാരിസ്ഥിതിക ഉടമ്പടികൾക്കും കീഴ്പ്പെട്ടിരിക്കണം എന്നു വാദിക്കുകയും അത്തരം നീക്കങ്ങൾക്ക് പിന്തുണ നൽകുകയും ചെയ്യണം.

പൊതുസമൂഹ നടപടികളുടെ ഫല സൂചകം: ആഗോള സമാധാനം, സഹവർത്തിത്വം, നീതി എന്നിവയെ അതു പ്രോത്സാഹിപ്പിക്കുന്നുവോ? ആഗോള തീരുമാനങ്ങളിൽ ജനങ്ങളുടെയും സമൂഹങ്ങളുടെയും ശബ്ദം ഉയർത്താൻ അതു സഹായിക്കുന്നുവോ?

16. മുകളിൽ പറഞ്ഞ എല്ലാ കാര്യങ്ങളിലും ഇന്ത്യയിലെ യുവജനങ്ങൾ, ഭിന്നശേഷി വിഭാഗങ്ങൾ, മുതിർന്ന പൗരന്മാർ, സ്ത്രീകൾ, ലൈംഗിക ന്യൂനപക്ഷങ്ങൾ, ദളിതർ, ആദിവാസികൾ, മറ്റു ദുർബല-പാർശ്വവത്കൃത വിഭാഗങ്ങൾ എന്നിവരുടെ ശാക്തീകരണവും പങ്കാളിത്തവും ഉറപ്പിക്കുകയും നിലവിലെയും ഭാവിയിലെയും കാര്യങ്ങൾ തീരുമാനിക്കുന്നതിൽ അവരുടെ ശബ്ദങ്ങളും ഉയരുകയും ശ്രദ്ധിക്കപ്പെടുകയും ചെയ്യുന്നു എന്ന് ഉറപ്പു വരുത്തുകയും ചെയ്യുക. (യുവജനങ്ങളെപ്പറ്റിയുള്ള നാലാം ഭാഗം നോക്കുക).

പൊതുസമൂഹ നടപടികളുടെ ഫല സൂചകം: യുവജനങ്ങൾ, വനിതകൾ, പാർശ്വവൽകൃത ലൈംഗിക വിഭാഗങ്ങൾ, മറ്റു ദുർബല വിഭാഗങ്ങൾ തുടങ്ങിയവർക്കു കൂടുതൽ മെച്ചപ്പെട്ട നീതിയും സ്വയംനിർണയാകാശവും ഉറപ്പാക്കുന്നതിൽ അവ വിജയിക്കുന്നുണ്ടോ?

## ഭാഗം 3: മേഖല തിരിച്ചുള്ള വിശദമായ പരിപാടികൾ

സമൂഹം, സംസ്കാരം, സമാധാനം

മതപരവും വംശീയവുമായ സംഘർഷങ്ങളും അസഹിഷ്ണുതയും അപകടകരമായ നിലയിൽ ഇന്ത്യയിൽ വ്യാപിച്ചു വരികയാണ്. സാംസ്കാരിക വൈവിധ്യത്തിലും സഹവർത്തിത്വത്തിലും അധിഷ്ഠിതമായ ആയിരത്താണ്ടുകൾ നീണ്ട അതിന്റെ സംസ്കാരം ഗുരുതരമായ ഭീഷണികൾ നേരിടുകയുമാണ്. പാർശ്വവത്കൃത സമൂഹങ്ങളുടെ ശബ്ദം ശക്തിപ്പെടുന്നതിലും ലിംഗം, ജാതി, വംശീയത, മറ്റു ഘടകങ്ങൾ എന്നിവയുടെ പേരിലുള്ള അസമത്വവും വിവേചനങ്ങളും കുറയ്ക്കുന്നതിലും കഴിഞ്ഞ ഏതാനും ദശകങ്ങളിൽ വലിയ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും രാജ്യത്ത് അവയുടെ പേരിലുള്ള അക്രമങ്ങളും പക്ഷഭേദങ്ങളും ഇന്നും തുടരുകയാണ്. മുകളിൽ പറഞ്ഞ മത-വംശീയ സംഘർഷങ്ങളുമായി അവ പലതരത്തിൽ ബന്ധിക്കപ്പെടുന്നുമുണ്ട്. സഹവർത്തിത്വത്തിന്റെയും പരസ്പര ബഹുമാനത്തിന്റെയും സംസ്കാരത്തെ നിലനിർത്തുകയും പുനരുജ്ജീവിപ്പിക്കുകയും ചെയ്യുന്നതിനും വിവേചനവും അസമത്വങ്ങളും തുടച്ചുനീക്കുന്നതിനും പകരം ഭരണകൂടം അത്തരം നിഷേധാത്മക പ്രവണതകളെ പ്രോത്സാഹിപ്പിക്കുകയാണ്. ലൈംഗിക അതിക്രമങ്ങളിൽ ഏർപ്പെട്ടവരെ കുറ്റവിമുക്തരാക്കുകയും അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ചില നടപടികളും സമീപകാലത്തു സർക്കാരിൽ നിന്നുണ്ടായി. എന്നാൽ അതേസമയം, സംഭാഷണങ്ങൾ നടത്തുന്നതിനും സംഘർഷങ്ങൾ കുറയ്ക്കുന്നതിനും സഹവർത്തിത്വം ശക്തമാക്കുന്നതിനും ലക്ഷ്യമിട്ടുള്ള പല ജനകീയ മുന്നേറ്റങ്ങളും സമീപനാളുകളിൽ നടക്കുകയുണ്ടായി. പല സംസ്ഥാന സർക്കാരുകളും അത്തരം ശ്രമങ്ങൾക്കു പിന്തുണയും നൽകി. അതിൽ നിന്നും നമുക്ക് പല പാഠങ്ങളും പഠിക്കാനുണ്ട്. ഈ സാഹചര്യത്തിൽ പല മേഖലകളിലും അടിയന്തിര നടപടികൾ ആവശ്യമുണ്ട്. അവ താഴെ സൂചിപ്പിക്കുന്നു:

അസമത്വവും അസന്തുലിതാവസ്ഥയും ജാതി, ലിംഗം, ലൈംഗിക സ്വഭാവം, വർഗം, ഗോത്രം, വിശ്വാസം/മതം, 'വംശീയത', കഴിവ്/ ശാരീരിക ദുർബലതകൾ, സാക്ഷരത, ജീവിക്കുന്ന പ്രദേശം തുടങ്ങിയ വിവിധ കാരണങ്ങളാലുള്ള എല്ലാവിധ വിവേചനവും ഒഴിവാക്കുക; എല്ലാവർക്കും അന്തസ്സായുള്ള ജീവിതം ഉറപ്പാക്കാനായി പ്രത്യേക പദ്ധതികൾക്കു രൂപം കൊടുക്കുക; അതിനായി ഭരണഘടനയിൽ നിലവിൽ ഉള്ള വകുപ്പുകളും ബന്ധപ്പെട്ട നിയമങ്ങളും ശക്തമായി നടപ്പിലാക്കാനുള്ള നീക്കങ്ങളും അത്തരം നിയമങ്ങളെയും ഭരണഘടനാ വകുപ്പുകളെയും ദുരുപയോഗം ചെയ്യുന്ന തരത്തിൽ സമൂഹത്തിൽ ഇന്ന് പ്രത്യേകാവകാശങ്ങൾ അനുഭവിക്കുന്ന സ്ഥാപിത താല്പര്യങ്ങളിൽ നിന്നുള്ള നീക്കങ്ങളെ ചെറുക്കുക; സഹവർത്തിത്വം പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി വിവിധ സമുദായക്കാർ ഒന്നിച്ച് ആഘോഷിക്കുന്ന ഉത്സവങ്ങൾ പോലുള്ള പൊതു സാമൂഹിക പാരമ്പര്യങ്ങളെയും നടപടികളെയും പ്രോത്സാഹിപ്പിക്കുക;

വിവിധ ഭാഷക്കാരും സംസ്കാരക്കാരും വ്യത്യസ്ത ഗോത്രം, വിശ്വാസം/മതം, വിശ്വാസ-ചിന്താ പദ്ധതികൾ തുടങ്ങിയവ പിൻതുടരുന്നവരുമായ ജനങ്ങൾക്കിടയിൽ ഒത്തൊരുമയും പരസ്പര വിശ്വാസവും ഊട്ടിയുറപ്പിക്കുന്ന മുന്നേറ്റങ്ങൾക്കു (ഉദാഹരണത്തിനു വിവിധ വിശ്വാസങ്ങൾ പിന്തുടരുന്നവർ ഒന്നിച്ച് ആഘോഷിക്കുന്ന ഉത്സവങ്ങൾക്കും മറ്റും) പ്രോത്സാഹനം നൽകുക; വെറുപ്പും അസഹിഷ്ണുതയും വ്യാജങ്ങളും പ്രചരിപ്പിക്കുകയോ പ്രോത്സാഹിപ്പിക്കുകയോ ചെയ്യുന്നവർക്ക് എതിരെ ശക്തമായ അടിയന്തിര നടപടികൾ സ്വീകരിക്കുക;

വൈവിധ്യത്തെക്കുറിച്ചും ബഹുസ്വരതയെക്കുറിച്ചും ഉള്ള ബോധവല്കരണം ചെറുപ്പത്തിൽ തന്നെ ആരംഭിക്കുക; അതിനായി വ്യത്യ സ്ത സമുദായങ്ങൾ ഉൾപ്പെടുന്ന ഉത്സവങ്ങളും വിദ്യാലയങ്ങളിലും മറ്റുമുള്ള പൊതു പരിപാടികളും ആഘോഷങ്ങളും മറ്റും പ്രോത്സാഹിപ്പിക്കുക;

എല്ലവിധ സാമൂഹിക വിവേചനങ്ങൾക്കും എതിരെ സമഗ്രമായ ഒരു വിവേചന വിരുദ്ധ-തുല്യതാ നിയമം നടപ്പിലാക്കുകയും എല്ലാവർക്കും തുല്യമായ അവസരങ്ങളും വിവേചനത്തിൽ നിന്നുള്ള സംരക്ഷണവും ഉറപ്പാക്കുകയും ചെയ്യുക;

അന്യം നിന്നു നഷ്ടമായിക്കൊണ്ടിരിക്കുന്ന ഭാഷകളും പ്രാദേശിക ഭാഷാരൂപങ്ങളും സംരക്ഷിക്കുകയും (ആവശ്യമായ സന്ദർഭങ്ങളിൽ) പുനരുജ്ജീവിപ്പിക്കുകയും ചെയ്യുന്നതിനായി അത്തരം ഭാഷകൾ ഉപയോഗിക്കുന്നവരിൽ വ്യത്യസ്ത തലമുറകളെ അവ ഒന്നിച്ചിരുന്നു ഉപയോഗിക്കാനും പഠിപ്പിക്കാനും പരിശീലിപ്പിക്കുക; സ്കൂളുകളിലും മറ്റു വിദ്യാലയങ്ങളിലും പഠനം മാതൃഭാഷയിലായിരിക്കണം എന്ന് നിശ്ചയിക്കുക; എല്ലാ ഔദ്യോഗിക പരിപാടികളിലും അത്തരം ഭാഷകൾ ഉപയോഗിക്കുക; അത്തരം ഭാഷകൾക്കും ഉപഭാഷാ രൂപങ്ങൾക്കും (ആവശ്യമായ സന്ദർഭങ്ങളിൽ) വാക്കുകളുടെ പ്രയോഗത്തിനു സഹായകമായ നിഘണ്ടുക്കളും മറ്റും നിർമിക്കുക; അത്തരം കാര്യങ്ങൾക്കായി ഭരണഘടനാപരമായ ഉറപ്പുകൾ കൊടുക്കുകയും നയങ്ങൾ രൂപീകരിക്കുകയും ചെയ്യുക;

ദേശീയ സെൻസസിൽ ആറു മതങ്ങൾ മാത്രം ഉൾപ്പെടുത്താനായുള്ള നീക്കം ഉപേക്ഷിക്കുകയും പകരം എത്ര ചെറുതാണെങ്കിലും എല്ലാ വിശ്വാസങ്ങളും അതിൽ ഉൾപ്പെടുത്താനും അംഗീകരിക്കാനും ശ്രദ്ധിക്കുക; വിവിധ ക്ഷേമ പരിപാടികളുടെയും മറ്റും കൃത്യമായ നടത്തിപ്പിനായി ജാതി സംബന്ധിച്ച വിവരങ്ങളും സെൻസസ് വഴി ശേഖരിക്കാൻ സൗകര്യം ഒരുക്കുക;

നഷ്ടമായിക്കൊണ്ടിരിക്കുന്ന വിവിധ കലാരൂപങ്ങളുടെ (ഉദാഹരണത്തിന് ദൃശ്യ-നാട്യ കലകൾ) പ്രോത്സാഹനത്തിനും പുനരുജ്ജീവനത്തിനുമായി അടിയന്തിര നടപടികൾ സ്വീകരിക്കുക; അതിനായി സർക്കാർ സ്ഥാപിച്ച അക്കാദമികളും മറ്റും സ്വതന്ത്ര സ്ഥാപനങ്ങളായി മാറ്റുക, അവയ്ക്കു സർക്കാർ ധനസഹായം നൽകുക;

സംഘർഷങ്ങൾക്കു പരിഹാരം കാണാനും സമാധാനപരമായ സഹവർത്തിത്വം നടപ്പിലാക്കാനും വിവിധ സമുദായങ്ങൾക്കിടയിൽ സമ്പർക്കത്തിനും സംഭാഷണത്തിനുമായി അവയിലെ അംഗങ്ങൾ ഉൾപ്പെടുന്ന

പൊതുവേദികൾ സ്ഥാപിക്കുക; പ്രത്യേകിച്ചും സംഘർഷ മേഖലകളിലും അതിനു സാധ്യതയുള്ള പ്രദേശങ്ങളിലും അത്തരം വേദികൾക്കു പ്രാമുഖ്യം നൽകുക;

എല്ലാ വിധത്തിലുള്ള ലൈംഗിക അതിക്രമങ്ങളെയും ചെറുത്തു കൊണ്ടു സ്ത്രീകളുടെ സുരക്ഷയും അന്തസ്സും ഉറപ്പുവരുത്തുക; അതിനായി ലൈംഗിക വിദ്യാഭ്യാസം ചെറുപ്പം മുതൽ പഠനത്തിന്റെ ഭാഗമാക്കുക; ലിംഗപരമായ തുല്യതയും ബഹുമാനവും പ്രോത്സാഹിപ്പിക്കാനായി ഗ്രാമങ്ങളിലും നഗരങ്ങളിലും അയൽക്കൂട്ട വേദികൾക്കു രൂപം കൊടുക്കുക; ആതുര ശുശ്രൂഷയും മറ്റു തരത്തിലുള്ള വേതനരഹിത തൊഴിലുകളും അർഹിക്കുന്ന അംഗീകാരം അവയ്ക്ക് ഉറപ്പാക്കുക; നഗര-ഗ്രാമ ആസൂത്രണ പ്രക്രിയയിൽ സ്ത്രീകളെ ഉൾപ്പെടുത്തുകയും അവരുടെ ആവശ്യങ്ങൾക്കു മുൻഗണന നൽകുകയും ചെയ്യുക; നല്ല തെരുവു വിളക്കുകളും സ്വകാര്യ-പൊതു ടോയ്‌ലറ്റുകളും സുരക്ഷിതമായ പൊതു ഗതാഗത സംവിധാനവും സുരക്ഷിതമായ നടപ്പാത/സൈക്കിൾ പാത തുടങ്ങിയ സൗകര്യങ്ങളും ഏർപ്പെടുത്തുക;

ലിംഗ-ലൈംഗിക ന്യൂനപക്ഷങ്ങൾക്കു തുല്യ അവസരങ്ങളും അവരെ ഉൾക്കൊള്ളലും ഉറപ്പുവരുത്തുക; അതിനായി സംവരണവും സാമൂഹിക ക്ഷേമ നടപടികളും നടപ്പിലാക്കുകയും ബജറ്റ് വിഹിതം വർധിപ്പിക്കുകയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക. ട്രാൻസ്ജൻഡർ വിഭാഗങ്ങൾക്കുള്ള വിഹിതം ലൈംഗിക ന്യൂനപക്ഷങ്ങൾക്കുള്ള ബജറ്റിൽ ഉൾപ്പെടുത്തുക.

പട്ടികജാതി/ പട്ടികവർഗ വിഭാഗങ്ങൾ, ലിംഗമാറ്റ വിഭാഗങ്ങൾ, ഭിന്നശേഷി വിഭാഗങ്ങൾ എന്നിവർക്കു തൊഴിൽ സംവരണവും പ്രത്യേക നികുതി ആനുകൂല്യങ്ങളും അടക്കമുള്ള പ്രത്യേക നടപടികളും ആനുകൂല്യങ്ങളും (ഇതുവരെ നടപ്പാക്കാത്ത അവസരങ്ങളിൽ) നടപ്പിൽ വരുത്തുക; ആനുകൂല്യങ്ങളും സംവരണവും പൊതുമേഖലയിലും സ്വകാര്യമേഖലയിലും അനുവദിക്കുക; അവരുടെ ശേഷികളുടെ വികസനത്തിനായി പ്രത്യേക പരിശീലന പദ്ധതികൾ നടപ്പിലാക്കുക.

അടിസ്ഥാന മൂല്യങ്ങളായ നീതി, അഹിംസ, ലാളിത്യം, പരസ്പര ബഹുമാനം, പാരസ്പര്യം, ഉദാരത, ഉത്തരവാദിത്വബോധം, കൂട്ടായ്മ തുടങ്ങിയവ വിദ്യാലയങ്ങളിൽ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക. ഇത്തരം മൂല്യങ്ങളുടെ പ്രചാരണത്തിനു പരമ്പരാഗത രീതിയിൽ മുകളിൽ നിന്നും താഴേക്ക് അടിച്ചേൽപ്പിക്കുന്നതിനു പകരം കൂട്ടായതും സന്തോഷദായകവുമായ പുതു പഠനരീതികൾ വികസിപ്പിക്കുക. നേരത്തെ ചർച്ച ചെയ്ത പഠനരീതികളും അതിനായി ഉപയോഗിക്കാവുന്നതാണ്.

## ജനാധിപത്യം

ജനാധിപത്യപരമായ പ്രവർത്തനങ്ങൾക്കും ഭരണനിർവഹണത്തിനും ഭരണഘടന കൃത്യമായ നടപടിക്രമങ്ങൾ നിർദേശിച്ചിട്ടുണ്ട്; അതിൽ പൗരാവകാശങ്ങളും അതിനുള്ള ഉറപ്പും ഉൾപ്പെടുന്നുണ്ട്. എന്നാൽ ഗ്രാമ-നഗര പ്രദേശങ്ങളിലെ സ്വയംഭരണം, പൗരസമൂഹത്തിന്റെ പൂർണമായ ഇടപെടൽ സമേതമുള്ള ഭരണ നടത്തിപ്പ് തുടങ്ങിയ മേഖലകളിൽ അവയെല്ലാം കൂടുതൽ അഗാധമാക്കേണ്ട ആവശ്യമുണ്ട്. അത്തരം പ്രവർത്തനങ്ങൾക്കുള്ള മാതൃകകൾ പലതും ഇന്ന് ലഭ്യവുമാണ്. സമീപകാലങ്ങളിൽ ഭിന്നാഭിപായങ്ങൾ പ്രകടിപ്പിക്കാനുള്ള അവകാശം, അഭിപ്രായ സ്വാതന്ത്ര്യം, കൂടിച്ചേരാനുള്ള അവകാശം തുടങ്ങി ഭരണഘടനയിൽ ഉറപ്പു നൽകിയിരിക്കുന്ന പല ജനാധിപത്യ സ്വാതന്ത്ര്യങ്ങൾക്കു മേലെയും ഭരണകൂടം നടത്തുന്ന കയ്യേറ്റങ്ങളുടെ പശ്ചാത്തലത്തിൽ ഈ നിലയിലുള്ള ജനാധിപത്യ പ്രക്രിയയുടെ വികസനം അങ്ങേയറ്റം അനിവാര്യമാണ്. അതിനാൽ അർത്ഥപൂർണ്ണമായ സ്വരാജ് കൈവരിക്കാൻ താഴെ പറയുന്ന തരത്തിലുള്ള അടിയന്തിര നടപടികൾ അനിവാര്യമാണ്:

ഭരണഘടനയിൽ ഉറപ്പുനൽകിയിരിക്കുന്ന എല്ലാ ജനാധിപത്യ - മൗലികാവകാശങ്ങളും സ്വാതന്ത്ര്യങ്ങളും നിലനിർത്താൻ പൊതുമണ്ഡലത്തിലെ വാക്കുകളിലും പ്രവൃത്തിയിലും ദൃഢനിശ്ചയം പ്രകടിപ്പിക്കുക;

73, 74 ഭരണഘടനാ ഭേദഗതികൾ വഴി നൽകിയ അധികാര വികേന്ദ്രീകരണത്തിനും അവകാശങ്ങൾക്കും പുറമെ, സ്വയംഭരണ സ്ഥാപനങ്ങൾക്കു ധനപരവും നിയമനിർമാണപരവുമായ അധികാരങ്ങൾ വികേന്ദ്രീകരിച്ചു നൽകുകയും അവയെ നിയമപരമായ സമിതികൾ (ബോഡീസ് കോർപ്പറേറ്റ് ) ആയി അംഗീകരിക്കുകയും ചെയ്യുക;

ഗ്രാമസഭകൾക്കു സ്വയംഭരണത്തിനുള്ള പൂർണമായ അവകാശങ്ങൾ നൽകുകയും (അതായതു ഗ്രാമതല സമിതികൾക്ക്, പഞ്ചായത്തു സമിതികൾക്ക് മാത്രമല്ല) അവയെ ആവശ്യമുള്ള സന്ദർഭങ്ങളിൽ അവരുടെ പരമ്പരാഗത ഭരണസംവിധാനങ്ങളുമായി ബന്ധിപ്പിക്കുകയും ചെയ്യുക (ആദിവാസി, ഗോത്രസമൂഹ പ്രദേശങ്ങളിലും കുന്നുകളിലെയും ദ്വീപുകളിലേയും സമൂഹങ്ങളിലും ഇതു പ്രധാനമാണ്); അതല്ലെങ്കിൽ ഗ്രാമസഭകളെ/ പഞ്ചായത്തുകളെ ലിംഗം, ജാതി തുടങ്ങിയവയുടെ അടിസ്ഥാനത്തിലുള്ള അസമത്വവും വിവേചനവും നീക്കം ചെയ്യാനുള്ള ആഭ്യന്തര പരിഷ്കരണങ്ങൾക്കുള്ള അവകാശം അവയിൽ നിക്ഷിപ്തമാക്കിക്കൊണ്ടു 73മത് ഭരണഘടനാ ഭേദഗതിയുടെ ആവശ്യങ്ങൾക്കുള്ള വേദിയായി അവയെ അംഗീകരിക്കുക (ഉദാഹരണത്തിന് സിക്കിമിലെ സുംസ സമ്പ്രദായം).

നഗരപ്രദേശങ്ങളിൽ വാർഡ് സഭകൾക്കും അതേപോലെ സാധാരണ ജനങ്ങൾക്കു നേരിട്ടുള്ള ഭരണപങ്കാളിത്തം അസാധ്യമായ മറ്റു വിപുല സംവിധാനങ്ങൾക്കും താഴെയുള്ള പ്രാദേശിക /മുഹല്ലാ സഭകൾക്കും സ്വയംഭരണാവകാശം ഉറപ്പാക്കുകയും എല്ലാ അംഗങ്ങൾക്കും അതിൽ പങ്കാളികളാകാൻ അവസരം നൽകുകയും ചെയ്യുക;

സ്വയംഭരണത്തിന്റെ മുകളിൽ പറഞ്ഞ വേദികളിലെല്ലാം ഫലപ്രദമായി ഇടപെടാൻ സാധ്യമാകും വിധം പൗരജനങ്ങൾക്കു അവരുടെ കഴിവുകൾ വികസിപ്പിക്കാൻ അവസരമൊരുക്കുക; സാധ്യമായ അവസരങ്ങളിലൊക്കെ സമവായത്തിന്റെ അടിസ്ഥാനത്തിൽ തീരുമാനങ്ങൾ എടുക്കാനുതകുന്ന സംവിധാനങ്ങൾ ഏർപ്പെടുത്തുക;

സ്ത്രീകളും ലൈംഗിക ന്യൂനപക്ഷങ്ങളും ഉൾപ്പെടെ നിലവിൽ തീരുമാനങ്ങൾ എടുക്കുന്ന സമിതികളിൽ നിന്നും പലപ്പോഴും മാറ്റിനിർത്തപ്പെടുന്ന വിഭാഗങ്ങൾക്ക് അത്തരം ഇടപെടലുകൾക്കായി പ്രത്യേക സംവിധാനങ്ങൾ ഒരുക്കുക;

പാരിസ്ഥിതികവും ഭൂമിശാസ്ത്രപരവും സാംസ്കാരികവുമായ തുടർച്ചയുള്ളതും (ഉദാഹരണത്തിന് നദീതടങ്ങൾ, ഉപപ്രദേശങ്ങൾ, നീർമറി പ്രദേശങ്ങൾ, വനങ്ങൾക്കു ചുറ്റുമുള്ള ജനവാസ കേന്ദ്രങ്ങൾ) കൂടുതൽ വിപുലവുമായ പ്രദേശങ്ങൾക്കായി (''ജൈവസംസ്കാരിക പ്രദേശങ്ങൾ'') ഭരണനിർവഹണം, ആസൂത്രണം, മാനേജ്മെന്റ് എന്നിവയ്ക്ക് പൊതു സംവിധാനങ്ങൾ ഏർപ്പെടുത്തുക. അവ നിലവിലെ ജില്ലാ, ഉപജില്ലാ, സംസ്ഥാന അതിർത്തികൾക്കു അനുസരിച്ചു മാത്രം നിശ്ചയിക്കേണ്ടതില്ല. മറിച്ച് പാരിസ്ഥിതികവും സാംസ്കാരികവുമായ തുടർച്ചകൾക്കും ബന്ധങ്ങൾക്കും അനുസൃതമായ വിധം നിലവിലെ രാഷ്ട്രീയ അതിരുകളെ പുനരാലോചിക്കുന്ന ഒരു പ്രക്രിയ സമാരംഭിക്കുക;

ജനകീയ മുന്നേറ്റങ്ങളും സഹകരണ സ്ഥാപനങ്ങളും അടക്കം രാഷ്ട്രീയേതരമായ നിലയിൽ പ്രവർത്തിക്കുന്ന കൂട്ടായ്മകളിലും സമൂഹങ്ങളിലും രാഷ്ട്രീയമായ സംഘടനാ സംവിധാനം കൊണ്ടുവരുന്നതിനെ പ്രോത്സാഹിപ്പിക്കുകയും അതിനു സൗകര്യങ്ങൾ ഒരുക്കുകയും ചെയ്യുക;

എല്ലാ രാഷ്ട്രീയ സംവിധാനങ്ങളിലും സുതാര്യത ഉറപ്പാക്കാനുള്ള നടപടികൾ ആരംഭിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക; അവയുടെ കണക്കുകളും വരുമാന സ്രോതസ്സുകളും പൊതുസമൂഹ പരിശോധനക്കായി തുറന്നുകൊടുക്കുക;

ഭരണഘടനാ സ്ഥാപനങ്ങൾ, സ്റ്റാച്യുറ്ററി സ്ഥാപനങ്ങൾ, അർദ്ധ ജുഡീഷ്യൽ സ്ഥാപനങ്ങൾ എന്നിവയുടെ സ്വാതന്ത്ര്യവും സുതാര്യതയും ഉറപ്പുവരുത്താനായി നിയമനങ്ങളിൽ നിഷ്പക്ഷത ഉറപ്പാക്കുന്ന നടപടിക്രമങ്ങൾ ആവിഷ്കരിക്കുകയും അനധികൃത സ്വാധീനം ഒഴിവാക്കാനായി പദവികളിലേക്കു ആളുകളെ തെരഞ്ഞെടുക്കൽ, സേവനകാലാവധിയും വ്യവസ്ഥകളും നിശ്ചയിക്കൽ തുടങ്ങിയ കാര്യങ്ങളിലെ നടപടികളിൽ സുതാര്യത ഉറപ്പാക്കുകയും അത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ ഉത്തരവാദിത്വം നിർണയിക്കുന്ന സംവിധാനങ്ങൾ ഏർപ്പെടുത്തുകയും അവയുടെ സ്വതന്ത്രവും ഫലപ്രദവുമായ പ്രവർത്തനം ഉറപ്പുവരുത്തുകയും ചെയ്യുക.

പാർശ്വവത്കൃതരുടെ അവകാശങ്ങളും നീതിയും ഉറപ്പിക്കുന്നതിലും പൊതു-സ്വകാര്യ ബിസിനസ്സ് മേഖലയെ നിയന്ത്രിക്കുന്നതിലും സ്വന്തം നിലയ്ക്ക് ക്ഷേമം ഉറപ്പാക്കാൻ കഴിയാത്തവർക്കു അവരുടെ ക്ഷേമം ഉറപ്പാക്കുന്നതിലും ഭരണകൂടത്തിന്റെ വിവിധ ഘടകങ്ങളിൽ പൂർണ ഉത്തരവാദിത്വം നടപ്പിൽ വരുത്തണം; പൊതുമേഖലയിലെ വിവിധ സ്ഥാപനങ്ങളുടെയും പദ്ധതികളുടെയും പ്രവർത്തനങ്ങളിലെ ഫലങ്ങൾ, ലക്ഷ്യങ്ങൾ, പ്രവർത്തനരീതി, നേട്ടങ്ങൾ എന്നിവയെ സംബന്ധിച്ച സുതാര്യവും വിശ്വാസ്യതയുള്ളതും സ്ഥിരവും തുറന്നതുമായ നിലയിലുള്ള വിവരവിനിമയം സാധ്യമാക്കുകയും അവ പൊതു ഓഡിറ്റിങ് വഴിയും ന്യായവിചാരണകൾ വഴിയും പരിശോധനയ്ക്കു വിധേയമാക്കുകയും വേണം.

പൊതുസേവന (ഗതാഗതം, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയവ) മേഖലകളിൽ നടക്കുന്ന സ്വകാര്യവൽക്കരണ പ്രക്രിയ ഉടൻ അവസാനിപ്പിക്കണം; നവീനമായ ധനസമാഹരണം, പിപിപി മാതൃക തുടങ്ങിയ പേരുകളിൽ നടപ്പിലാക്കുന്ന ഇത്തരം രീതികൾ ഒഴിവാക്കുകയും അവയെ പൊതുമേഖലയിലേക്കു തിരിച്ചു കൊണ്ടുപോകുകയും വേണം. കാരണം പാവപ്പെട്ട ജനങ്ങൾക്ക് ഇത്തരം പൊതുസേവനങ്ങളും യുവജനങ്ങൾക്ക് പൊതുമേഖലയിൽ തൊഴിൽ സാധ്യതയും നിഷേധിക്കുന്ന പ്രവണതയാണ് അതിൽ കാണുന്നത്. മാത്രമല്ല, സാമൂഹിക മേഖലകളിൽ ബജറ്റ് വിഹിതവും നിക്ഷേപവും വെട്ടിക്കുറയ്ക്കുന്നതിനു ഭരണകൂടത്തിന് ഒരു ഒഴിവുകഴിവു നൽകുകയുമാണ് അത്തരം മാർഗങ്ങളിലൂടെ ചെയ്യുന്നത്.

ഈ രേഖയിൽ പറഞ്ഞിരിക്കുന്ന വിവിധ മുൻഗണനാ നടപടികളുടെ നടത്തിപ്പിനായി ഒരു നയരൂപരേഖ തയ്യാറാക്കുക; അവ പൂർണമായും സംവാദത്തിന്റെ അടിസ്ഥാനത്തിലും ബഹുജന പങ്കാളിത്തത്തോടെയും നടപ്പിൽ വരുത്തണം.

നിയമനിർമാണങ്ങളിലും നയരൂപീകരണത്തിലും അവയുടെ പരിശോധനയിലും സുതാര്യതയും ബഹുജന പങ്കാളിത്തവും ഉറപ്പാക്കാനായി ഓരോ ഘട്ടത്തിലും പൊതുസമൂഹ പരിശോധനകളും കൂടിയാലോചനകളും നിർബന്ധമാക്കണം; അത്തരം പ്രവർത്തനങ്ങളിൽ ഗ്രാമസഭകൾക്കും വാർഡ് സഭകൾക്കും മറ്റു സ്വയംഭരണ സംവിധാനങ്ങൾക്കും കേന്ദ്രസ്ഥാനം നല്കപ്പെടണം.

എല്ലാ ക്ഷേമപദ്ധതികളും നടപ്പിൽ വരുത്തിയത് ഫലപ്രദവും സുതാര്യവും ഉത്തരവാദിത്വപൂർണവുമായാണ് എന്നുറപ്പാക്കാൻ അവയുടെ മേൽ
സാമൂഹിക ഓഡിറ്റിംഗും പൗരസമൂഹ മേൽനോട്ടവും നടപ്പിലാക്കാനായി നിയമം കൊണ്ടുവരിക;

പോലീസ്, സായുധ സേനകൾ എന്നിവയ്ക്ക് അമിതമായ അധികാരങ്ങൾ നൽകുന്നതും ജനാധിപത്യ പ്രതിഷേധങ്ങളെ തടയുന്നതും എതിർ ശബ്ദങ്ങൾ ഉയർത്തുന്ന പൗരസമൂഹത്തിലെ വ്യക്തികളെ ഭീകരർ, തീവ്രവാദികൾ, രാജ്യദ്രോഹികൾ തുടങ്ങിയ മുദ്രകൾ ചാർത്തി അടിച്ചമർത്തുന്നതും ആയ എല്ലാ നിയമങ്ങളും

ചട്ടങ്ങളും ഉത്തരവുകളും റദ്ദാക്കുക; പകരം പൊതുസമൂഹ ഇടപെടലുകളും ചർച്ചകളും പ്രോത്സാഹിപ്പിക്കുകയും ജനാധിപത്യപരമായ പ്രവർത്തനങ്ങൾക്കുള്ള വേദികൾ വികസിപ്പിക്കുകയും ചെയ്യുക.

സിവിൽ സമൂഹ ഗ്രൂപ്പുകളിൽ അടക്കം എല്ലാ സംഘടനകളിലും സ്ഥാപനങ്ങളിലും ആഭ്യന്തര ജനാധിപത്യവും സുതാര്യതയും പ്രോത്സാഹിപ്പിക്കുക.

## ജീവനമാർഗങ്ങളും തൊഴിലും

തൊഴിലില്ലായ്മ, പരിമിത തൊഴിൽ അവസരങ്ങൾ, യോഗ്യതക്കനുസരിച്ചുള്ള തൊഴിലുകളുടെ അഭാവം എന്നിങ്ങനെ തൊഴിൽ മേഖലയിൽ ഇന്ത്യ ഗുരുതരമായ ഒരു പ്രതിസന്ധി അഭിമുഖീകരിച്ചു കൊണ്ടിരിക്കുകയാണ്. വർധിക്കുന്ന യന്ത്രവത്കരണത്തിലൂടെ അതു കൂടുതൽ കടുത്ത മാനങ്ങൾ കൈവരിക്കുകയുമാണ്. അതേപോലെ കാർഷിക-കൈത്തൊഴിൽ  മേഖലകളിലും മറ്റും തൊഴിൽ ശേഷിയുടെ വിനിയോഗത്തിനുള്ള അവസരവും ഇല്ലാതാവുകയാണ്. നേരത്തെ അത്തരം തൊഴിലുകളിൽ ഏർപ്പെട്ടിരുന്നവർ അവ വിട്ടു വ്യവസായമേഖലയിൽ അവിദഗ്ധ തൊഴിലാളികളായി മാറുന്ന പ്രവണതയുമുണ്ട്.  മേക്ക് ഇൻ ഇന്ത്യ, ആത്മനിർഭർ ഭാരത് തുടങ്ങിയ പദ്ധതികളിൽ  പ്രാദേശിക തൊഴിൽശേഷിയും  ജീവനരീതികളും പ്രോത്സാഹിപ്പിക്കുന്ന ചില ഘടകങ്ങൾ ഉണ്ടെങ്കിലും അവയുടെ പ്രധാന ശ്രദ്ധ വൻകിട കോർപ്പറേഷനുകളും ബിഗ് ബിസിനസ്സും വഴിയുള്ള തൊഴിലവസര നിർമാണമാണ്. കൈത്തൊഴിലുകൾ, ചെറുകിട നിർമാണ മേഖല, ജൈവ ഇന്ധനം അടക്കമുള്ള അഗ്രോ പ്രോസസ്സിങ് സംവിധാനങ്ങളും അതിലൂടെയുള്ള ഗ്രാമീണ അടിസ്ഥാന സൗകര്യവികസനം,  ചെറുകിട സേവനദാതാക്കൾ വഴിയുള്ള സേവന മേഖല -- അങ്ങനെയുള്ള പ്രാദേശിക സ്വാശ്രയത്വ സാധ്യതകളെല്ലാം പൂർണമായും അവഗണിക്കപ്പെട്ടിരിക്കുന്നു.  അർത്ഥപൂർണവും അന്തസ്സുള്ളതും നമ്മുടെ ആവശ്യങ്ങൾക്ക് ഉതകുന്നതുമായ തൊഴിലുകൾക്കും ജീവനോപാധികൾക്കും വേണ്ടിയുള്ള അന്വേഷണത്തിന്റെ പശ്ചാത്തലത്തിൽ നടപ്പിലാക്കിയ നൂറുകണക്കിന് ബദലുകളുടെ ഉദാഹരണങ്ങൾ നാട്ടിലെങ്ങുമുണ്ട്. വിവിധ സമൂഹങ്ങൾ, സിവിൽസമൂഹ സ്ഥാപനങ്ങൾ, സംസ്ഥാന സർക്കാരുകൾ എന്നിവയുടെ ആഭിമുഖ്യത്തിൽ നടപ്പാക്കിയ ഇത്തരം പദ്ധതികളുടെ കാര്യത്തിൽ അടിയന്തിരമായി വേണ്ട പല കാര്യങ്ങളുമുണ്ട്. അവ താഴെ പറയുന്നു:

അർത്ഥപൂർണമായ പരമ്പരാഗത തൊഴിലുകളെയും ജീവനോപാധികളെയും പിൻതുടരുന്നതിനും അവയെ വർധിപ്പിക്കുന്നതിനും ഉന്നത പരിഗണന നൽകുകയും അത്തരം മേഖലകളിൽ ജാതിപരവും ലിംഗപരവും ഇതര രൂപങ്ങളിലുള്ളതുമായ വിവേചനങ്ങളെ ഇല്ലായ്മ ചെയ്യാൻ സഹായിക്കുകയും ചെയ്യുന്ന നയങ്ങൾക്കും നടപടികൾക്കും സർക്കാരിന്റെ ഉയർന്ന പരിഗണന; അത്തരം തൊഴിലുകൾ/ ജീവനോപാധികൾ, കൃഷി, കാലിവളർത്തൽ (ഇടയ സമൂഹങ്ങളിലും അല്ലാതെയും), വനവിഭവ ശേഖരണം, മൽസ്യബന്ധനം /മൽസ്യം വളർത്തൽ, കൈത്തൊഴിലുകൾ, കുടിൽ വ്യവസായങ്ങൾ, പാരമ്പര്യ ചികിത്സാരീതികളും ബന്ധപ്പെട്ട മറ്റു ആരോഗ്യരക്ഷാ രീതികളും  (ഇന്ത്യയിൽ ഒരു വലിയ വിഭാഗം ജനങ്ങളും ഇന്നും അത്തരം പാരമ്പര്യ രീതികളെ ചികിത്സാർഥം ഉപയോഗിക്കുന്നു) തുടങ്ങിയ മേഖലകളിലാകാം; നിലവിൽ അത്തരം തൊഴിലുകളിൽ ഏർപ്പെടുന്നവർക്കും അതിലേക്കു പ്രവേശിക്കാൻ തയ്യാറെടുക്കുന്നവർക്കും പ്രത്യേക  പ്രോത്സാഹനവും പരിഗണനയും; അതിനായി സാമ്പത്തികമൂല്യ വികസന ശൃംഖലകൾ;  പുരുഷ കേന്ദ്രീകൃത മേഖലകളിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്കു പ്രത്യേക പ്രോത്സാഹനങ്ങൾ; ഭൂമിയടക്കമുള്ള ബന്ധപ്പെട്ട വിഭവങ്ങളുടെ മേൽ സാമൂഹികമായ അവകാശങ്ങൾ അനുവദിക്കൽ (അതിനു വനാവകാശ നിയമത്തിലെ സാമൂഹിക വനാവകാശ സംരക്ഷണ വകുപ്പുകൾ മാതൃകയാക്കാവുന്നതാണ്); ഇത്തരം രംഗങ്ങളിൽ നവീന പദ്ധതികൾ ആവിഷ്കരിക്കുന്നവർക്കു പിന്തുണയും പ്രോത്സാഹനവും നൽകുന്നതിനും അത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുമായുള്ള സ്ഥാപനങ്ങൾ;

സൂക്ഷ്മ, ചെറുകിട, ഇടത്തരം മേഖലകളിലെ സ്ഥാപനങ്ങളിൽ നിർമിക്കാവുന്ന എല്ലാത്തരം ഉത്പന്നങ്ങളും സേവനങ്ങളും (പരമ്പരാഗതവും പുതിയതുമായ കൈത്തൊഴിലുകൾ അടക്കം) പ്രാദേശിക, സാമൂഹികതല, വികേന്ദ്രീകൃത മേഖലയിലെ ഉല്പാദനത്തിനായി സംവരണം ചെയ്യുക; അതിനായി അംഗങ്ങളുടെ ഉടമസ്ഥതയിൽ ഉല്പാദക സഹകരണ സംഘങ്ങൾ (സഹകരണ സ്ഥാപനങ്ങൾ, കമ്പനികൾ, യൂണിയനുകൾ തുടങ്ങിയവ) വികസിപ്പിക്കുക; അത്തരം സേവനങ്ങളിലും ഉത്പന്നങ്ങളിലും വൻകിട, കോർപ്പറേറ്റ് നിയന്ത്രണം അവസാനിപ്പിക്കുക; അത്തരം മേഖലകളിലെ ഉല്പാദനം അവയിൽ പ്രവർത്തിക്കുന്നവർ താമസിക്കുന്ന ഗ്രാമങ്ങളിലും നഗരപ്രദേശങ്ങളിലെ ജനവാസ കേന്ദ്രങ്ങളിലുമായി വികസിപ്പിക്കുക.

പ്രതിഫല നിരക്കുകളിൽ കാണുന്ന അസന്തുലിതത്വം ഒഴിവാക്കുകയും ഒരേ ജോലി ചെയ്യുന്ന സ്ത്രീക്കും പുരുഷനും തുല്യവേതനം നൽകുന്നതായി ഉറപ്പു വരുത്തുകയും ചെയ്യുക;

ശരാശരി വരുമാനത്തിന്റെ ഇരട്ടിയിൽ കവിയാത്ത ഒരു തുക പരമാവധി വേതനമായി നിശ്ചയിക്കുക; ശാരീരിക -മാനസിക തൊഴിലുകളിൽ വേതനത്തിൽ കാണുന്ന വിടവു പരമാവധി ചുരുക്കാൻ ശ്രമം നടത്തുക; അതേപോലെ വിവിധ തരം തൊഴിലുകൾക്കിടയിലും ഒരേ സ്ഥാപനത്തിലെ വിവിധ വിഭാഗം ജീവനക്കാർക്കിടയിലും കാണുന്ന വേതന നിരക്കിലെ വ്യത്യാസങ്ങളും പരമാവധി ചുരുക്കിക്കൊണ്ടു വരിക;

ഗ്രാമീണ മേഖലയിൽ നിലവിലെ തൊഴിലുറപ്പു പദ്ധതിയായ മഹാത്മാഗാന്ധി ഗ്രാമീണ തൊഴിൽദാന പദ്ധതിയുടെ വ്യാപ്തി പരമാവധി വർധിപ്പിക്കുകയും വികസിപ്പിക്കുകയും ചെയ്യുക; നഗരങ്ങളിലെ പാവപ്പെട്ടവർക്കു അടിസ്ഥാന സാമ്പത്തിക സുരക്ഷ ഉറപ്പാക്കുന്നതിനായി അവിടങ്ങളിൽ ജീവനോപാധി ഉറപ്പു നൽകുന്നതിനുള്ള പുതിയ പദ്ധതികൾ ആവിഷ്കരിക്കുക;

എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ് നിയമം (ഇഎസ്ഐ നിയമം) അസംഘടിത മേഖലയിലെ അടക്കം എല്ലാ തൊഴിലാളികൾക്കും ബാധകമാക്കുക; ഇഎസ്ഐ നിയന്ത്രണത്തിലുള്ള കോർപസ് തുക (ഒരു ലക്ഷം കോടി രൂപയിലധികം വരുന്ന സംഖ്യയെന്നു വാർത്തകൾ പറയുന്നു) അവയിലെ അംഗങ്ങളുടെ ക്ഷേമത്തിനായി വിനിയോഗിക്കുക;

എല്ലാവർക്കും ഒരു മിനിമം തുക പെൻഷനായി നൽകപ്പെടുന്നു എന്ന് ഉറപ്പു വരുത്തുക, അത് അവസാനമായി വാങ്ങിയ വേതനത്തിന്റെയോ പകുതിയോ അല്ലെങ്കിൽ മിനിമം പ്രതിമാസ വേതനമായി നിശ്ചയിച്ച തുകയുടെ പകുതിയോ, ഏതാണ് കൂടുതൽ എന്നു വച്ചാൽ അതു നൽകാനായി ഏർപ്പാടുണ്ടാക്കുക;

പരിസ്ഥിതി സൗഹൃദപരവും സ്ഥായിയായി നിലനിർത്താവുന്നതും അന്തസ്സുള്ളതും 'ഹരിത തൊഴിലുകൾ' എന്ന കാഴ്ചപ്പാടിൽ അധിഷ്ഠിതവും ഐക്യരാഷ്ട്ര സഭ നിർദേശിച്ച പോലെ നീതിപൂർവകമായ മാറ്റങ്ങളിൽ അടിയുറച്ചതും ('വൃത്തിഹീന'മായ തെഴിലുകളിൽ ഏർപ്പെട്ടവരുടെ കർമശേഷി വർധിപ്പിക്കാനുള്ള പുനർശേഷി നിർമാണവും പുനർവിദ്യാഭ്യാസവും അടക്കം) ആയ ജീവനമാർഗങ്ങളും തൊഴിലുകളും വികസിപ്പിക്കാൻ പ്രത്യേക ശ്രദ്ധ നൽകണം;

ദേശീയ സമ്പദ്ഘടനയെ സംബന്ധിച്ച സമഗ്രമായ കാഴ്ചപ്പാടുകൾ വികസിപ്പിക്കാനായി ആതുരശുശ്രൂഷ അടക്കമുള്ള വീടുകൾക്കകത്തെ പ്രവർത്തനങ്ങൾ കൂടി ദേശീയ കണക്കെടുപ്പിന്റെ പരിധിയിൽ കൊണ്ടുവരിക; അത്തരം ശുശ്രൂഷകരുടെ (മിക്കവാറും സ്ത്രീകൾ) ക്ഷേമം ഉറപ്പാക്കാനായി വേതനത്തോടു കൂടിയ അവധി അടക്കമുള്ള ആനുകൂല്യങ്ങൾ നടപ്പിലാക്കുക; പുറമെ കുട്ടികളെ നോക്കാനുള്ള സൗകര്യങ്ങളും വാർദ്ധക്യകാല ആരോഗ്യ പരിരക്ഷയും ഉറപ്പാക്കാനായി പൊതു ആരോഗ്യ മേഖലയിലും വിദ്യാഭ്യാസ രംഗത്തും കൂടുതൽ നിക്ഷേപം ചെലവഴിക്കുക;

ഒഴിവുള്ള എല്ലാ സർക്കാർ തസ്തികകളിലും ഉടൻ നിയമനങ്ങൾ നടത്തുക; വിദ്യാഭ്യാസം, ആരോഗ്യം, ജുഡീഷ്യറി, വിവിധ കമ്മിഷനുകൾ എന്നിങ്ങനെയുള്ള രംഗങ്ങളിലും അവശ്യസേവന മേഖലകളിലും ഉള്ള ഒഴിവുകൾ നികത്തുന്നതിനു പ്രാമുഖ്യം നൽകുക.

സമ്പദ്ഘടനയും സാങ്കേതികവിദ്യയും

കഴിഞ്ഞ കാലങ്ങളിൽ ഇന്ത്യൻ സമ്പദ്ഘടനയും സാങ്കേതിക വികസനവും പൂർണമായും പൊതുമേഖലാ മേധാവിത്വത്തിൽ ആയിരുന്നു വികസിച്ചു വന്നത്. എന്നാൽ സമീപകാലത്തു, പ്രത്യേകിച്ചും *1991*ലെ പരിഷ്കരണങ്ങൾക്കു ശേഷം, അവ സ്വകാര്യ കോർപ്പറേറ്റ് ശക്തികളുടെ നീരാളിക്കയ്യിൽ പെട്ടിരിക്കുകയാണ്. അതിന്റെ ഫലമായി സമൂഹത്തിൽ വർദ്ധമാനമായ അസമത്വം വളരെ പ്രകടമായി കാണപ്പെടുന്നു; തങ്ങളുടെ ഉല്പാദനോപകരണങ്ങളുടെ മേൽ യാതൊരു നിയന്ത്രണവുമില്ലാതെ ദശലക്ഷക്കണക്കിനു ചെറുകിട ഉല്പാദകർ പ്രതിസന്ധിയിൽ പെട്ടിരിക്കുന്നു; തങ്ങൾ ഉപഭോഗം ചെയ്യുന്ന സാധനങ്ങളുടെ മേൽ ഉപഭോക്താക്കൾക്കു നിയന്ത്രണം നഷ്ടമായിരിക്കുന്നു; സാങ്കേതികവിദ്യകളുടെ പാരിസ്ഥിതികവും സാമൂഹികവുമായ ആഘാതങ്ങളിൽ സാമൂഹിക നിയന്ത്രണം ദുർബലമാവുകയോ നഷ്ടമാവുകയോ ചെയ്തിരിക്കുന്നു; ഭൂമിയും വിഭവങ്ങളും ധനവിഭവങ്ങളും തങ്ങളുടെ ലാഭത്തിനായി ഇഷ്ടം പോലെ ചൂഷണം ചെയ്യാൻ കോർപ്പറേറ്റ് ശക്തികൾക്കു സൗകര്യം ലഭിച്ചിരിക്കുന്നു. എന്നാൽ അതിനെതിരെ, സാമ്പത്തിക-സാങ്കേതിക വികസനങ്ങളിൽ ജനസമൂഹത്തിനും പരിസ്ഥിതിയ്ക്കും പ്രമുഖ്യം നൽകുന്ന പുതിയൊരു വികസനസങ്കല്പം കൂടി സമൂഹത്തിൽ പ്രാമുഖ്യ നേടിയിരിക്കുന്നു. നിലവിലെ പ്രതിസന്ധിയുടെ പൊതു അന്തരീക്ഷത്തിലും അതേപോലെ അതിനെതിരെ നിലനിൽക്കുന്ന ബദലുകളുടെ പശ്ചാത്തലത്തിലും സാമ്പത്തിക പ്രവർത്തനങ്ങളിൽ പൊതുസമൂഹ-ജനാധിപത്യ നിയന്ത്രണം *(ആർത്തിക് സ്വരാജ്)* തിരിച്ചുപിടിക്കേണ്ട ആവശ്യകത ഉയർന്നു വന്നിരിക്കുന്നു. അതിനായി താഴെ പറയുന്ന നടപടികൾ അനിവാര്യമാണ്:

സാധ്യമായ മേഖലകളിലെല്ലാം, പ്രത്യേകിച്ച് ഭക്ഷ്യ-അടിസ്ഥാന സൗകര്യ വിഷയങ്ങളിൽ, ഉല്പാദനവും വിതരണവും വീണ്ടും പ്രാദേശികവല്ക്കരിക്കാനുള്ള നടപടികൾ സ്വീകരിക്കണം. സ്വയംപര്യാപ്തവും താരതമ്യേന സ്വയം സമ്പൂർണവുമായ സമൂഹങ്ങളുടെ സൃഷ്ടിയെന്ന ദീർഘകാല ലക്ഷ്യം മുൻനിർത്തിയാവണം അത്തരം പ്രവർത്തനങ്ങൾ നടത്തുന്നത്. ആവശ്യങ്ങൾ നിവൃത്തിക്കുന്നതിനുള്ള സൗകര്യങ്ങൾ ഏതാനും കിലോമിറ്റർ പരിധിക്കുള്ളിൽ സാധ്യമാക്കാനും കഴിയണം. (ഭക്ഷണം, ഊർജം, ജലം, മറ്റു ആവശ്യങ്ങൾ എന്നിവയുടെ വികേന്ദ്രീകൃത വിതരണം സംബന്ധിച്ച് ഇനിയുള്ള ഭാഗങ്ങളിൽ വായിക്കുക).

തൊഴിലാളി-പരിസ്ഥിതി ചൂഷണം അവസാനിപ്പിക്കാനായി സ്വകാര്യ കോർപ്പറേറ്റ് മേഖലയെയും വ്യത്യസ്തമേഖലകളിലെ കുത്തകകളെയും കർശനമായി നിയന്ത്രിക്കണം; അവ നൽകുന്ന ഉല്പന്നങ്ങൾ വികേന്ദ്രീകൃത സംവിധാനത്തിൽ ജനാധിപത്യ രീതിയിൽ നടത്തപ്പെടുന്ന ഉല്പാദക സംഘങ്ങളിലൂടെ നിർമിച്ചു വിതരണം ചെയ്യുക; അതിനുള്ള സാങ്കേതിക പിന്തുണ ലഭ്യമാക്കുക;

വികേന്ദ്രീകൃത രൂപത്തിലുള്ള പ്രാദേശിക വിതരണ സംവിധാനങ്ങൾ കെട്ടിപ്പടുക്കുക; അതിനായി സമൂഹങ്ങളുടെ പ്രത്യേക നാണ്യവ്യവസ്ഥയും നാണയേതര ക്രയവിക്രയ സംവിധാനങ്ങളും പ്രോത്സാഹിപ്പിക്കുക; ദാന-കൈമാറ്റ സംവിധാനവും സമയത്തിന്റെ അടിസ്ഥാനത്തിലുള്ള ഉപയോഗക്രമവും അതേപോലെ ഓരോ തരം പ്രവർത്തനങ്ങൾക്കും തുല്യമായ പരിഗണന നൽകുന്ന തത്വത്തിന്റെ അടിസ്ഥാനത്തിലുള്ള നിർമാണ, ഉപയോഗ രീതികളും വികസിപ്പിക്കുക.

വാണിജ്യ-സാമ്പത്തിക പ്രവർത്തനങ്ങളിൽ കൂടുതൽ വിപുലമായ സംവിധാനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച നയങ്ങളും തത്വങ്ങളും രൂപവല്കരിക്കുക; അവയുടെ പ്രവർത്തനങ്ങൾ പ്രാദേശിക സ്വാശ്രയ സംഘങ്ങളുടെ പ്രവർത്തനങ്ങൾക്കു വിഘാതമാകാതെ നോക്കുകയും അടിസ്ഥാന ആവശ്യങ്ങളുടെ കാര്യത്തിൽ പ്രാദേശിക സ്വയംപര്യാപ്തത ഉറപ്പുവരുത്തുകയും ചെയ്തു വേണം അവയുടെ പ്രവർത്തനം സംബന്ധിച്ച നയങ്ങൾക്ക് രൂപം കൊടുക്കുന്നത്.

സംസ്ഥാന സർക്കാരുകൾക്കും പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾക്കും ധനകാര്യ മേഖലയിൽ കൂടുതൽ സ്വാതന്ത്ര്യം അനുവദിച്ചു കൊണ്ടും വരുമാന സംഭരണത്തിലും സാമ്പത്തിക കാര്യങ്ങളിലും തീരുമാനം എടുക്കുന്നതിനു അവർക്കു സൗകര്യം നൽകിക്കൊണ്ടും ധനകാര്യ വികേന്ദ്രീകരണവും ഫെഡറലിസവും ശക്തിപ്പെടുത്തുക;

എല്ലാ ഉല്പാദനപ്രക്രിയകളും സേവനങ്ങളും കൂടുതൽ പരിസ്ഥിതി സൗഹൃദവും സ്ഥായിയായി നിലനിൽക്കുന്നതുമായ പ്രക്രിയകളിലേക്കു മാറ്റുന്നതിനു പ്രാധാന്യം നൽകുക;

ഉല്പാദന-സാങ്കേതിക മേഖലകളിൽ പ്രവർത്തിക്കുന്ന ഉല്പാദകർക്കും സമൂഹങ്ങൾക്കും തങ്ങളുടെ പ്രവർത്തനങ്ങളിൽ നവീകരണം ഏർപ്പെടുത്താൻ പ്രോത്സാഹനം നൽകുക; 'നവീകരണം' എന്നതു ആയിരക്കണക്കിനു വർഷങ്ങളായി സാധാരണ ജനങ്ങൾ തങ്ങളുടെ കർമ്മമണ്ഡലങ്ങളിൽ പ്രയോഗിക്കുന്നതാണെന്നും അവ ഔപചാരികവും ആധുനികവുമായ സ്ഥാപനങ്ങളുടെ മാത്രം കുത്തകയല്ലെന്നും അംഗീകരിക്കുക; നവീകരണം, ഡിസൈൻ, സർഗാത്മക കഴിവുകൾ എന്നിവയുടെ മേഖലയിലെ പദ്ധതികളും ദൗത്യങ്ങളും ജനാധിപത്യപരവും വികേന്ദ്രീകൃതവും അനൗപചാരികവുമായ തലങ്ങളിൽ ശ്രദ്ധ കൊടുക്കാനും അത്തരം നേട്ടങ്ങളെ ബഹുമാനിക്കാനും തയ്യാറാവുന്ന തരത്തിൽ പരിഷ്കരിക്കുക;

ഉല്പാദനം, ചരക്കു കടത്തൽ, മറ്റു ബന്ധപ്പെട്ട പ്രവർത്തനങ്ങൾ എന്നിവയെ കൂടുതൽ പരിസ്ഥിതി സൗഹൃദപരവും സാമൂഹിക-സാംസ്കാരിക സവിശേഷതകൾക്കു അനുസൃതവുമായ മട്ടിൽ നവീകരിക്കുന്ന പ്രക്രിയകൾക്കു പ്രോത്സാഹനം നൽകുക;

സാമ്പത്തിക പുരോഗതിയുടെ സൂചകമായി ജിഡിപി (മൊത്തം ആഭ്യന്തര ഉത്പാദനം) ഉപയോഗിക്കുന്നത് അവസാനിപ്പിച്ചു പകരം എണ്ണാവുന്നതും അല്ലാത്തതുമായ ബഹുസ്വര മാനകങ്ങൾ ഉപയോഗിച്ചു ക്ഷേമം അളക്കുന്ന സംവിധാനങ്ങൾ അംഗീകരിക്കുക; അത്തരം മാനകങ്ങളിൽ കൊളോണിയൽ ഇതരവും സ്ത്രീപക്ഷ കാഴ്ചപ്പാടുള്ളതും പരിസ്ഥിതി സൗഹൃദപരവും ആയ അടിസ്ഥാനത്തിലുള്ള ഭൗതികവും സാമൂഹിക-സാംസ്കാരികപരവും പരിസ്ഥിതി ക്ഷേമപരവുമായ ഘടകങ്ങൾ ഉൾപ്പെടുത്തുക; അതിനായി വ്യത്യസ്ത ഇന്ത്യൻ അവസ്ഥകളെയും ജീവിതരീതികളെയും പഠിക്കുകയും അതിൽ നിന്നും പാഠം പഠിക്കുകയും ചെയ്യുക; മൊത്തം ദേശീയ സന്തോഷം, ദേശീയ ക്ഷേമ മാനകങ്ങൾ, യഥാർത്ഥ വികസന അളവുകോൽ തുടങ്ങിയ വ്യത്യസ്ത മാനകങ്ങൾ അതിനായി ഉപയോഗിക്കാവുന്നതാണ് (വളർച്ചയുടെ ഒരേയൊരു മാനകം എന്ന ചതിക്കുഴിയിൽ ചെന്നു ചാടുന്നത് ഒഴിവാക്കേണ്ടതുമാണ്);

അനാവശ്യവും ദുർവ്യയ സ്വഭാവമുള്ളതുമായ ഉപഭോഗവും ഉപഭോഗസംസ്കാരവും നിരുത്സാഹപ്പെടുത്തുകയും അവയ്ക്കുള്ള പിന്തുണ പിൻവലിക്കുകയും ചെയ്യുക; അത്തരം ഉപഭോഗ രീതികളുടെ ആഘാതം സംബന്ധിച്ച വ്യാപകമായ ബോധവത്കരണം നടത്തുക; അതിനെ പ്രോത്സാഹിപ്പിക്കുന്ന വ്യവസായങ്ങളെയും പരസ്യങ്ങളെയും നിയന്ത്രിക്കുക; സ്വത്തിന്റെ കേന്ദ്രീകരണം തടയുന്ന നിയമങ്ങൾ ആവിഷ്കരിച്ചു നടപ്പാക്കുക (വിശദാംശങ്ങൾക്കു താഴെ നോക്കുക); സമ്പദ്ഘടനയെ ജനാധിപത്യ നിയന്ത്രണത്തിലേക്കും മാനുഷികവും പരിസ്ഥിതി സൗഹൃദപരവുമായ രീതികളിലേക്കും നയിക്കാൻ സഹായിക്കുന്ന ഉപഭോക്തൃ സഹകരണ സംഘങ്ങളുടെയും യൂണിയനുകളുടെയും പ്രവർത്തനം പ്രോത്സാഹിപ്പിക്കുക;

ശമ്പളം /വരുമാനം എന്നിവയ്ക്ക പരിധി നിശ്ചയിച്ച ഇന്ത്യയിൽ ഇന്ന കാണുന്ന കടുത്ത സാമ്പത്തിക അസമത്വത്തിന്ന അന്ത്യം കുറിക്കുന്ന അടിയന്തിര നടപടികൾ സ്വീകരിക്കുക; ഉയർന്ന വരുമാനത്തിനും സമ്പത്തിനും അനന്തരാവകാശ സ്വത്തിനും ഉയർന്ന നികുതി നിരക്കുകൾ ചുമത്തുക; നിലവിൽ 'ദാരിദ്ര്യരേഖ'യിലും തൊട്ടു മുകളിലുമായി കഴിയുന്നവർക്ക് കൂടുതൽ ഉയർന്ന അടിസ്ഥാന വരുമാനം ഉറപ്പാക്കുകയും പ്രാഥമിക മേഖലയിലെ ഉല്പാദകർക്കു പെൻഷൻ ഏർപ്പെടുത്തുകയും മറ്റു ക്ഷേമ നടപടികൾ ഉറപ്പാക്കുകയും ചെയ്യുക; സ്വകാര്യസ്വത്തും സമ്പത്തും അതിന്റെ അനന്തരാവകാശവും നിയന്ത്രിക്കുകയോ ഉപേക്ഷിക്കുകയോ ചെയ്യുന്നതിന്റെ ആവശ്യകത സംബന്ധിച്ച് ഒരു ദേശീയ ചർച്ചയ്ക്കു തുടക്കം കുറിക്കുക;

ആസൂത്രണവും ബജറ്റിങ്ങും അടക്കമുള്ള എല്ലാ ബൃഹത് സാമ്പത്തിക പ്രക്രിയകളും നയങ്ങളും പാരിസ്ഥിതികമായ പരിധികളും സാമൂഹിക-സാമ്പത്തിക നീതിയുടെയും തുല്യതയുടെയും ലക്ഷ്യങ്ങളും കണക്കിലെടുത്തു കൊണ്ടിരിക്കണം എന്നും ഉറപ്പു വരുത്തുക;

മുകളിൽ പറഞ്ഞ എല്ലാ നയങ്ങളുടെയും നടത്തിപ്പിനു പ്രധാനം എന്ന നിലയിൽ, ''കള്ളപ്പണം'' (നികുതി അടക്കേണ്ടതും എന്നാൽ അടയ്ക്കാത്തതുമായ സമ്പത്തിൽ നിന്നുള്ള വരുമാനം, ലാഭം, പലിശ, വാടക, ഡിവിഡണ്ട് തുടങ്ങിയവയിൽ നിന്നുള്ള വരുമാനം തുടങ്ങിയവ) നിയന്ത്രിക്കാനും പൂർണമായും ഇല്ലായ്മ ചെയ്യാനുമുള്ള കർക്കശമായ നീക്കങ്ങൾ നടപ്പിലാക്കുക; അത്തരം സമ്പത്തു അതീവ ഭീമമായ നിലയിലേക്കു വളരുകയും സമ്പദ്ഘടനയുടെയും സമൂഹത്തിന്റെയും എല്ലാ ഘടകങ്ങളെയും മാരകമായി ബാധിക്കാൻ തുടങ്ങുകയും ചെയ്തിട്ടുണ്ട്; അതിന്റെ നിയന്ത്രണത്തിനായി ബാങ്കിങ് പ്രവർത്തനങ്ങളിൽ സുതാര്യത, നികുതി പരിഷ്കരണം, കോർപ്പറേറ്റുകളുടെ മൊത്തം ലാഭത്തിനുള്ള നികുതി തുടങ്ങിയ പരിഷ്‌കരണങ്ങൾ നടപ്പിലാക്കുക.

## ഭക്ഷണം, ജലം, ഊർജം

വിവിധ മേഖലകളിൽ പതിറ്റാണ്ടുകൾ നീണ്ട 'വികസന' പദ്ധതികളും ക്ഷേമ പരിപാടികളും ചില രംഗങ്ങളിലെങ്കിലും കൃത്യമായ നേട്ടങ്ങളും ഉണ്ടെങ്കിലും ഇന്ത്യ ഇന്നും വിശപ്പ്, പോഷകാഹാരക്കുറവ്, സുരക്ഷിതമല്ലാത്ത ഭക്ഷണം, ശുദ്ധജല ലഭ്യതയുടെ അഭാവം, ശുദ്ധവും വിശ്വസനീയവുമായ ഊർജ സ്രോതസ്സുകളുടെ ദൗർലഭ്യം തുടങ്ങിയ നിരവധി ഗുരുതരമായ പ്രശ്നങ്ങൾ നേരിടുന്നുണ്ട്. അതിനു പുറമേ, കോടിക്കണക്കിനു ജനങ്ങൾ തീർത്തും അസുരക്ഷിതവും പാരിസ്ഥിതികമായി ആപത്കരവുമായ രീതിയിലാണ് ഭക്ഷണവും ജലവും കണ്ടെത്തുന്നതും ഊർജം ഉല്പാദിപ്പിക്കുന്നതും അവയെല്ലാം വിതരണം ചെയ്യപ്പെടുന്നതും. അവരിൽ ഒരു വലിയ പങ്കിനും വിഷമയമായ ഭക്ഷണവും ജലവുമാണ് നിത്യോപയോഗത്തിനായി ലഭിക്കുന്നത്. എന്നാൽ അവിടെയും ധാരാളം ജനകീയ മുന്നേറ്റങ്ങളും പരീക്ഷണങ്ങളും ജനങ്ങൾക്കു ബദലുകൾ നൽകുന്നുണ്ട്; അവയിൽ പലതും സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്നവയുമാണ്. അവ ഏറ്റവും പാർശ്വവത്കൃത ജനതയുടെ അടിസ്ഥാനാവശ്യങ്ങൾ പാരിസ്ഥിതികമായി സ്ഥായിയായ മട്ടിൽ നിറവേറ്റുന്നുണ്ട്; അവയിൽ നിന്നും രാജ്യത്തിനു ഒരുപാടു പാഠങ്ങൾ പഠിക്കാനുമുണ്ട്. ഈ സാഹചര്യത്തിൽ താഴെ പറയുന്ന കാര്യങ്ങളിൽ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടത് അനിവാര്യമാണ്:

### ഭക്ഷണം

കൃഷിഭൂമിയിൽ ഭക്ഷ്യവിഭവങ്ങളുടെ ഉല്പാദനത്തിനു കർഷകരെ പ്രോത്സാഹിപ്പിക്കുന്ന നയങ്ങൾ ആവിഷ്കരിച്ചു നടപ്പാക്കുക; അതിനായി പരിസ്ഥിതി സൗഹൃദ കാർഷികരീതികളും (ജൈവ/സ്വാഭാവിക വളങ്ങൾ ഉദാഹരണം) പുറമെ നിന്നുള്ള ഘടകങ്ങൾ പരമാവധി ചുരുക്കിയും ജലോപയോഗം പരിമിതമാക്കിയും കാർഷിക പ്രക്രിയകൾ ചെറുകിട കർഷകരുടെ നിയന്ത്രണത്തിൽ നിൽക്കുന്നതാണെന്നു ഉറപ്പു വരുത്തിയും ജൈവപരമായി

വൈവിധ്യമുള്ളതും (പ്രാദേശിക ചാമ ഇനങ്ങളും പയറുവർഗങ്ങളും മറ്റും) വിത്ത്, ഭൂമി, കാർഷിക ജ്ഞാനം തുടങ്ങിയ ഉല്പാദനത്തിന്റെ വിവിധ ഘടകങ്ങളിൽ കർഷകർക്കു നിയന്ത്രണമുള്ളതും (അന്ന സ്വരാജ് എന്ന ലക്ഷ്യം കൈവരിക്കാൻ സഹായിക്കുന്നതും) ആയ കൃഷിരീതികളാണ് പ്രോത്സാഹിപ്പിക്കപ്പെടേണ്ടത്; അത്തരം ലക്ഷ്യങ്ങൾ നേടാനായി ഭക്ഷ്യസുരക്ഷാ നിയമം ഭക്ഷ്യ പരമാധികാര നിയമം എന്ന നിലയിൽ പരിവർത്തിപ്പിക്കുക; നിലവിലെ രാസവള സബ്സിഡികൾ കർഷകർ സ്വയംപര്യാപ്തി നേടുംവരെ പരിസ്ഥിതിസൗഹൃദ കാർഷിക ആവശ്യങ്ങൾക്കായി മാറ്റി നൽകുക; 2040നകം ഇന്ത്യയിലെ ഭക്ഷ്യോത്പാദനം 100 ശതമാനവും ജൈവരീതിയിലാക്കുമെന്ന ലക്ഷ്യം പ്രഖ്യാപിക്കുക; രാസവളങ്ങളുടെയും കീടനാശിനികളുടെയും ഉപയോഗം ക്രമമായി കുറയ്ക്കുന്നതിനും അതിന്റെ ഉപയോഗത്തിനു പരിധി നിശ്ചയിക്കുന്നതിനും തീരുമാനിക്കുക; പുറത്തു നിന്നുള്ള ഇത്തരം ഘടകങ്ങളുടെ ഉപയോഗം കുറയ്ക്കാനായി പ്രാദേശിക സംവിധാനങ്ങളും സാങ്കേതികവിദ്യയും ഉപയോഗിക്കുക.

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കും കൃത്രിമ ഭക്ഷ്യങ്ങൾ ഉപയോഗിക്കാൻ നിർബന്ധിതരാവുന്ന നഗരങ്ങളിലെ തൊഴിലാളികൾക്കും ജൈവപരമായി ഉല്പാദിപ്പിച്ചതും ആരോഗ്യദായകവുമായ ഭക്ഷ്യവിഭവങ്ങൾ (ചാമ വിഭവങ്ങൾ, പയറുവർഗങ്ങൾ, പഴങ്ങൾ, പച്ചക്കറി) കുറഞ്ഞ വിലയ്ക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുക; പോഷകം കുറഞ്ഞ കൃതിമഭക്ഷ്യ വിഭവങ്ങളുടെ ഉപഭോഗം കുറയ്ക്കാനായി സുരക്ഷിതമല്ലാത്ത അത്തരം വിഭവങ്ങളുടെ മേലുള്ള സബ്സിഡി ഒഴിവാക്കുകയും പകരം സുരക്ഷിതവും ആരോഗ്യപ്രദവും പോഷകദായകവുമായ വിഭവങ്ങൾക്ക് ആവശ്യമെങ്കിൽ സബ്സിഡി ഏർപ്പെടുത്തുകയും ചെയ്യുക; അത്തരം വിഭവങ്ങൾ പൊതുവിതരണ സംവിധാനം വഴിയും ഉച്ചഭക്ഷണ പരിപാടികൾ വഴിയും പാവപ്പെട്ടവർക്കു ഭക്ഷ്യവിഭവങ്ങൾ എത്തിക്കുന്ന മറ്റു സംവിധാനങ്ങൾ വഴിയും വിതരണം ചെയ്യുക.

ഇന്ത്യയിലെ ഭക്ഷ്യവിഭവങ്ങളിലും അതിനായി ഉപയോഗിക്കുന്ന ഇനങ്ങളിലും വൈവിധ്യം ഉറപ്പാക്കേണ്ടതിന്റെ പ്രാധാന്യം സംബന്ധിച്ച് ബോധവൽക്കരണം നടത്തുക; ടിന്നിലടച്ച വിഭവങ്ങൾക്കു പകരം പതുക്കെ ഉണ്ടാക്കുന്നതും വ്യത്യസ്ത വിഭവങ്ങൾ ഉൾക്കൊള്ളുന്നതും പോഷകദായകവും ആയ വിഭവങ്ങൾക്കു (ഉദാഹരണം ചാമ വിഭവങ്ങൾ) പ്രോത്സാഹനം നൽകുക; ഭക്ഷ്യകാര്യങ്ങളിൽ ജാതീയമായ മുൻവിധികൾ കെട്ടിയേല്പിക്കുന്നതു തടയുകയും ഭക്ഷ്യ സംസ്കാരം, രീതികൾ എന്നിവയിൽ വൈവിധ്യം നിലനിർത്തുകയും അവയെ ഏകതാനമാക്കാനുള്ള നീക്കങ്ങളെ ചെറുക്കുകയും ചെയ്യുക;

കൃഷി ചെയ്യാത്ത (തനിയെ വളരുന്ന) വിഭവങ്ങൾ ഭക്ഷണത്തിൽ ഉപയോഗിക്കുന്നതു പ്രോത്സാഹിപ്പിക്കുകയും അത്തരം രീതികൾ പുനരുദ്ധരിക്കുകയും ചെയ്യുക; അവ സ്ഥായിയായ രീതിയിൽ ലഭിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നു എന്നു ഉറപ്പു വരുത്തുക;

ഭക്ഷ്യ ഉല്പാദകരും ഉപഭോക്താക്കളും തമ്മിലുള്ള ബന്ധങ്ങൾ ശക്തിപ്പെടുത്തുക; അവർക്കിടയിൽ പരസ്പര ബഹുമാനം വളർത്തുക; ഭക്ഷ്യാവശ്യങ്ങൾക്കു വേണ്ടി പ്രാദേശിക വ്യാപാരികളെ പരമാവധി പ്രോത്സാഹിപ്പിക്കുക; ഉല്പാദകർക്കും ഉപഭോക്താക്കൾക്കും പരാതിക്കു ഇടനൽകാത്ത വിധം ന്യായവില നിശ്ചയിക്കാൻ അവർക്കു പ്രോത്സാഹനവും പിന്തുണയും നൽകുക;

കമ്പോളവില കർഷകനു ന്യായമായ പ്രതിഫലം ഉറപ്പു നൽകാത്ത അവസരങ്ങളിലും പ്രദേശങ്ങളിലും കാർഷികോല്പന്നങ്ങൾക്കു മിനിമം താങ്ങുവില പ്രഖ്യാപിക്കുക.

ജലം

ജലവുമായി ബന്ധപ്പെട്ട എല്ലാ നയങ്ങളിലും പരിപാടികളിലും താഴെപ്പറയുന്ന മുൻഗണനാക്രമം ഏർപ്പെടുത്തുകയും അതു പാലിക്കുകയും വേണം (മുൻഗണനയുടെ അടിസ്ഥാനത്തിൽ): ജലം ജീവിതത്തിനു വേണ്ടി (കുടിക്കാൻ, വസ്ത്രം കഴുകാൻ, ശുചീകരണത്തിന്, കന്നുകാലികൾക്ക്, വന്യജീവികൾക്ക്); പരിസ്ഥിതിയുടെ ആവശ്യങ്ങൾക്കും പ്രവർത്തനത്തിനും, ജീവനോപാധി എന്ന നിലയിലും (ഭക്ഷ്യോത്പാദനം അടക്കമുള്ള ആവശ്യങ്ങൾക്ക്); മാറ്റങ്ങളോടു സമരസപ്പെട്ടു പോകാനുള്ള ആവശ്യങ്ങൾക്ക് (കാലാവസ്ഥാമാറ്റം, ഭൂമിയുടെ ഉപയോഗം, ജീവനോപാധികൾ തുടങ്ങിയവ); വ്യാവസായിക/ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള ഉപയോഗം; ഉപഭോഗ മാനേജ്മെന്റ്/ നിയന്ത്രണം, പ്രത്യേകിച്ചും ജലത്തിന്റെ ദൗർലഭ്യമുള്ള അവസരങ്ങളിൽ പുതിയ സ്രോതസ്സുകൾ തേടുന്നതിനേക്കാൾ ജലം പാഴാക്കുന്നതു തടയുന്നതിനും ആഡംബരത്തിനായുള്ള ഉപയോഗം കുറയ്ക്കുന്നതിനും മുൻഗണന കൊടുക്കേണ്ടതാണ്.

ജലോപയോഗത്തിൽ ബൃഹത് പദ്ധതികൾക്കും കേന്ദ്രീകൃത നിയന്ത്രണത്തിനും പകരം വികേന്ദ്രീകൃത ഉപയോഗവും ജലവിഭവ മാനേജ്മെന്റും ഏർപ്പെടുത്തുക; അതിനായി പരമ്പരാഗതവും ആധുനികവുമായ വിജ്ഞാനരീതികളെ സമഞ്ജസമായി യോജിപ്പിച്ച് പ്രയോഗത്തിൽ വരുത്തുക;

ജലസ്രോതസ്സുകളുടെയും തണ്ണീർത്തടങ്ങളുടെയും പുനരുജ്ജീവനം, പുനർനിർമാണം, അവയിലെ മാലിന്യങ്ങൾ നീക്കം ചെയ്യൽ എന്നിവയ്ക്ക് ഏറ്റവും ഉയർന്ന പരിഗണനയും മുൻഗണനയും നൽകുക (സാധ്യമായ ഇടങ്ങളിൽ വൻകിട ഡാമുകളും മറ്റും ഡീക്കമ്മീഷൻ ചെയ്യുക); അത്തരം ജലസംഭരണി പ്രദേശങ്ങളുടെ ജൈവപുനർനിർമാണവും സംരക്ഷണവും ഉറപ്പാക്കുക;

ജലത്തിന്റെ തുല്യമായ വിതരണം സാമൂഹിക നിയന്ത്രണത്തിലുള്ള ഭരണസംവിധാനങ്ങൾ വഴി നിയന്ത്രിക്കുകയും ഉറപ്പാക്കുകയും ചെയ്യുക; ജലത്തിന്റെ ലഭ്യത, അതിന്റെ അളവ്, മാനേജ്മെന്റ് എന്നിവയിൽ ലിംഗപരമായ ഭിന്നതകൾ അവസാനിപ്പിക്കുക; ജലത്തിന്റെ ഉപയോഗം (ഭൂഗർഭ ജലം അടക്കം) നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിന് സാമൂഹിക സംവിധാനങ്ങൾ വികസിപ്പിക്കുക;

ഗാർഹിക, കാർഷിക, വ്യാവസായിക ആവശ്യങ്ങൾക്കായുള്ള ജലത്തിന്റെ ഉപയോഗം ഫലപ്രദമായ മാർഗങ്ങൾ ഉപയോഗിച്ചും തുല്യമായ വിതരണം മുഖേനയും ആവശ്യങ്ങളുടെ നിയന്ത്രണം വഴിയും പുനരുപയോഗവും പുനർചംക്രമണവും വഴിയും പരമാവധി ചുരുക്കുക;

ജീവനും ജീവനോപാധികളും പ്രകൃതിയും നശിപ്പിക്കുന്ന
തരത്തിലുള്ള നദികളുടെ പരസ്പരം ബന്ധിപ്പിക്കൽ, ആഭ്യന്തര ജലപാതകൾ, വൻകിട ജലവൈദ്യുത പദ്ധതികൾ തുടങ്ങിയ ബൃഹത് പദ്ധതികൾ പൂർണമായും ഉപേക്ഷിക്കുക; പകരം കൂടുതൽ പരിസ്ഥിതി സൗഹൃദപരവും സ്ഥായിയായി നില്ക്കുന്നതും കാലാവസ്ഥയ്ക്ക് അനുകൂലവും ചെലവു കുറഞ്ഞതുമായ പദ്ധതികൾ ബന്ധപ്പെട്ട എല്ലാ വിഭാഗം ജനങ്ങളുടെയും പങ്കാളിത്തത്തോടെ നടപ്പിൽ വരുത്തുക;

കാലാവസ്ഥാ മാറ്റങ്ങളുടെ ആവശ്യം കണക്കിലെടുത്ത് എന്ന പേരിൽ ആരംഭിക്കുന്ന പദ്ധതികൾ താല്ക്കാലിക താല്പര്യങ്ങൾ മുൻനിർത്തിയവ ആയതിനാലും ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങൾ ഉയർത്തുന്നു എന്നതിനാലും (ഉദാഹരണത്തിന് നദികളുടെ ആഴവും വീതിയും കൂട്ടൽ, വളവുകൾ നികത്തൽ തുടങ്ങിയവ) പൂർണമായും റദ്ദാക്കുക;

എല്ലാ ജലവും ജലസ്രോതസ്സുകളും സമൂഹത്തിനു പൊതുവായ അവകാശം ഉള്ളതായി കണക്കാക്കുകയും അതിനാൽ അവയുടെ സ്വകാര്യവത്കരണം അസാധ്യമെന്നു പ്രഖ്യാപിക്കുകയും ചെയ്യുക; അതിനായി ഭരണഘടനയിൽ പുതിയ വകുപ്പ് കൂട്ടിച്ചേർക്കുകയും ബന്ധപ്പെട്ട നിയമങ്ങൾ ആവിഷ്കരിക്കുകയും ചെയ്യുക;

നദികളുടെയും മറ്റും പൊതുവായ സംരക്ഷണത്തിന് വിവിധ തലങ്ങളിൽ വേണ്ടപ്പെട്ട സ്ഥാപനങ്ങൾക്കു രൂപം കൊടുക്കുക (മൈക്രോ തല തണ്ണീർത്തടങ്ങൾ, വ്യത്യസ്ത സംസ്ഥാനങ്ങളിൽ പരന്നു കിടക്കുന്ന നദികളുടെ പൊതുവായ തടങ്ങൾ, ഉപതടങ്ങൾ); പല നദികൾക്കും അന്തർസംസ്ഥാന തലത്തിലുള്ള തടങ്ങൾ ഉള്ളതിനാൽ അവയുടെ സംരക്ഷണവും മറ്റും പൊതുവായി നടപ്പിൽ വരുത്തേണ്ട വിഷയങ്ങൾ എന്ന നിലയിൽ അവയ്ക്കു നിയമപരിരക്ഷ നൽകുക; നിയമപരമായി സൃഷ്ടിക്കപ്പെട്ട ജനാധിപത്യ സ്ഥാപനങ്ങൾ എന്ന നിലയിൽ ഡാറ്റ, വിവരങ്ങൾ, അനുഭവങ്ങൾ എന്നിവയുടെ കൈമാറ്റത്തിനുള്ള വേദിയായും തർക്കങ്ങൾ പരിഹരിക്കാനുള്ള സംവിധാനമായും അവ ഉപയോഗിക്കപ്പെടേണ്ടതാണ്;

നദികളും തടാകങ്ങളും അടക്കമുള്ള തണ്ണീർത്തടങ്ങളുടെ സ്വന്തം നിലയിൽ നിലനിൽക്കാനുള്ള അവകാശങ്ങൾ നിയമപരമായി അംഗീകരിക്കുക; അതിനായി ഉത്തരാഖണ്ഡ് ഹൈക്കോടതി ഗംഗാ, യമുനാ നദികളുടെ അവകാശങ്ങൾ സംരക്ഷിച്ചു കൊണ്ടു നൽകിയ ഉത്തരവ് മാതൃകയാക്കുക.

ഊർജം

ഊർജരംഗത്തെ ദുർവ്യയവും അനാവശ്യ ഉപഭോഗവും നിയന്ത്രിച്ച് ഉല്പാദനവും ഉപഭോഗവും തമ്മിലുള്ള വിടവു കുറയ്ക്കാനുള്ള ശക്തമായ നടപടികൾ അത്യന്താപേക്ഷിതമാണ്. പാരിസ്ഥിതികമായ ഘടകങ്ങൾ കണക്കിലെടുത്തു ഊർജോല്പാദനം അതിന്റെ പരിധിയിൽ ഒതുക്കിനിർത്താനും നടപടികൾ വേണം; അതേപോലെ ഊർജ സംരക്ഷണവും അതിന്റെ ശ്രദ്ധയോടെയുള്ള ഉപയോഗവും പ്രോത്സാഹിപ്പിക്കണം; ഉല്പാദനത്തിലും പ്രസരണത്തിലും ഊർജം പാഴാവുന്ന സ്ഥിതി ഒഴിവാക്കാൻ കൂടുതൽ കാര്യക്ഷമമായ ഉപകരണങ്ങളും സാങ്കേതികവിദ്യയും നടപ്പിലാക്കണം;

പരമ്പരാഗത ഊർജോല്പാദന സ്രോതസ്സുകൾക്കും ഉല്പാദന രീതികൾക്കും പകരമായി കൂടുതൽ വികേന്ദ്രീകൃതവും പുനരുത്പാദന സാധ്യതയുള്ളതും പങ്കാളിത്ത സ്വഭാവത്തിൽ കൈകാര്യം ചെയ്യപ്പെടുന്നതുമായ സ്രോതസ്സുകൾക്കും ഉല്പാദനരീതികൾക്കും പ്രസരണ സംവിധാനങ്ങൾക്കും മുൻഗണന നൽകണം. എണ്ണയും ആണവശക്തിയും അടിസ്ഥാനപ്പെടുത്തിയ ഊർജോല്പാദന രീതികൾ 2030നകം പൂർണമായും ഒഴിവാക്കി പകരം പുനരുത്പാദന സ്രോതസ്സുകൾ ഉപയോഗിക്കണം. നിലവിലെ ജലവൈദ്യുത പദ്ധതികളിലെ ഊർജോല്പാദനവും അതിന്റെ ഉപയോഗവും കൂടുതൽ കാര്യക്ഷമമാക്കുകയും പുതിയ ജലവൈദ്യുത പദ്ധതികളുടെ ആവശ്യം ഒഴിവാക്കുകയോ പരമാവധി കുറയ്ക്കുകയോ ചെയ്യണം; ഭാവിയിൽ വൻകിട ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുന്നത് പൂർണമായും ഒഴിവാക്കാനും സാധിക്കണം.

ഊർജാവശ്യങ്ങൾ നിവൃത്തിക്കാനായി എല്ലാവർക്കും അതു തുല്യനിലയിൽ ലഭ്യമാകുന്നു എന്നു ഉറപ്പു വരുത്തുന്ന നടപടികൾ വേണം; ഊർജം ആഡംബരത്തിനും മറ്റുമായി പാഴാക്കുന്നവരിൽ നിന്നും അതു അടിസ്ഥാനാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നവരിലേക്കു എത്തിച്ചു കൊടുക്കാൻ കഴിയണം.

വൈദ്യുതിയിതര ഊർജ സ്രോതസ്സുകളായ ബയോമാസ്സ്, ജലമില്ലുകൾ പോലുള്ള പാരമ്പര്യ സംവിധാനങ്ങൾ, ചൂടാക്കാനും തണുപ്പിക്കാനുമുള്ള പരമ്പരാഗത സങ്കേതങ്ങൾ തുടങ്ങിയവയും പരമാവധി ഉപയോഗിക്കാൻ കഴിയണം.

ഉല്പാദനവും വിതരണവും കാര്യക്ഷമമാക്കണം; ഉല്പാദന ചെലവ് തുല്യമായി വീതിക്കണം; ചെലവു ചുരുക്കുകയും കാര്യക്ഷമത വർധിപ്പിക്കുകയും വേണം; ഊർജാസൂത്രണത്തിൽ പാർശ്വവത്കൃത സമൂഹങ്ങളുടെ ആവശ്യങ്ങൾ കൂടി കണക്കിലെടുത്തു അവയുടെ ഉല്പാദന-വിതരണ സംവിധാനം കൂടുതൽ കാര്യക്ഷമവും ജനങ്ങളോടു ഉത്തരവാദിത്വമുള്ളതും ആക്കണം.

ആരോഗ്യവും ശുചിത്വവും

രാജ്യത്തെ ദുർബല വിഭാഗങ്ങൾ കടുത്ത ആരോഗ്യ പ്രശ്നങ്ങളുടെ നടുവിലാണ്; ഈ പ്രതിസന്ധിയ്ക്ക് ഒരു കാരണം ആരോഗ്യ സംവിധാനം വൻതോതിൽ സ്വകാര്യവത്കരിക്കപ്പെട്ടതോടെ ചികിത്സാ സൗകര്യങ്ങൾ -- പ്രതിരോധ ചികിത്സയും രോഗചികിത്സയും -- കൂടുതൽ അപ്രാപ്യമായി എന്നതാണ്. അതേപോലെ മിക്കവർക്കും ആവശ്യമായ അളവിൽ ഇന്ന് പോഷകാഹാരം ലഭിക്കുന്നില്ല; ശുദ്ധജലവും പലപ്പോഴും കിട്ടാക്കനിയാണ്. ധാരാളമാളുകൾ രാസമാലിന്യങ്ങളുടെ നടുവിലാണ് ജീവിക്കുന്നത്; സംഘർഷാത്മകമായ അവസ്ഥകളിൽ കഴിയുന്ന പലരുടെയും മാനസികാരോഗ്യവും പ്രതിസന്ധിയിലാണ്. പ്രകൃതിയിൽ നിന്നും സൗജന്യമായി ലഭിച്ചിരുന്ന പോഷകാഹാരങ്ങളുടെ ലഭ്യത കുറയുകയും പച്ചമരുന്നുകൾ അപ്രത്യക്ഷമാകുകയും ചെയ്തിരിക്കുന്നു. പകരം അനാരോഗ്യകരമായ ടിൻ ഭക്ഷ്യങ്ങൾ വ്യാപകമായി. ഒരുഭാഗത്തു 'ദാരിദ്ര്യത്തിന്റെ രോഗങ്ങൾ' കൂടുതൽ വ്യാപിക്കുന്നു; മറുഭാഗത്തു 'അമിതോപഭോഗ'ത്തിന്റെ രോഗങ്ങളും കുതിച്ചു കയറുന്നു. ഭയാനകമായ മട്ടിൽ മാനസിക രോഗങ്ങളുടെ വ്യാപനവും വലിയ ഉത്കണ്ഠയുണ്ടാക്കുന്നു. അതേസമയം ആയുഷ് പോലുള്ള ആരോഗ്യരക്ഷാ മാർഗങ്ങളും നാടൻ മരുന്നുകളും വേണ്ടത്ര പരിഗണന ലഭിക്കാതെ അവഗണിക്കപ്പെടുന്നു. കോവിഡ് മഹാമാരിയുടെ കാലത്തു നമ്മുടെ ആരോഗ്യ പരിരക്ഷാ സംവിധാനത്തിന്റെ അപര്യാപ്തതകൾ പൂർണമായും വെളിപ്പെടുകയുണ്ടായി. ഇന്ത്യൻ കുടുംബങ്ങൾ പ്രതിവർഷം *120,000* കോടി രൂപ ആരോഗ്യ സംബന്ധമായ ആവശ്യങ്ങൾക്കായി ചെലവഴിക്കുന്നുണ്ട് എന്നാണ് കണക്കുകൾ. അതിൽ കുടുംബത്തിന്റെ ചെലവുകളിൽ *55%* വരെ പോക്കറ്റിൽ നിന്നാണ് കൊടുക്കുന്നത്. എന്നാൽ കോവിഡ് കാലത്തും അതിനു മുമ്പും പിമ്പും വളരെ ആവേശദായകമായ പല ഉദാഹരണങ്ങളും പൊതുജനാരോഗ്യ സംരക്ഷണ മേഖലയിൽ കാണപ്പെടുകയുണ്ടായി. അനാരോഗ്യം തടയാനും ചികിത്സ നൽകാനുമുള്ള പല ബദൽ മാർഗങ്ങളും വിവിധ സമൂഹങ്ങളുടെയും സിവിൽ സൊസൈറ്റി സംഘങ്ങളുടെയും ചിലപ്പോൾ സംസ്ഥാന സർക്കാരുകളുടെയും നേതൃത്വത്തിൽ സംഘടിപ്പിക്കപ്പെട്ടു. അവയിൽ നിന്നുള്ള പാഠങ്ങൾ അടിയന്തിരമായ ചില ഇടപെടലുകളുടെ ആവശ്യകത ബോധ്യപ്പെടുത്തുന്നു.

അനാരോഗ്യം തടയാനുള്ള നടപടികളാണ് ഏറ്റവും മുഖ്യം. അതിനായി ആരോഗ്യ സംരക്ഷണത്തിനുള്ള സാമൂഹിക ഘടകങ്ങളായ പോഷകാഹാരം, ശുദ്ധജലം, ശുചിത്വം, മാനസികമായ സന്തുഷ്ടി, വൃത്തിയുള്ള അന്തരീക്ഷം, സുരക്ഷിതമായ ഗതാഗത സൗകര്യങ്ങൾ, ആരോഗ്യപ്രദമായ സാമൂഹികാന്തരീക്ഷം എന്നിവയ്ക്ക് ഊന്നൽ കൊടുക്കണം; അനാരോഗ്യമുണ്ടാകുന്ന വാണിജ്യ പ്രവർത്തനങ്ങളെ നിരുത്സാഹപ്പെടുത്തണം (ലാഭത്തിനായി സ്വകാര്യ കോർപ്പറേറ്റുകൾ പ്രചരിപ്പിക്കുന്ന പുകവലിയും കൃത്രിമ ചേരുവയുള്ള ഭക്ഷ്യങ്ങളും അടക്കമുള്ളവ); ജനങ്ങളെ തങ്ങളുടെ ആരോഗ്യം കാത്തുസൂക്ഷിക്കാനായി സഹായിക്കുന്നതിനു പരമ്പരാഗതവും ആധുനികവുമായ ആരോഗ്യരക്ഷാ സംവിധാനങ്ങളും രീതികളും സംബന്ധിച്ച അവബോധം വളർത്തണം; ആരോഗ്യ- പോഷണ- മെഡിക്കൽ പരിശീലന, പഠന പദ്ധതികളിൽ ഇക്കാര്യങ്ങൾ കരിക്കുലത്തിന്റെ ഭാഗമാക്കി മാറ്റണം;

രോഗലക്ഷണങ്ങൾ കാണുമ്പോൾ തന്നെ വ്യക്തികൾക്കു ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കണം; പ്രത്യേകിച്ചും അത്തരം ചികിത്സാസംവിധാനങ്ങൾ പാരമ്പര്യമായി ലഭ്യമല്ലാത്ത പ്രദേശങ്ങളിൽ അതിനുള്ള സംവിധാനങ്ങൾ വികസിപ്പിക്കണം; അതിനായി ഫലപ്രദമായ പൊതുജനാരോഗ്യ സംവിധാനം കെട്ടിപ്പടുക്കണം; പൗരന്മാർക്ക് അത്തരം സേവനങ്ങൾ നല്കുന്നതിൽ സർക്കാരിന്റെ ഉത്തരവാദിത്വം ഉറപ്പാക്കുന്ന നടപടികൾ വേണം;

അനാവശ്യമായ ശസ്ത്രക്രിയകളും മറ്റും ഒഴിവാക്കുക; അവയുടെ പരിമിതികൾ സംബന്ധിച്ച അവബോധം വളർത്താനായി ചർച്ചകൾ പ്രോത്സാഹിപ്പിക്കുക;

പരമ്പരാഗതവും ആധുനികവുമായ ചികിത്സാപദ്ധതികളുടെ സംയോജനവും ബഹുസ്വര ആരോഗ്യ പരിരക്ഷയുടെ പ്രാധാന്യവും കണക്കിലെടുക്കുക; ഇന്ത്യയിലും പുറത്തും നിലവിലുള്ള അത്തരം ബഹുവിധ ചികിത്സാരീതികൾ ജനങ്ങളുടെ ആരോഗ്യാവശ്യങ്ങൾക്കായി ലഭ്യമാക്കുക; പാരമ്പര്യ വൈദ്യം, പ്രകൃതി ചികിത്സ, ആയുർവേദം, യൂനാനി, മറ്റു ചികിത്സാരീതികൾ എന്നിവയെ ആധുനിക വൈദ്യത്തിനൊപ്പം പ്രോത്സാഹിപ്പിക്കുക; ഓരോ ആരോഗ്യ ക്ലിനിക്കിലും ആശുപത്രിയിലും മറ്റു ആരോഗ്യകേന്ദ്രങ്ങളിലും അത്തരം വിവിധ ചികിൽസാ സൗകര്യങ്ങൾ ലഭ്യമാണ് എന്ന് ഉറപ്പു വരുത്തുക;

ആരോഗ്യസംരക്ഷണവും ശുചിത്വവും സംബന്ധിച്ച പ്രവർത്തങ്ങൾ സാമൂഹിക നിയന്ത്രണത്തിലുള്ള മാനേജ്മെന്റ് സംവിധാനം വഴി നടപ്പിലാക്കുക; ആരോഗ്യമുള്ള അന്തരീക്ഷവും യുവജനങ്ങൾക്കും ദുർബല വിഭാഗങ്ങൾക്കും സുരക്ഷിതമായ ചുറ്റുപാടുകൾ ഒരുക്കുന്നതിലും ഓരോരുത്തർക്കും വ്യക്തിഗതമായും പൊതുവായുമുള്ള ഉത്തരവാദിത്വം ഉറപ്പു വരുത്തുക; മലവും മറ്റു മാലിന്യങ്ങളും നീക്കം ചെയ്യുന്നതിൽ ജാതി അടിസ്ഥാനപ്പെടുത്തിയ സംവിധാനങ്ങൾ ഒഴിവാക്കുക;

ആശുപത്രികൾ, മറ്റു ആരോഗ്യ സംവിധാനങ്ങൾ എന്നിവയുടെ ലഭ്യത ഉറപ്പാക്കാനായി നിലവിലെ പൊതുജനാരോഗ്യ സംവിധാനങ്ങൾ മെച്ചപ്പെടുത്തുകയും വികസിപ്പിക്കുകയും ചെയ്യുക; അവയിൽ ആവശ്യത്തിനു ജീവനക്കാരെ നിയമിക്കുക; എല്ലാവർക്കും ന്യായമായ ചെലവിൽ ആരോഗ്യ സൗകര്യങ്ങൾ ലഭ്യമാക്കാനായി സ്വകാര്യ ആശുപത്രികളിലെ ചികിത്സയ്ക്കും വിപണിയിലെ മരുന്നുകൾക്കും ന്യായമായ നിരക്കുകൾ നിശ്ചയിക്കുക.

മൊത്തം ആഭ്യന്തര വരുമാനത്തിന്റെ (ജിഡിപി) 3% ആരോഗ്യ മേഖലയിലെ ആവശ്യങ്ങൾക്കായി ചെലവഴിക്കുക.

പരിസ്ഥിതി, പരിസ്ഥിതിശാസ്ത്രം, കാലാവസ്ഥ

സ്വാഭാവിക പരിസ്ഥിതി സംവിധാനങ്ങൾക്കും ജൈവവൈവിധ്യത്തിനും പാരിസ്ഥിതിക അന്തരീക്ഷത്തിനും കഴിഞ്ഞ ദശകങ്ങളിൽ കനത്തതും വ്യാപകവും പരിഹരിക്കാൻ കഴിയാത്തതുമായ ആഘാതം ഏൽക്കുകയുണ്ടായി. വിനാശകരമായ വികസന പദ്ധതികൾ, വാണിജ്യവല്കരണം, കേന്ദ്രീകൃതവും അശ്രദ്ധവുമായ ഭരണനിർവഹണം, തീരുമാനങ്ങൾ എടുക്കുന്നതിലും പദ്ധതികളുടെ നിർവഹണത്തിലും അർഥപൂർണമായ ജനപങ്കാളിത്തത്തിന്റെ അഭാവം, ജനസംഖ്യയിൽ കാണപ്പെടുന്ന ചില പ്രവണതകൾ എന്നതൊക്കെയാണ് അതിനുള്ള കാരണങ്ങൾ. *1991*ൽ സാമ്പത്തിക 'പരിഷ്കരണ'ങ്ങൾ ആരംഭിച്ചതു മുതൽ പാരിസ്ഥിതിക നിയമങ്ങളിലും പ്രക്രിയകളിലും നേരത്തെ കഠിനമായ ശ്രമങ്ങളിലൂടെ നേടിയെടുത്ത പല നേട്ടങ്ങളും അവഗണിക്കപ്പെടുകയോ അവയിൽ വെള്ളം ചേർക്കപ്പെടുകയോ ഉണ്ടായിട്ടുണ്ട്. കഴിഞ്ഞ കുറേ വർഷങ്ങളിൽ ഈ പ്രക്രിയ കൂടുതൽ ഗുരുതരമായി അനുഭവപ്പെടുന്നുമുണ്ട് (ഉദാഹരണത്തിന് വനം, പരിസ്ഥിതി, ജൈവവൈവിധ്യ നിയമങ്ങളിൽ സർക്കാർ കൊണ്ടുവന്ന ഭേദഗതികൾ). കാലാവസ്ഥയുമായി ബന്ധപ്പെട്ട പ്രതിസന്ധി ഇതിനെ കൂടുതൽ ഗുരുതരമായ നിലയിലേക്ക് എത്തിച്ചിരിക്കുന്നു; അതിന്റെ ആഘാതങ്ങൾ ദശലക്ഷക്കണക്കിനു ജനങ്ങളെയാണ് ബാധിക്കുന്നത്; അതിൽ ഏറ്റവും കൂടുതൽ വിഷമം അനുഭവിക്കുന്നത് തൊഴിലാളികളും പ്രാഥമിക മേഖലയിലും പുറംപണികളിലും ഏർപ്പെടുന്ന സാധാരണക്കാരുമാണ്. 'പ്രകൃതി ദുരന്തങ്ങൾ' എന്നു വിളിക്കപ്പെടുന്ന സംഭവങ്ങൾ വർധിച്ചുവരികയാണ്; അവയെ തടയാനും അത്തരം സന്ദർഭങ്ങളിൽ ആശ്വാസം എത്തിക്കാനുമുള്ള

സംവിധാനങ്ങൾ പരിമിതവുമാണ്. അതേസമയം പരിസ്ഥിതി, കാലാവസ്ഥാവ്യതിയാനം നേരിടൽ, ദുരന്ത നിവാരണം തടുങ്ങിയ മേഖലകളിൽ ബജറ്റ് വിഹിതം താരതമ്യേന പരിമിതമാണ്; അവയാകട്ടെ ദുർബല വിഭാഗങ്ങളായ ദളിതർ, ആദിവാസികൾ, ഭൂരഹിത കാർഷിക തൊഴിലാളികൾ, അസംഘടിതരായ നിത്യക്കൂലി തൊഴിലാളികൾ, ഭിന്നശേഷി വിഭാഗങ്ങൾ, സ്ത്രീകളും കുട്ടികളും അടക്കമുള്ള മറ്റു പാർശ്വവത്കൃത വിഭാഗങ്ങൾ എന്നിവരുടെയൊക്കെ ആവശ്യങ്ങൾക്കു പ്രത്യേക പരിഗണന നൽകുന്നുമില്ല. അതേസമയം ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ സാമൂഹിക നിയന്ത്രണത്തിലും നേതൃത്വത്തിലുമായി നൂറുകണക്കിനു ജൈവവൈവിധ്യ സംരക്ഷണ, പരിസ്ഥിതി പുനരുജ്ജീവന പരിപാടികളും കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതവും മണ്ണൊലിപ്പ് അടക്കമുള്ള മറ്റു പ്രശ്നങ്ങളെ നേരിടാനുള്ള പദ്ധതികളും ആവിഷ്കരിച്ചു നടപ്പാക്കപ്പെടുന്നുണ്ട്. എന്നാൽ അവയൊക്കെ നിലവിലെ ഗുരുതരമായ അവസ്ഥയിൽ ഒരു അപവാദം മാത്രമായാണ് നിലനിൽക്കുന്നത്. അതിനാൽ ഈ മേഖലയിൽ അടിയന്തിര ശ്രദ്ധ ആവശ്യപ്പെടുന്ന നിരവധി കാര്യങ്ങളുണ്ട്. അവ താഴെ പറയുന്നു:

രാജ്യത്തിന്റെ മൊത്തവും വിവിധ പ്രദേശങ്ങളുടെയും പാരിസ്ഥിതിക പരിധികളും സഹനശേഷിയും സംബന്ധിച്ച ഗഹനവും സ്വതന്ത്രവുമായ പഠനം നടത്തുകയും (അതിനായി പാരമ്പര്യ, ആധുനിക വിജ്ഞാനശാഖകളുടെ പൂർണമായ കഴിവുകൾ വിനിയോഗിക്കണം) അതിന്റെ വിശദമായ വിവരങ്ങൾ രാജ്യത്തെങ്ങും ചർച്ചക്കായി ലഭ്യമാക്കുകയും ചെയ്യണം;

പാരിസ്ഥിതിക പരിധികൾ സംബന്ധിച്ച അതിർവരമ്പുകൾ പ്രാദേശിക തലം മുതൽ ദേശീയതലം വരെ എല്ലാ മേഖലകളിലും നടപ്പാക്കുന്ന എല്ലാ പദ്ധതികളിലും നിർബന്ധമായും പിന്തുടരുന്നു എന്ന് ഉറപ്പു വരുത്തണം; അതിനായി സ്വതന്ത്രവും എല്ലാ വിഭാഗങ്ങളുടെയും പ്രാതിനിധ്യമുള്ളതും സമഗ്രവുമായ പരിസ്ഥിതി ആഘാത പഠനങ്ങൾ നടത്തണം; എല്ലാ പദ്ധതികൾക്കും (അടിസ്ഥാനസൗകര്യ വികസന പദ്ധതികൾ അടക്കം) പരിപാടികൾക്കും സ്കീമുകൾക്കും മേഖലകൾക്കും അത്തരം പഠനങ്ങൾ നിർബന്ധമാക്കണം (ഇന്ന് ഒഴിവാക്കി നിർത്തിയ പാരമ്പര്യേതര വൻകിട ഊർജപദ്ധതികൾ അടക്കം); അത്തരം പഠനങ്ങൾക്കുള്ള ഫണ്ട് ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നോ അവയുടെ ഗുണഭോക്താക്കളിൽ നിന്നോ മന്ത്രാലയങ്ങളിൽ നിന്നോ നല്കുന്നതിനു പകരം അവയ്ക്കായി ഒരു പൊതുഫണ്ട് തയ്യാറാക്കി അതിൽ നിന്നും ചെലവുകൾ നിർവഹിക്കണം.

സ്വാഭാവിക പരിസ്ഥിതി സംവിധാനങ്ങൾ, ജൈവവൈവിധ്യം, വന്യജീവികൾ എന്നിവയുടെ സംരക്ഷണത്തിനും സുരക്ഷയ്ക്കും സുപ്രധാനമായ സ്ഥാനം നൽകണം, നിലവിൽ ഭീഷണി നേരിടുന്ന ഇത്തരം സംവിധാനങ്ങൾക്ക് പ്രത്യേക ശ്രദ്ധയും നൽകണം; എല്ലാ സംരക്ഷണ പ്രവർത്തനങ്ങളും സാമൂഹിക നിയന്ത്രണത്തിൽ നടക്കുന്നതായി ഉറപ്പു വരുത്തണം (അതിനായി വനസംരക്ഷണ നിയമത്തിലെ മാതൃകകൾ ഉപയോഗിക്കാവുന്നതാണ്); പാരമ്പര്യജന്യവും ആധുനികവുമായ എല്ലാതരം വിജ്ഞാനസമ്പത്തും അതിനായി പ്രയോജനപ്പെടുത്തണം;

വനങ്ങൾ, തണ്ണീർത്തടങ്ങൾ, പുൽമേടുകൾ, തീരങ്ങൾ, കടൽജീവി സങ്കേതങ്ങൾ, അതേപോലെ വിവിധ സമൂഹങ്ങൾ ആശ്രയിക്കുന്ന പരിസ്ഥിതി പ്രധാനമായ പ്രദേശങ്ങളുടെ ഭരണവും നിയന്ത്രണവും പൊതു ഉടമയിലാണെന്ന് ഉറപ്പാക്കണം (അല്ലാത്തവ വീണ്ടും പൊതുനിയന്ത്രണത്തിൽ കൊണ്ടുവരണം); ഗ്രാമസഭ, മുഹല്ല സഭ, പരമ്പരാഗത സാമൂഹിക നിയന്ത്രണ സംവിധാനങ്ങൾ എന്നിവയ്ക്ക് അവയുടെ നിയന്ത്രണവും മേൽനോട്ടവും നൽകുകയും അതിൽ സ്ത്രീകൾക്കും അവരുടെ സംഘങ്ങൾക്കും അത്തരം പ്രദേശങ്ങളെ ഉപജീവനത്തിനായി ആശ്രയിക്കുന്ന വിഭാഗങ്ങൾക്കും പ്രമുഖ സ്ഥാനം ഉറപ്പാക്കുകയും ചെയ്യണം;

ജൈവവൈവിധ്യ നാശം,കാലാവസ്ഥാ വ്യതിയാനം, വിഷവസ്തുക്കളുടെയും മാലിന്യങ്ങളുടെയും വ്യാപനം തുടങ്ങിയ ആഗോള പാരിസ്ഥിതിക പ്രശ്നങ്ങളിൽ ഇന്ത്യയുടെ ഉത്തരവാദിത്വം സംബന്ധിച്ച വസ്തുനിഷ്ഠമായ പഠനങ്ങൾ നടത്തുകയും ആഗോള തലത്തിലെ ഉത്തരവാദിത്വമുള്ള പൗരർ എന്ന നിലയിൽ നമ്മുടെ ചുമതലകൾ നിറവേറ്റുകയും

ചെയ്യുക; അത്തരം പ്രശ്നങ്ങൾക്കു പ്രാഥമികമായും ഉത്തരവാദികളായ രാജ്യങ്ങളോടു പരിഹാരശ്രമങ്ങളിൽ തങ്ങളുടെ ബാധ്യതകൾ നിറവേറ്റാൻ ആവശ്യപ്പെടുകയും ചെയ്യണം;

നിലവിലെയും ഭാവിയിൽ വരാനിരിക്കുന്നതുമായ ആഗോള പാരിസ്ഥിതിക പ്രതിസന്ധിയുടെ ആഘാതം ഇന്ത്യയുടെ ജൈവവൈവിധ്യത്തിലും ജനജീവിതത്തിലും ഉണ്ടാക്കാൻ പോകുന്ന പ്രശ്നങ്ങൾ സംബന്ധിച്ച പഠനങ്ങൾ നടത്തുകയും അതിന്റെ ബുദ്ധിമുട്ടുകളെ നേരിടാനും കുറയ്ക്കാനുമുള്ള തയ്യാറെടുപ്പുകൾ നടത്തുകയും വേണം; പ്രത്യേകിച്ചും അത്തരം ആഘാതങ്ങൾ ഏറ്റവും രൂക്ഷമായി നേരിടുന്ന ദുർബല വിഭാഗങ്ങളുടെ താൽപര്യങ്ങൾക്കു പ്രത്യേക പരിഗണന നൽകണം.

കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച ദേശീയ കർമപദ്ധതി (എൻ.എ.പി.സി.സി)യും സംസ്ഥാനതല പദ്ധതികളും പ്രതിസന്ധിയുടെ ആഘാതം നേരിടുന്ന ജനങ്ങളുടെയും സമൂഹങ്ങളുടെയും പൊതുസമൂഹ സംഘടനകളുടെയും പ്രതിനിധികളും മറ്റു സ്വതന്ത്രവിദഗ്ധരും അടങ്ങുന്ന സമിതികൾ രൂപീകരിച്ച് വിശദ പരിശോധനയ്ക്കും തിരുത്തലുകൾക്കും വിധേയമാക്കുക; പ്രതിസന്ധിയുടെ ആഘാതം കുറയ്ക്കാനും മാറുന്ന സ്ഥിതിഗതികൾക്കു അനുസൃതമായി ജീവിതം കരുപ്പിടിപ്പിക്കാൻ ജനങ്ങളെയും സമൂഹങ്ങളെയും പ്രാപ്തരാക്കാനും അതിലൂടെ സാധിക്കുന്ന വിധത്തിൽ അവയുടെ ലക്ഷ്യങ്ങൾ കൂടുതൽ ഫലപ്രദവും കൃത്യവുമാക്കി മാറ്റണം; അതേപോലെ മാലിന്യ വിസർജനം കുറയ്ക്കുന്ന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിലും കൊടുംകാറ്റും വരൾച്ചയും അടക്കമുള്ള പ്രകൃതി പ്രതിഭാസങ്ങൾ നേരിടുന്നതിലും സഹായിക്കുന്ന നിലയിൽ അതിന്റെ ലക്ഷ്യങ്ങളിൽ കൃത്യത വരുത്തണം;

ഇന്ത്യയിലെ വളർന്നുവരുന്ന കാർബൺ, ഹരിത ക്രെഡിറ്റ് കമ്പോളത്തിന്റെ പ്രവർത്തനങ്ങളും അതിന്റെ നിയമസംഹിതയും പരിശോധനാ വിധേയമാക്കുക; പ്രത്യേകിച്ചും ഈ മേഖലയിലെ ജനാധിപത്യപരമായ മേൽനോട്ട സംവിധാനത്തിന്റെ അഭാവം ഉടൻ പരിഹരിക്കുകയും അവയുടെ പ്രവർത്തനം ബന്ധപ്പെട്ട സമൂഹങ്ങൾക്ക് (പ്രത്യേകിച്ചും ദുർബല വിഭാഗങ്ങൾക്ക്) പ്രയോജനം നൽകുന്നുണ്ടോ എന്നും അവ കാലാവസ്ഥാ വ്യതിയാനം കുറയ്ക്കുന്നതിൽ യഥാർത്ഥത്തിൽ എന്തെങ്കിലും സംഭാവന നൽകുന്നുണ്ടോ എന്നും പരിശോധിക്കുകയും ചെയ്യേണ്ടതാണ്; അവയ്ക്കു പകരമായി കാലാവസ്ഥാ വ്യതിയാനം നേരിടുകയും കുറയ്ക്കുകയും ചെയ്യുന്നതിനുള്ള സാമൂഹികമായ ഇടപെടലുകൾക്കും മുന്നേറ്റങ്ങൾക്കും കൂടുതൽ പിന്തുണ സർക്കാർ ഉറപ്പു വരുത്തണം; ഉദാഹരണത്തിന് സമൂഹങ്ങളുടെ ഉത്സാഹത്തിലും നിയന്ത്രണത്തിലും ആരംഭിച്ച നടപ്പാക്കുന്ന സ്വാഭാവിക ജൈവ സംവിധാനങ്ങൾക്കും ജൈവ കൃഷി അടക്കമുള്ള രീതികൾക്കും കൂടുതൽ പ്രോത്സാഹനം നൽകണം.

കാലാവസ്ഥയുമായി ബന്ധപ്പെട്ട പ്രശ്നപരിഹാരങ്ങൾക്കും ദുരന്ത നിവാരണത്തിനുമായുള്ള സംവിധാനങ്ങൾ -- കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച ദേശീയ കർമപദ്ധതി (എൻ.എ.പി.സി.സി), ദേശീയ ദുരന്ത നിവാരണ സേന (എൻ.ഡി.ആർ.എഫ്) എന്നിവയടക്കം -- പട്ടികജാതി-പട്ടികവർഗങ്ങൾ അടക്കമുള്ള ഏറ്റവും ദുർബലവിഭാഗങ്ങളുടെ താൽപര്യങ്ങൾക്കു പ്രത്യേക ശ്രദ്ധ കൊടുക്കുന്നതായും അത്തരം ആവശ്യങ്ങൾക്കു അനിവാര്യമായ ഫണ്ട് ബജറ്റിൽ അവർക്കു ലഭിക്കുന്നതായും ഉറപ്പു വരുത്തുക; സംസ്ഥാനങ്ങളിൽ അത്തരം ധനകാര്യ സഹായങ്ങൾ സംസ്ഥാനതല ദുരന്ത നിവാരണ സേനകളുടെയും എസ് സി/ എസ് ടി സബ് പ്ലാനിന്റെയും ഈ വിഭാഗങ്ങളുടെ ക്ഷേമത്തിനായുള്ള ബന്ധപ്പെട്ട മറ്റു പദ്ധതികളുടെയും ഭാഗമാക്കി മാറ്റുക.

ജനങ്ങളുടെ ജീവനത്തിനും തൊഴിലിനും ഉറപ്പു നൽകുന്ന രീതിയിൽ ഭൂമി-ജല പുനരുജ്ജീവനത്തിനു ഒരു ദേശീയ പദ്ധതിയ്ക്കു രൂപം കൊടുക്കുക; അതിനായി പ്രാദേശിക പാരിസ്ഥിതിക ഘടകങ്ങൾക്കു ഊന്നൽ നൽകുന്ന സംവിധാനങ്ങൾ ആവിഷ്കരിക്കുക; മുകളിൽ പറഞ്ഞ പരിസ്ഥിതി സംരക്ഷണത്തിനുള്ള ബദൽ നടപടികളുമായി അവയെ ബന്ധപ്പെടുത്തുക;

കീടനാശിനികളും അലക്കുപൊടികളും ഉൾപ്പെടെ മാരക രാസവസ്തുക്കളും ലോഹങ്ങളും ഉൾക്കൊള്ളുന്ന എല്ലാ ഉല്പന്നങ്ങളും അടുത്ത പത്തു വർഷത്തിനകം കമ്പോളത്തിൽ നിന്നും നീക്കം ചെയ്യുക; പകരം പരിസ്ഥിതി സൗഹൃദപരവും (മനുഷ്യർക്കും പക്ഷിമൃഗാദികൾക്കും) സുരക്ഷിതവുമായ ബദൽ ഉല്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുക;

എല്ലാ ജലസംഭരണ സംവിധാനങ്ങളും മാലിന്യമുക്തമാക്കാനും നഗരങ്ങളിലും വ്യവസായകേന്ദ്രങ്ങളിലും മലിനീകരണം ഒഴിവാക്കാനും ശബ്ദമലിനീകരണം അംഗീകൃത മാനദണ്ഡങ്ങളിലേക്കു താഴ്ത്തിക്കൊണ്ടു വരാനും ആവശ്യമായ നടപടികൾ സ്വീകരിക്കുക; പ്രതിവർഷം ഇരുപത് ദശലക്ഷത്തിലേറെ ജനങ്ങളുടെ മരണത്തിനു ഇടയാക്കുകയും ജനങ്ങളുടെ മാനസികാരോഗ്യത്തെ ബാധിക്കുകയും ചെയ്യുന്ന ഗുരുതര പ്രതിസന്ധിയായ അന്തരീക്ഷ മലിനീകരണം അടിയന്തിര പ്രാധാന്യത്തോടെ കൈകാര്യം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുക;

വന്യജീവികൾ അടക്കം പ്രകൃതിയ്ക്ക് നിയമപരമായ അവകാശങ്ങൾ അനുവദിക്കുക; അതിന്റെ പ്രാഥമിക ചുമതലക്കാരായി ബന്ധപ്പെട്ട സമൂഹങ്ങളെയും ജനങ്ങളെയും അധികാരപ്പെടുത്തിക്കൊണ്ടു ഭരണഘടനയിലും നിയമങ്ങളിലും ആവശ്യമായ വകുപ്പുകൾ കൊണ്ടുവരിക;

മാലിന്യമുക്ത ജനവാസ കേന്ദ്രങ്ങൾക്കു പ്രോത്സാഹനവും സഹായവും നൽകുക; മാലിന്യം ഉണ്ടാകുന്നതു ഉറവിടത്തിൽ തന്നെ തടയുന്ന നടപടികൾക്കു പ്രാമുഖ്യം നൽകുക (ഉദാഹരണത്തിന്, പരമ്പരാഗതമോ പുതിയതോ ആയ ബദലുകൾ ഉപയോഗിക്കുന്നതിനു പ്രോത്സാഹനം നൽകൽ); വിഷമാലിന്യങ്ങൾ അടങ്ങുന്ന ഉല്പന്നങ്ങളെ നിരോധിക്കുക; ഉപയോഗശേഷം ഉപേക്ഷിക്കപ്പെടുന്ന ഘടകങ്ങൾ റീസൈക്ലിങ്, അപ് സൈക്ലിംഗ്, കമ്പോസ്റ്റിംഗ് തുടങ്ങിയ മാർഗങ്ങളിലൂടെ പുനരുപയോഗത്തിനു വേണ്ടി തയ്യാറാക്കുക;

ഇലക്ഷൻ കമ്മീഷൻ, സി.എ.ജി തുടങ്ങിയ ഭരണഘടനാ സ്ഥാപനങ്ങളുടെ മാതൃകയിൽ ഭരണഘടനാ പദവിയുള്ള സ്വതന്ത്ര ദേശീയ പരിസ്ഥിതി കമ്മീഷനു രൂപം കൊടുക്കുക; പാരിസ്ഥിതിക വിഷയങ്ങളിൽ നിർദേശങ്ങൾ കൊടുക്കാനും ഗുണനിലവാരം നിശ്ചയിക്കാനും സംസ്ഥാനങ്ങളും മറ്റു ഏജൻസികളും അവ പാലിക്കുന്നുണ്ടോ എന്നു പരിശോധിക്കാനും ജനങ്ങളുടെ ഈ വിഷയത്തിലുള്ള പരാതികളിൽ പരിഹാരം കാണാനുമുള്ള അധികാരം കമ്മിഷന് ഉണ്ടായിരിക്കണം;

മൊത്തം ദേശീയ വരുമാനത്തിന്റെ 5 ശതമാനം മേല്പറഞ്ഞ ആവശ്യങ്ങൾക്കായി പ്രതിവർഷം നീക്കിവെക്കുക.

## ജനവാസകേന്ദ്രങ്ങൾ

കോടിക്കണക്കിനു ജനങ്ങൾ നഗരങ്ങളിൽ ജോലിചെയ്യുകയും ജീവിക്കുകയും ചെയ്യുന്നത് അങ്ങേയറ്റം ഭയാനകമായ സാഹചര്യങ്ങളിലാണ്. അവർക്കു വളരെ പരിമിതമായ സൗകര്യങ്ങളാണ് താമസിക്കാനും മറ്റുമായി കിട്ടുന്നത്; അതേപോലെ അപകടകരമായ സാഹചര്യങ്ങളിലാണ് അവർ ജോലി ചെയ്യുന്നത്. നഗരവല്കരണ പ്രക്രിയ തന്നെ ആപൽക്കരവും പാരിസ്ഥിതികമായി സ്ഥായിയായി നിലനിർത്താൻ സാധിക്കാത്ത രീതിയിലുമാണ് വികസിച്ചു വന്നത്; ചുറ്റുമുള്ള ഗ്രാമപ്രദേശങ്ങൾ അതിന് വലിയ വില കൊടുക്കേണ്ടിയും വരുന്നു. നഗരാവശ്യങ്ങൾക്കുള്ള വിഭവങ്ങൾ ഗ്രാമങ്ങളിൽ നിന്നും എടുക്കുകയും നഗരമാലിന്യം ഗ്രാമങ്ങളിൽ കൊണ്ടുപോയി തള്ളുകയുമാണ്. ഗ്രാമങ്ങളിൽ സൗകര്യങ്ങളും മറ്റും പരിമിതമാണ്; പലതും അർധ ഗ്രാമ-അർധ നഗര രൂപത്തിലായതിനാൽ ഇരു വിഭാഗങ്ങൾക്കും പ്രത്യേകമായി ആസൂത്രണം ചെയ്യുന്ന സൗകര്യങ്ങൾ ഇടയിൽക്കിടക്കുന്ന അവയ്ക്കു ലഭിക്കാതെയും പോകുന്നു. ആസൂത്രണാവശ്യങ്ങൾക്കു നഗരങ്ങളിൽ ലഭ്യമാകുന്ന തരത്തിലുള്ള ധനവിഭവങ്ങളും ശ്രദ്ധയും അർധഗ്രാമ- അർധനഗര പ്രദേശങ്ങളിൽ അവയ്ക്കു ലഭ്യമല്ല; ഗ്രാമങ്ങളുടെ സ്വയംപര്യാപ്ത ജീവിതക്രമവും

അവർക്കു അസാധ്യമാണ്. ഇത്തരം വെല്ലുവിളികളുടെ പശ്ചാത്തലത്തിൽ, കൂടുതൽ സ്ഥായിയും നീതിപൂർണവും സുസാധ്യവുമായ ജീവന ബദലുകളുടെ ആവേശദായകമായ നിരവധി ഉദാഹരണങ്ങൾ നമ്മുടെ മുമ്പിലുണ്ട്. അവയുടെ പ്രോത്സാഹനത്തിനായി താഴെ പറയുന്ന നടപടികൾ അനിവാര്യമാണ്.

നഗരാസൂത്രണം, ബജറ്റ് വിഹിതം അനുവദിക്കൽ തുടങ്ങിയ പ്രക്രിയകളുടെ മുന്നോടിയായി പാരിസ്ഥിതിക, സാമൂഹിക ആഘാത പഠനങ്ങൾ നിർബന്ധമാക്കുക; അതിൽ ഏരിയ/വാർഡ്/അയൽക്കൂട്ട സമിതികളുടെ പങ്കാളിത്തം ഉറപ്പാക്കുക; അതിനായി 73മതു ഭരണഘടനാ ഭേദഗതിയുടെ അടിസ്ഥാനത്തിൽ നിയമങ്ങൾ കൊണ്ടുവരിക (മുകളിൽ ജനാധിപത്യം എന്ന ഭാഗം നോക്കുക);

കുടുംബങ്ങൾക്ക് ജോലി, താമസം, ഷോപ്പിംഗ്, വിശ്രമം തടുങ്ങിയവയുള്ള സൗകര്യങ്ങൾ കുറഞ്ഞ ദൂരപരിധിയിൽ ഒരുക്കാൻ കഴിയുന്ന വിധം നഗരാസൂത്രണ പദ്ധതികൾ നഗരങ്ങളിലും അർധനഗര പ്രദേശങ്ങളിലും ആവിഷ്കരിക്കുക; അടിസ്ഥാനാവശ്യങ്ങൾക്കു വേണ്ടി ഓരോരുത്തരും ദീർഘദൂരം യാത്ര ചെയ്യേണ്ട അവസ്ഥ ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുക;

അന്തസ്സുള്ളതും എല്ലാവർക്കും പ്രാപ്യവും പാരിസ്ഥിതികമായി അനുയോജ്യവുമായ ഭവനങ്ങളും നിർമാണരീതികളും വാസ്തുശില്പ മാതൃകകളും പ്രോത്സഹിപ്പിക്കുക; അതിനായി പ്രാദേശിക വിഭവങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക; ഭവനങ്ങളുടെ വലുപ്പത്തിനു പരിധി നിശ്ചയിക്കുകയും ചുറ്റുമുള്ള പ്രകൃതിക്കു ഇണങ്ങിയ മട്ടിലുള്ള നിർമാണരീതികൾ അവലംബിക്കാൻ നിർബന്ധിക്കുകയും ചെയ്യുക; ഭവനാവശ്യങ്ങളിൽ സാമ്പത്തികവും സാമൂഹികവുമായി പാർശ്വവത്കൃത വിഭാഗങ്ങളുടെ താല്പര്യങ്ങൾക്കു മുൻഗണന നൽകുക;

നഗരവാസികളുടെ അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റാനായുള്ള ഊർജോല്പാദനത്തിനും ജലോപയോഗത്തിനും പ്രാദേശികവും വികേന്ദ്രീകൃതവുമായ സംവിധാനങ്ങൾ ഉപയോഗിക്കുകയും ഉത്തരവാദിത്വപൂർണമായ ഉപഭോഗ രീതികൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക; പരിമിത വിസ്തൃതിയുള്ള സ്ഥലങ്ങളിൽ മെച്ചപ്പെട്ട വിതരണസംവിധാനം ഉറപ്പാക്കി പ്രസാരണനഷ്ടം ഒഴിവാക്കുകയും നഗര-ഗ്രാമ പ്രദേശങ്ങളിൽ പാരിസ്ഥിതിക ആഘാതം കുറയ്ക്കുകയും ചെയ്യുക;

സ്വാഭാവിക പരിസ്ഥിതി സംവിധാനങ്ങളുടെ നിലനിൽപ് ഉറപ്പാക്കി നാഗരാസൂത്രണത്തിൽ ജൈവവൈവിധ്യ സംരക്ഷണം ഒരു ഘടകമാക്കി മാറ്റുക; തോട്ടങ്ങൾ അടക്കമുള്ള തദ്ദേശ ജൈവസമ്പത്തു സംരക്ഷിക്കുക; വന്യജീവികൾക്കും മറ്റും ജീവനയാത്രയ്ക്കുള്ള ഇടനാഴികളുടെ ആവശ്യം കണക്കിലെടുക്കുക;

എല്ലാ ഗ്രാമ, അർധഗ്രാമ/ അർധനഗര പ്രദേശങ്ങൾക്കും അവിടെയുള്ള ജനങ്ങളുടെ എല്ലാ അടിസ്ഥാനാവശ്യങ്ങളും നിറവേറ്റാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക; അതിൽ അവരുടെ പാരിസ്ഥിതികവും സാംസ്കാരികവുമായ അന്തരീക്ഷം കണക്കിലെടുക്കുക; പ്രാദേശികമായ കഴിവുകളും അറിവും വിഭവങ്ങളും അതിനായി ഉപയോഗിക്കുക; പ്രാദേശികമായ പൊതുസ്ഥലങ്ങൾ അടക്കമുള്ള എല്ലാ കാര്യങ്ങളിലും തദ്ദേശ സമിതികളുടെ സ്വയംഭരണവും നിയന്ത്രണവും ഉറപ്പു വരുത്തുക (മുകളിൽ ജനാധിപത്യം എന്ന ഭാഗം നോക്കുക);

ഹരിത പ്രദേശങ്ങൾ, തണ്ണീർത്തടങ്ങൾ, വിശ്രമ സങ്കേതങ്ങൾ, കുന്നുകൾ, മേച്ചിൽപ്പുറങ്ങൾ എന്നിങ്ങനെ ഓരോ ജനവാസ കേന്ദ്രത്തിനും അല്ലെങ്കിൽ പ്രദേശത്തിനും പൊതുവായി ആവശ്യമായ എല്ലാ പൊതുസ്ഥലങ്ങളും സംരക്ഷിക്കുകയും സ്വകാര്യാവശ്യത്തിനായി അവ കൈമാറ്റം ചെയ്യപ്പെട്ട സ്ഥലങ്ങളിൽ അവ തിരിച്ചുപിടിക്കുകയും ചെയ്യുക;

കാൽനട - സൈക്കിൾ യാത്രക്കാർക്കു സൗഹൃദപരമായ അന്തരീക്ഷം എല്ലാ ജനവാസ കേന്ദ്രങ്ങളിലും ഉറപ്പുവരുത്തുക.

ഗതാഗതവും യാത്രാസൗകര്യങ്ങളും

ഗതാഗതത്തിനും യാത്രയ്ക്കുമുള്ള സൗകര്യങ്ങളും സംവിധാനങ്ങളും ഇന്ത്യയിൽ സമീപ ദശകങ്ങളിൽ വലിയ തോതിൽ വികസിച്ചിട്ടുണ്ട്; എന്നിരുന്നാലും അവ പലതരം പരിമിതികളുടെയും തെറ്റായ മുൻഗണനകളുടെയും *(ഉദാഹരണത്തിന് ചെറുകിട ഗ്രാമീണ ഗതാഗത സൗകര്യങ്ങൾക്ക് പകരം ശീഘ്രവേഗ വൻപാതകൾ)* പാരിസ്ഥിതികമായ ആഘാതത്തിന്റെയും പ്രശ്നങ്ങൾ നേരിടുന്നുമുണ്ട്. എന്നാൽ സുസ്ഥിരവും നീതിപൂർവവുമായ യാത്രാസൗകര്യങ്ങൾക്കായുള്ള പല നീക്കങ്ങളും രാജ്യത്ത് നടക്കുന്നുമുണ്ട്. അതിന്റെ പ്രോത്സാഹനത്തിനായി പല നടപടികളും അനിവാര്യമാണ്.

നഗരങ്ങളിലും ഗ്രാമങ്ങളിലും സുസ്ഥിരവും എല്ലാവർക്കും ലഭ്യവും തുല്യവുമായ യാത്രാസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനു ഏറ്റവും മുന്തിയ പരിഗണന നൽകുക; അതിൽ ഏറ്റവും പ്രധാനമായ പരിഗണന നല്കപ്പെടേണ്ടത് പൊതുഗതാഗത സംവിധാനങ്ങൾക്കും (പ്രത്യേകിച്ചും ബസ്സുകൾ) മോട്ടോറിതര യാത്രാ സൗകര്യങ്ങൾക്കുമാണ് (നടപ്പ്, സൈക്കിൾ ഉപയോഗം); ശാരീരിക പ്രശ്നങ്ങൾ ഉള്ളവർക്കും മുതിർന്ന പൗരന്മാർക്കും അവസാന കിലോമീറ്റർ കണക്ടിവിറ്റി (വീടുവരെ എത്താനുള്ള സൗകര്യങ്ങൾ) ഏർപ്പെടുത്തുന്നതിനു പ്രത്യേക ശ്രദ്ധ നല്കപ്പെടണം;

സ്വകാര്യ മോട്ടോർ വാഹനങ്ങളുടെ -- പ്രത്യേകിച്ച് കാറുകളേയും മറ്റും -- ഉപയോഗം നിരുത്സാഹപ്പെടുത്തുക; അതിനായി നികുതി നയങ്ങൾ പരിഷ്കരിക്കുക; അവയ്ക്കു പൊതുനിരത്തുകൾ ഉപയോഗിക്കുന്നതിനു സമയ / പ്രദേശ നിബന്ധനകളും മറ്റും നിർദേശിക്കുക; അത്തരം വാഹനങ്ങൾക്കു റോഡിൽ നൽകുന്ന സൗകര്യങ്ങൾ പരിമിതപ്പെടുത്തുക;

സുരക്ഷാ കാരണങ്ങൾ മുൻനിർത്തിയും ഇന്ധനോപയോഗം കണക്കിലെടുത്തും പൊതുനിർത്തുകളിൽ വാഹനങ്ങളുടെ വേഗപരിധി സംബന്ധിച്ച നിയന്ത്രണങ്ങൾ ഏർപ്പെടുത്തുക.

അറിവു നേടൽ**,** വിദ്യാഭ്യാസം**,** വിജ്ഞാനം

വിദ്യാഭ്യാസവും അറിവും നേടാനുള്ള സൗകര്യങ്ങളുടെ കാര്യത്തിലും വിവര വിനിമയത്തിന്റെയും വിജ്ഞാന പ്രസാരണത്തിന്റെയും കാര്യത്തിലും സമീപകാലങ്ങളിൽ വളരെ പ്രധാനപ്പെട്ട നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും, ഇന്ത്യ ഇന്നും വിദ്യാഭ്യാസത്തിന്റെയും വിജ്ഞാന സമ്പാദനത്തിന്റെയും മേഖലകളിൽ നിരവധി പ്രതിസന്ധികളും പ്രശ്നങ്ങളും അഭിമുഖീകരിക്കുന്നുമുണ്ട്. അവയിൽ ചിലത് താഴെപ്പറയുന്നവയാണ്: മിക്ക ഗ്രാമങ്ങളിലും നഗരങ്ങളിൽ പാവപ്പെട്ടവർ കഴിയുന്ന പ്രദേശങ്ങളിലും വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങളും സങ്കേതങ്ങളും പരിമിതമോ ഭൂരിപക്ഷം ജനങ്ങൾക്കും പ്രയോജനപ്രദമോ അല്ല; ഇത്തരം പ്രതിസന്ധികൾ ഏറ്റവും കൂടുതൽ നേരിടുന്നത് പൊതുവിൽ ദുർബല വിഭാഗങ്ങളായി കാണപ്പെടുന്ന ദളിതർ, ഇടയസമൂഹം, ആദിവാസികൾ, ഭിന്നശേഷി വിഭാഗങ്ങൾ, സ്ത്രീകൾ തുടങ്ങിയവരും പ്രത്യേക സൗകര്യങ്ങൾ ആവശ്യമുള്ള മറ്റു വിഭാഗങ്ങളുമാണ്. ഇന്ത്യയിലെങ്ങും സ്കൂളുകളും കോളേജുകളും പൊതുവിൽ അറിവു സമ്പാദിക്കലിനും വ്യക്തികളുടെ മാനുഷികവും മറ്റു തരത്തിലുള്ളതുമായ വ്യക്തിത്വ വികാസത്തിനും ഊന്നൽ നൽകുന്നതിനു പകരം തീർത്തും ഉപരിപ്ലവവും

വിവരങ്ങൾ കാണാപ്പാഠം  പഠിക്കുന്നതിനു പ്രാധാന്യം നൽകുന്നതുമായ കേന്ദ്രങ്ങളാണ്. അത്തരം സ്ഥപനങ്ങളിലെ അന്തരീക്ഷം യുവമനസ്സുകൾക്കു അങ്ങേയറ്റം മടുപ്പുളവാക്കുന്നതാണ്. നിലവിലെ സാമ്പത്തിക സംവിധാനത്തിനു അനുയോജ്യമായ തൊഴിൽസേനയെ സൃഷ്ടിക്കുക മാത്രമാണ് അവയുടെ ലക്ഷ്യം. പ്രാദേശിക സവിശേഷതകൾ പൂർണമായും അവഗണിച്ച് മുകളിൽ നിന്നും താഴേയ്ക്ക് അടിച്ചേൽപ്പിക്കുന്ന ഒരു വിദ്യാഭ്യാസ സമ്പ്രദായമാണ് അവിടെ പരീക്ഷിക്കുന്നത് *(ഉദാഹരണത്തിന് മാതൃഭാഷയെ അവഗണിക്കൽ);*  വിജ്ഞാന സമ്പാദനത്തിൽ നവീനകരണം അവിടെ നിരുത്സാഹപ്പെടുത്തുകയാണ്.  പഠിതാക്കൾക്കു നൽകപ്പെടുന്നത് തീർത്തും മാരകമായ വിധം മത്സരാധിഷ്ഠിതവും വ്യക്തിതാത്പര്യ ബന്ധിതവും സ്വാർത്ഥപൂർണവുമായ ഒരു ജീവിതദർശനമാണ്.  പരമ്പരാഗതവും പ്രാദേശികവുമായ വിജ്ഞാനശാഖകളെ അടിച്ചമർത്തി ആധുനികവും ഔപചാരികവുമായ അറിവു പകരൽ രീതികൾക്കു മാത്രം പ്രാധാന്യം നൽകപ്പെടുന്നു; പ്രാദേശിക ഘടകങ്ങൾക്കു കൂടുതൽ പ്രാധാന്യം നൽകണമെന്നും ക്രിയാത്മകമായ വിദ്യാഭ്യാസ രീതികൾ അവലംഭിക്കണമെന്നുമുള്ള പൊതുവിൽ പുരോഗമനപരമായ ദേശീയതലത്തിലുള്ള നയപരമായ മാർഗനിർദേശങ്ങളും ഉപദേശങ്ങളും  പോലും പലപ്പോഴും അവഗണിക്കപ്പെടുകയാണ്. എന്നാൽ അതേസമയം, വിജ്ഞാന സമ്പാദനത്തിനും വിദ്യാഭ്യാസത്തിനും നവീനവും കൂടുതൽ അർത്ഥപൂർണവുമായ നിരവധി ശ്രമങ്ങളും മുന്നേറ്റങ്ങളും രാജ്യത്തു നടക്കുന്നുണ്ട്. വിവിധ സമൂഹങ്ങളും സിവിൽ സൊസൈറ്റി സംഘങ്ങളും സർക്കാർ സ്ഥാപനങ്ങളും അത്തരത്തിൽ ജനാധിപത്യപരമായ ജ്ഞാനോല്പാദനത്തിനും അവയുടെ പ്രസാരണത്തിനുമുള്ള പരീക്ഷണങ്ങൾ നടത്തുന്നുണ്ട്.  അത്തരം  സാഹചര്യങ്ങളിൽ നിരവധി പുതിയ നടപടികൾ വിദ്യാഭ്യാസരംഗത്തു അനിവാര്യമാണ്:

ഭൂമിയുമായി ബന്ധപ്പെട്ട അറിവും വിദ്യാഭ്യാസവും പ്രോത്സാഹിപ്പിക്കുന്നതിനുള്ള സൗകര്യങ്ങളും അവസരങ്ങളും സൃഷ്ടിക്കാനായി ശ്രമങ്ങൾ നടത്തുക; പരിസ്ഥിതിയും പ്രകൃതിയുമായും സമൂഹങ്ങളുമായും ബന്ധങ്ങൾ സൃഷ്ടിക്കാനും ഉള്ളവ മെച്ചപ്പെടുത്താനുമുള്ള ശ്രമങ്ങൾക്കു  പോത്സാഹനം നൽകുക; സ്വന്തം മനസ്സും ശരീരവും അറിയാനും മാനവലോകത്തെ അറിയാനും സഹായിക്കുന്നതിന് ആത്മാർത്ഥമായ ശ്രമങ്ങൾ നടത്തുക;

വ്യക്തികളുടെയും സമൂഹങ്ങളുടെയും പൂർണമായ കഴിവുകളും ബന്ധങ്ങളും വികസിപ്പിക്കാനും അവയ്ക്കു വിശാലമായ തലങ്ങളിൽ പ്രവർത്തിക്കാനും ഉതകുന്ന ഒരു അന്തരീക്ഷം സൃഷ്ടിക്കുക; ഓരോ വിദ്യാർത്ഥിക്കും ക്രിയാത്മകമായ ഇടപെടലുകൾക്കും നവീനമായ ആശയങ്ങൾ വികസിപ്പിക്കാനുമുള്ള കഴിവും ശേഷിയുമുണ്ടെന്നു അംഗീകരിക്കുക; വിമർശനാത്മകവും ഉദ്ഗ്രഥനപരവുമായ ചിന്തയും പ്രവർത്തനങ്ങളും പ്രോത്സാഹിപ്പിക്കുക;

ഔപചാരിക വിദ്യാഭ്യാസവും അനൗപചാരികവും സാമൂഹികാടിസ്ഥാനത്തിൽ  നടക്കുന്നതുമായ വിദ്യാഭ്യാസ പ്രവർത്തനങ്ങളെയും തമ്മിൽ സംയോജിപ്പിക്കുക; പരമ്പരാഗതവും ആധുനികവും പ്രാദേശികവും ആഗോളവും ആയ രീതികളെ തമ്മിൽ ബന്ധിപ്പിക്കുകയും  തത്വവും പ്രയോഗവും തമ്മിലുള്ള വിടവുകൾ നികത്താൻ ശ്രമിക്കുകയും ചെയ്യുക  (ഉദാഹരണത്തിന് നായി താലീം സമ്പ്രദായത്തിൽ പിന്തുടരുന്ന ബുദ്ധി- ഹൃദയം-കൈകൾ സംവിധാനം).

ഭിന്നങ്ങളായ സാംസ്കാരിക, പാരിസ്ഥിതിക, സാമൂഹിക സാഹചര്യങ്ങളിൽ ജീവിക്കുന്നവർക്കു വേണ്ടി വ്യത്യസ്ത രീതികളിലുള്ള ജ്ഞാന സമ്പാദന- വിദ്യാഭ്യാസ സൗകര്യങ്ങൾ വികസിപ്പിക്കുക; ഉദാഹരണത്തിന് ആദിവാസികളും ഇടയരും മൽസ്യബന്ധകരും കുന്നിൻപ്രദേശങ്ങളിലെ ജനങ്ങളും അടക്കമുള്ള വിവിധ സമൂഹങ്ങൾ വ്യതിരിക്തമായ അറിവുകളും രീതികളും പാരമ്പര്യമായി നേടിയവരും പരിപാലിക്കുന്നവരുമാണ്. അതിന്റെ സമ്പന്നമായ ഒരു ചരിത്രവും അവർക്കുണ്ട്; എന്നാൽ നഗരങ്ങളിൽ നിർമിതമായ ഏകതാനകമായ വിദ്യാഭ്യാസ സംവിധാനങ്ങൾ മുകളിൽ നിന്നും തങ്ങളുടെ മേൽ  അടിച്ചേല്പിക്കുന്നതിൽ അവർ വിമുഖരാണ്. അത്തരം പാരമ്പര്യ രീതിയിലുള്ള  ജ്ഞാന സമ്പാദന-പ്രസാരണ രീതികളെ വിദ്യാഭ്യസ അവകാശ നിയമത്തിനു കീഴിൽ കൊണ്ടുവരികയും അവയ്ക്കു അംഗീകാരം നല്കുകയും ചെയ്യുക;

സർക്കാരും പൊതു സംവിധാനങ്ങളും വിദ്യാഭ്യാസത്തിലെയും അറിവു നേടലിലെയും പാരമ്പര്യരീതികൾ അംഗീകരിക്കുന്നു എന്ന് ഉറപ്പു വരുത്തുകയും അതിൽ അവയ്ക്കുള്ള ഉത്തരവാദിത്വം നടപ്പാക്കാനുള്ള സംവിധാനങ്ങൾ

നിലവിൽ കൊണ്ടുവരികയും ചെയ്യുക; സ്വകാര്യ വിദ്യാഭ്യാസത്തെക്കാൾ ഇത്തരം പാരമ്പര്യ വിദ്യാഭ്യാസ രീതികൾക്കു പ്രാമുഖ്യം നൽകുക;

മുതിർന്നവരുടെ വിദ്യാഭ്യാസത്തിനായുള്ള സൗകര്യങ്ങൾ വികസിപ്പിക്കുക; അതിനായി വിവിധങ്ങളായ ക്രിയാത്മക മാർഗങ്ങൾ ഉപയോഗപ്പെടുത്തുക;

പഠനത്തിനും വിവര വിനിമയത്തിനുമായി കലകൾ, കരകൗശല രീതികൾ, തിയേറ്റർ, നൃത്തം തുടങ്ങിയ വിവിധ കലാരൂപങ്ങളും മറ്റു പഠനരീതികളും പ്രയോഗത്തിൽ വരുത്തുക;

ഇത്തരത്തിലുള്ള പുത്തൻ വിദ്യാഭ്യാസ രീതികൾ വികസിപ്പിക്കാനായി അധ്യാപക  പരിശീലന സ്ഥാപനങ്ങളും അവയുടെ ബോധന രീതികളും പരിഷ്കരിക്കുക;

മൊത്തം ദേശീയ വരുമാനത്തിന്റെ (ജിഡിപി)  ആറു ശതമാനമെങ്കിലും വിദ്യാഭ്യാസം, വിജ്ഞാനസമ്പാദനം തുടങ്ങിയ മേഖലകളിൽ നിക്ഷേപിക്കുക;

നവീനമായ  ജ്ഞാന സമ്പാദന രീതികളെ പ്രോത്സാഹിപ്പിക്കാനും വിദ്യാഭ്യാസത്തിൽ മിനിമം ഗുണനിലവാരം നിശ്ചയിച്ചു ഉറപ്പാക്കാനും സഹായിക്കുന്ന വിധത്തിൽ വിദ്യാഭ്യാസ അവകാശ നിയമത്തിൽ അനിവാര്യമായ ഭേദഗതികൾ വരുത്തുക;

ആധുനികവും  പരമ്പരാഗതവും, ശാസ്ത്രീയവും ശാസ്ത്രേതരവും, ഔപചാരികവും അനൗപചാരികവും,  നഗരകേന്ദ്രിതവും ഗ്രാമ കേന്ദ്രിതവും ആയ വിവിധ വിദ്യാഭ്യാസ രീതികളെ പരസ്പരം ബന്ധിപ്പിക്കുകയും അവയ്ക്കിടയിൽ സഹകരണത്തിനുള്ള സാദ്ധ്യതകൾ വികസിപ്പിക്കുകയും ചെയ്യുക;

വിജ്ഞാനം പൊതുവായ അവകാശങ്ങളുടെ ഭാഗമായി  കണക്കാക്കുക; അതിനെ സ്വകാര്യ സ്വത്തായി മാറ്റാനുള്ള നീക്കങ്ങളെ ചെറുക്കുക;  അതിനായി ഓപ്പൺ സോഴ്സ്, ക്രിയേറ്റിവ് കോമൻസ് തുടങ്ങിയ സംവിധാനങ്ങളെ അംഗീകരിയ്ക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക;

പാരമ്പര്യമായി തുടരുന്ന കഥപറച്ചിൽ പോലെയുള്ള വാചാരീതികൾ അടക്കം വിജ്ഞാന പ്രസരണത്തിനുള്ള വ്യത്യസ്തങ്ങളായ സമ്പ്രദായങ്ങളെ അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

മാധ്യമങ്ങൾ

ഇന്ത്യയിൽ മാധ്യമങ്ങളുടെ മേൽ *(*അച്ചടി, ദൃശ്യ, സാമൂഹിക മാധ്യമങ്ങൾ അടക്കം*)*  സ്വകാര്യ കോർപ്പറേറ്റ് ശക്തികളും ഭരണകൂടവും പിടിമുറുക്കിയ അവസ്ഥയാണ് നിലനിൽക്കുന്നത്.  വ്യാജവും വസ്തുതാവിരുദ്ധവുമായ വാർത്തകളും  വിവരണങ്ങളും വ്യാപകമാണ്;  ഭിന്നാഭിപായങ്ങളെ ട്രോളുകൾ വഴിയും കർശന നടപടികൾ വഴിയും അടിച്ചൊതുക്കുന്നു; സ്വതന്ത്ര മാധ്യമങ്ങൾ നേരിടുന്ന പല വെല്ലുവിളികളിൽ ഭരണകൂടത്തിന്റെ അടിച്ചമർത്തൽ നീക്കങ്ങളും മുഖ്യമായി മാറിയിരിക്കുന്നു.  ഈ സാഹചര്യങ്ങൾ കണക്കിലെടുത്തും, അതേസമയം രാജ്യത്തു വികസിച്ചു വരുന്ന നവീനമായ നിരവധി ജനാധിപത്യ മാധ്യമ പരീക്ഷണങ്ങളുടെ പശ്ചാത്തലത്തിലും, ഇനിപ്പറയുന്ന തരത്തിലുള്ള ഇടപെടലുകൾ ഈ രംഗത്ത് ആവശ്യമാണ്.

സ്വതന്ത്ര മാധ്യമങ്ങൾക്കു വിവിധ മേഖലകളിൽ സർക്കാർ പിന്തുണ  ഉറപ്പാക്കുക; ടിവി, റേഡിയോ തുടങ്ങിയ സർക്കാർ നിയന്ത്രണത്തിലുള്ള മാധ്യമ സംവിധാനങ്ങളിലും പൂർണമായ സ്വാതന്ത്ര്യം ഉറപ്പു വരുത്തുക;

ബദൽ മാധ്യമ സ്ഥാപനങ്ങളെയും അത്തരം മാധ്യമ ഇടപെടൽ ശ്രമങ്ങളെയും പിന്തുണക്കുകയും അംഗീകരിക്കുകയും ചെയ്യുക; ജനങ്ങളെയും സമൂഹത്തെയും ശാക്തീകരിക്കുകയും കൂടുതൽ എളുപ്പത്തിലും ഫലപ്രദമായും വിവരവിനിമയത്തിനു സഹായിക്കുന്ന എല്ലാ നൂതന സംരംഭങ്ങളെയും സഹായിക്കുക; അതേപോലെ മാധ്യമങ്ങളെ ഒരു പ്രത്യേക തൊഴിൽമേഖല എന്ന നിലയിൽ കാണുന്നതിനു പകരം ജനങ്ങളുടെ നിത്യജീവിതത്തിൽ ഇടപെടാൻ കഴിയുന്ന വിധം ബഹുജന സമ്പർക്കത്തിന് പുതിയ സംവിധാനങ്ങൾ വികസിപ്പിക്കാനുള്ള എല്ലാ നീക്കങ്ങളെയും പ്രോത്സാഹിപ്പിക്കുക;

വാർത്താവിനിമയ സൗകര്യങ്ങൾ പരിമിതമായ 'വിദൂര' പ്രദേശങ്ങളിലും വേറിട്ട നിൽക്കുന്ന സ്ഥലങ്ങളിലും താമസിക്കുന്ന ജനങ്ങൾക്ക് എളുപ്പത്തിൽ വിവരങ്ങൾ സ്വീകരിക്കുന്നതിനും കൈമാറുന്നതിനും സഹായിക്കുന്ന വിധം സാങ്കേതിക സൗകര്യങ്ങൾ വികസിപ്പിക്കുകയും അവ ജനങ്ങൾക്ക് സൗജന്യമായും വേഗത്തിലും (മെച്ചപ്പെട്ട കണക്ടിവിറ്റി സൗകര്യങ്ങൾ വഴി) കൈകാര്യം ചെയ്യാൻ സാധ്യമാക്കുകയും വേണം;

പരസ്യങ്ങൾ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുകയോ  അവരുടെ ജീവിതത്തിലേക്കു കടന്നു കേറുകയോ (പ്രത്യേകിച്ചും കുട്ടികളുടെ കാര്യത്തിൽ) അവർക്കു അലോസരം ഉണ്ടാക്കുകയോ ചെയ്യുന്ന അവസരത്തിൽ അതിനെ നിയന്ത്രിക്കാനായി കർശനമായ വ്യവസ്ഥകൾ കൊണ്ടുവരണം; അത്തരത്തിലുള്ള സാമൂഹികമായി ദോഷകരമായ പരസ്യങ്ങൾക്കെതിരെ നിയമപരവും മറ്റു തരത്തിലുള്ളതുമായ നടപടികൾ സ്വീകരിക്കാൻ പൗരസമൂഹത്തിനെ ശാക്തീകരിക്കും വിധം നിയമങ്ങളിലും സംവിധാനങ്ങളിലും മാറ്റങ്ങൾ കൊണ്ടു വരണം;

സ്വതന്ത്രമായ അഭിപ്രായ പ്രകടനത്തിനു തടസ്സമാകുന്ന എല്ലാവിധ ഏകപക്ഷീയ നിയമങ്ങളും ചട്ടങ്ങളും പൂർണമായും റദ്ദാക്കുകയോ അവയിൽ മാറ്റങ്ങൾ കൊണ്ടുവരികയോ ചെയ്യുക;  സർക്കാർ സംബന്ധമായ വിവരങ്ങളുടെ കൈകാര്യത്തിലും വിനിമയത്തിലുമുള്ള നിയന്ത്രണങ്ങളും ഒഴിവാക്കുക;

സർക്കാരിന്റെ സ്വാധീനത്തിൽ നിന്നും സ്വതന്ത്രമായ നിലയിൽ പ്രവർത്തിക്കുന്നതും മാധ്യമങ്ങളുടെ പ്രവർത്തന മേൽനോട്ടത്തിനായി ലക്ഷ്യമിട്ടതുമായ ഒരു  നിയന്ത്രണ, ലൈസൻസിങ് അതോറിറ്റിയെ നിയമിക്കുക;

സമൂഹത്തിൽ സംഘർഷവും വെറുപ്പും അസ്വസ്ഥതയും  ബോധപൂർവം പടച്ചുവിടുന്ന തെറ്റും തെറ്റിദ്ധാരണാജനകവും വളച്ചൊടിക്കപ്പെട്ടതുമായ 'വാർത്ത'കളും അത്തരത്തിലുള്ള സന്ദേശങ്ങളും വിശകലനങ്ങളും പ്രചരിപ്പിക്കുന്നതിനെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുക; അതേസമയം, ഇന്ത്യയിലെ ഓരോ പൗരന്റെയും അവകാശപ്പെട്ട മൗലികാവകാശങ്ങളിൽ ഉൾപ്പെടുന്ന അഭിപ്രായ സ്വാതന്ത്ര്യത്തെയും വ്യക്തികളുടെ സ്വകാര്യത സംരക്ഷിക്കാനുള്ള അവകാശത്തെയും അതു ബാധിക്കുന്നില്ല എന്ന് ഉറപ്പു വരുത്തുകയും വേണം.

നിയമം, നീതിനിർവഹണം, പാരമ്പര്യങ്ങൾ

ഭരണഘടന അതിന്റെ അടിസ്ഥാന തത്വങ്ങളിലും അതിന്റെ വകുപ്പുകളിലും വികേന്ദ്രീകൃത ഭരണ സംവിധാനത്തിന് ഉറപ്പു നൽകുന്നുണ്ടെങ്കിലും, നിയമങ്ങളിലും നയങ്ങളിലും നീതിനിർവഹണ സംവിധാനങ്ങളിലും  ജനങ്ങൾക്ക് കൂടുതൽ പങ്കാളിത്തവും സൗകര്യങ്ങളും നൽകുന്ന പല നേട്ടങ്ങളും ഇതിനകം രാജ്യം ഉണ്ടാക്കിയിട്ടുണ്ടെങ്കിലും ഇന്ത്യയിൽ  ഇന്നും കേന്ദ്രീകൃതമായ ഒരു നീതിനിർവഹണ സംവിധാനം തന്നെയാണ് നിലനിൽക്കുന്നത്. നിയമങ്ങൾ രൂപപ്പെടുത്തുന്നതിലും അവ നടപ്പിലാക്കുന്നതിലും ഈ സ്വഭാവം നിലനിൽക്കുന്നു; അതേപോലെ ജുഡീഷ്യൽ സംവിധാനം ഇന്നും ഏറ്റവും പാർശ്വവത്കൃത ജനങ്ങൾക്കു  പ്രാപ്യമോ അവരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതോ ആയി പ്രവർത്തിക്കുന്നില്ല. പരിഹാരം കാണാത്തതും കോടതികളുടെ പരിഗണനയിൽ പോലും വരാത്തതുമായ കെട്ടിക്കിടക്കുന്ന കേസുകളുടെ സംഖ്യ ഭയാനകംവിധം വലുതാണ്.  സാധാരണക്കാരുടെ പരാതികൾക്കും തർക്കങ്ങൾക്കും എളുപ്പത്തിൽ പരിഹാരം കാണാൻ സഹായിച്ചിരുന്ന പാരമ്പര്യ

നീതിനിർവഹണ -തർക്കപരിഹാര സംവിധാനങ്ങൾ പൊതുവിൽ നിർജീവമായി മാറിയിട്ടുണ്ട്. (അത്തരം സംവിധാനങ്ങൾ പലപ്പോഴും വിവേചനപരവും അടിച്ചമർത്തൽ സഭാവമുള്ളതും ആയിരുന്നു എന്നതും അതിനാൽ അവയുടെ പ്രവർത്തന രീതികളിൽ പരിഷ്കരണങ്ങൾ അനിവാര്യമായിരുന്നു എന്നതും വാസ്തവമാണ്). നിയമലംഘനങ്ങൾക്കും കുറ്റങ്ങൾക്കും കടുത്ത ശിക്ഷകൾക്കു കൂടുതൽ പ്രാധാന്യം നൽകുകയും എല്ലാ തെറ്റുകൾക്കും വ്യക്തികളെ മാത്രം ഉത്തരവാദികളായി കണക്കാക്കുന്ന ഒരു സമീപനം കൂടി ഇന്നും നിലനിൽക്കുന്നുണ്ട്; അതിന്റെ ഫലമായി കുറ്റകൃത്യങ്ങളുടെ അടിയിൽ കിടക്കുന്ന സാമൂഹികമായ കാരണങ്ങൾ വേണ്ടവിധം കണക്കിലെടുക്കപ്പെടാതെ പോകുന്നുമുണ്ട്. എന്നാൽ അതിൽ നിന്നും വ്യത്യസ്തമായ ഒരു സമീപനവും ഉയർന്നുവരുന്നുണ്ട്; നീതിന്യായ സംവിധാനത്തിലും നിയമ നിർമാണത്തിലും പുതിയ കാഴ്ചപ്പാടുകൾ അതിൽ അവതരിപ്പിക്കപ്പെടുന്നുണ്ട്. എങ്ങനെ ഇക്കാര്യങ്ങൾ വ്യത്യസ്തമായി നടപ്പിലാക്കാം എന്നതിന് ചില പാഠങ്ങളും അവയിൽ ലഭ്യമാണ്. അതിനാൽ ഈ മേഖലയിൽ ചില അടിയന്തിര പരിഷ്കാരങ്ങൾ ആവശ്യമാണ്.

വിവിധ അവശതകൾ അനുഭവിക്കുന്ന വ്യക്തികൾക്കും തീരുമാനമെടുക്കുന്നതിനു സഹായം ആവശ്യമുള്ളവർക്കും തുല്യമായ അവസരങ്ങളും നിയമപരമായ അംഗീകാരവും ഉറപ്പാക്കുക;

നിയമങ്ങളുടെ രൂപീകരണത്തിലും നടപ്പാക്കലിലും ഭരണനിർവഹണത്തിലും വ്യപകമായ പൊതുസമൂഹ പങ്കാളിത്തം ഉറപ്പാക്കുക; അത്തരം പ്രക്രിയകളിൽ പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾ നിർബന്ധമായും പങ്കാളികളാകുന്നു എന്ന് ഉറപ്പാക്കാനായി നിയമപരമായ നടപടികൾ സ്വീകരിക്കുക;

നിയമങ്ങളുടെ നടത്തിപ്പിൽ പൊതുസമൂഹ പങ്കാളിത്തം ഒരു സുപ്രധാന ഭാഗമായി അംഗീകരിക്കുന്ന വകുപ്പുകൾ കൂട്ടിച്ചേർക്കുക; അത്തരം വകുപ്പുകളെ അവഗണിക്കുകയോ അതിന്റെ നടപ്പാക്കലിനു ബോധപൂർവം തടസ്സം നില്ക്കുകയോ ചെയ്യുന്നവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിനുള്ള വകുപ്പുകളും നിയമത്തിൽ കൊണ്ടുവരിക;

സാമൂഹികമോ സാമ്പത്തികമോ ആയ പാർശ്വവത്കരണം കാരണമായി നീതിന്യായ സംവിധാനങ്ങളെ ആശ്രയിക്കാൻ പ്രയാസം അനുഭവിക്കുന്ന വിഭാഗങ്ങൾക്കും വ്യക്തികൾക്കും നീതിപീഠങ്ങളെ സമീപിക്കാനും പ്രശ്നങ്ങൾക്കു പരിഹാരം നേടിയെടുക്കാനും ഉള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക; നിയമസൗകര്യങ്ങൾ നേടിയെടുക്കാൻ സൗകര്യങ്ങൾ ഇല്ലാത്ത വിഭാഗങ്ങൾക്കു അതിനുള്ള സഹായം നൽകാനുള്ള പൊതുസംവിധാനങ്ങൾ ഏർപ്പെടുത്തുക;

ഔപചാരികവും നിയമപുസ്തകങ്ങളിൽ ലിഖിതവുമായ നിയമസംവിധാനവും പാരമ്പര്യ നീതിന്യായ-തർക്കപരിഹാര സംവിധാനങ്ങളും തമ്മിൽ ആരോഗ്യകരമായ പരസ്പര ബന്ധങ്ങളും ഇടപെടലുകളും സാധ്യമാക്കുക; നീതി, തുല്യത, ന്യായം, സുസ്ഥിരത എന്നിവയുടെ അടിസ്ഥാനത്തിൽ ഇരു വിഭാഗങ്ങൾക്കും പരസ്പരം ഇടപെടാനും നടപടികൾ സ്വീകരിക്കാനുമുള്ള സൗകര്യങ്ങൾ നടപ്പിലാക്കുക; പെരുമാറ്റ മാതൃകകൾ ഒരു ജീവിതരീതിയായി സ്വീകരിക്കാനുള്ള പരിശീലനവും പ്രോത്സാഹനവും (ചെറുപ്പകാലം മുതൽ തന്നെ) എല്ലാവർക്കും ലഭ്യമാക്കുകയും നിയമങ്ങൾ മുകളിൽ നിന്നും അടിച്ചേല്പിക്കേണ്ട ഔപചാരികമായ ഒരു സംവിധാനമായി കാണുന്ന പ്രവണതയെ നിരുത്സാഹപ്പെടുത്തുകയും ചെയ്യുക;

എന്താണ് 'കുറ്റകൃത്യം' എന്നും എന്താണ് 'നിയമവിരുദ്ധം' എന്നുമുള്ള വ്യാഖ്യാനങ്ങളിൽ ഏറ്റവും പ്രധാന വിഷയമായി മറ്റുള്ളവർക്കു ദോഷം വരുത്തുന്ന കാര്യങ്ങൾ ശിക്ഷാർഹമായി പരിഗണിക്കണം എന്നു നിർവചിക്കുക; അല്ലാതെ വ്യക്തിഗതമായ സ്വഭാവവ്യത്യാസങ്ങൾ (ഉദാ. ലിംഗ/ലൈംഗിക സഭാവങ്ങൾ, താല്പര്യങ്ങൾ) ശിക്ഷാർഹവും കുറ്റകരവുമായി കാണുന്ന പ്രവണത അവസാനിപ്പിക്കുക; ജയിൽ ശിക്ഷ പോലുള്ള സാധാരണ ശിക്ഷാരീതികൾക്കു പ്രാധാന്യം കൊടുക്കുന്നതിന് പകരം പരിഹാരം, പുനരധിവാസം, സ്വഭാവപരിഷ്കരണം തുടങ്ങിയവക്ക് ഊന്നൽ നൽകുന്ന രീതിയിൽ നിയമങ്ങളിൽ പരിഷ്കരണങ്ങൾ വരുത്തുക;

വധശിക്ഷ പൂർണമായും ഒഴിവാക്കുക;

നിയമലംഘനങ്ങളും കുറ്റകൃത്യങ്ങളും കൈകാര്യം ചെയ്യുന്നതിൽ സാമൂഹിക സ്ഥാപനങ്ങൾക്കു പ്രാധാന്യവും പങ്കാളിത്തവും ഉറപ്പാക്കുക; അതിനായി വികേന്ദ്രീകൃത കോടതികളും പഞ്ചായത്തുകളും പരമ്പരാഗത തർക്ക പരിഹാര വേദികളും പ്രോത്സാഹിപ്പിക്കുകയും സ്ഥാപിക്കുകയും ചെയ്യുക; പരാതി പരിശോധയ്ക്കുള്ള ഉദ്യോഗസ്ഥർ (ഓംബുഡ്സ് പേഴ്സൺ) പോലുള്ള സംവിധാനങ്ങൾ വ്യാപകമാക്കുക; നീതി, ന്യായം, തുല്യത എന്നിവ ഉറപ്പാക്കാനുള്ള പരിഷ്കാരങ്ങളും നടപടികളും സ്വീകരിക്കുക;

നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയൽ നിയമം (യു.എ.പി.എ) 1967, ദേശീയ സുരക്ഷാ നിയമം, ഇന്ത്യൻ ശിക്ഷാ നിയമത്തിലെ രാജ്യദ്രോഹ വകുപ്പ് തുടങ്ങി വ്യാപകമായി ദുരുപയോഗം ചെയ്യപ്പെടുന്നവയും ജനങ്ങളെ മുൻകരുതൽ എന്ന നിലയിൽ തടവിലാക്കുന്നതിനു സഹായകവുമായ എല്ലാ നിയമങ്ങളും അവയെല്ലാം ഭരണഘടനയുടെ അന്തസ്സത്തയ്ക്ക് നിരക്കുന്നതല്ല എന്നതിനാലും നീതിയുടെയും ന്യായത്തിന്റെയും തത്വങ്ങളെ ലംഘിക്കുന്നു എന്നതിനാലും പൂർണമായും റദ്ദാക്കുക; അത്തരം നിയമങ്ങൾ ഭാവിയിൽ വീണ്ടും നിയമവ്യവസ്ഥയിൽ തിരിച്ചു കൊണ്ടു വരുന്നില്ല എന്ന് ഉറപ്പാക്കുക.

കേന്ദ്ര അന്വേഷണ ബ്യൂറോ (സി.ബി.ഐ), എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇ. ഡി) തുടങ്ങിയ അന്വേഷണ ഏജൻസികളുടെ സ്വാതന്ത്ര്യവും അന്തസ്സും കാത്തുസൂക്ഷിക്കുകയും അവ രാഷ്ട്രീയ താൽപര്യങ്ങൾക്കായി ദുരുപയോഗം ചെയ്യപ്പെടുന്നില്ല എന്ന് ഉറപ്പു വരുത്തുകയും ചെയ്യുക.

ആഗോള ബന്ധങ്ങൾ

ആഗോള ബന്ധങ്ങളിൽ ഇന്ത്യ പരമ്പരാഗതമായി കാത്തുസൂക്ഷിച്ചു വന്ന ചേരിചേരാ നയവും പീഡിതജനതകൾക്കും സ്വാതന്ത്ര്യ പ്രേമികൾക്കും അനുകൂലമായ നിലപാടുകളും ഇന്നു വെള്ളം ചേർക്കപ്പെട്ട നിലയിലാണ്. അത്തരം നയങ്ങളിൽ നിന്നും രാജ്യം പിന്നോക്കം പോയിരിക്കുന്നതായാണ് കാണപ്പെടുന്നത്. ലോകം വിവിധ നിലകളിൽ കൂടുതൽ ധ്രുവീകൃതമാവുകയും ആഗോള സംഘർഷങ്ങളിൽ ഇടപെടുന്നതിലും അവയ്ക്കു പരിഹാരം കാണുന്നതിലും ഐക്യരാഷ്ട്രസഭയുടെ പ്രകടനം മോശമാവുകയും ചെയ്തിരിക്കുന്ന ഒരു കാലവുമാണിത്. ആഗോള പൊതുവിഭവങ്ങൾ ഇന്ന് അത്യന്തം ഗുരുതരമായ ഭീഷണിയാണ് നേരിടുന്നത്. എന്നിരുന്നാലും ഇന്ത്യ ഇന്നും നീതിപൂർവകവും ന്യായവും തുല്യതയും ഉള്ളതും മനുഷ്യാവകാശങ്ങളും പാരിസ്ഥിതിക സുസ്ഥിരതയും പാലിക്കപ്പെടുന്നതുമായ ഒരു ലോക വ്യവസ്ഥയ്ക്കു വേണ്ടി ഉയരുന്ന ഒരു പ്രധാന ശബ്ദമായി പരിഗണിക്കപ്പെടുന്നുണ്ട്. ഈ പശ്ചാത്തലത്തിൽ ചില അടിയന്തിര നടപടികൾ ആവശ്യമാണ്.

ആഗോള ശാക്തിക ബന്ധങ്ങളിലെ തർക്കങ്ങൾക്കും സംഘർഷങ്ങൾക്കും രാജ്യങ്ങളുടെ മത്സരാധിഷ്ഠിതവും അക്രമാസക്തവുമായ പരസ്പര ബന്ധങ്ങൾക്കും പകരമായി സർക്കാരുകളുടെയും സിവിൽ സമൂഹ പ്രസ്ഥാനങ്ങളുടെയും പൗരസമൂഹ മുന്നേറ്റങ്ങളുടെയും ആഭിമുഖ്യത്തിൽ ബഹുസ്വരമായ ബന്ധങ്ങൾക്കും സമ്പർക്കങ്ങൾക്കും വേദിയും സൗകര്യങ്ങളും പ്രോത്സാഹനവും ഒരുക്കാൻ മുൻകൈ സ്വീകരിക്കുക;

മനുഷ്യാവകാശങ്ങളും പാരിസ്ഥിതികവും സാമൂഹിക -സാംസ്കാരിക മൂല്യങ്ങളിൽ അധിഷ്ഠിതവുമായ അന്താരാഷ്ട്ര -ആഗോള ബന്ധങ്ങൾക്കായി വാദിക്കുകയും അവയുടെ പ്രോത്സാഹനത്തിനായി കൂടുതൽ ശ്രമങ്ങൾ നടത്തുകയും ചെയ്യുക; ഇത്തരം വിഷയങ്ങളിൽ ഐക്യരാഷ്ട്ര സഭയുടെ വിവിധ പ്രമേയങ്ങളും ഉടമ്പടികളും കൂടുതൽ ശക്തമായി നടപ്പാക്കാനുള്ള ശ്രമങ്ങളെ പിന്തുണക്കുകയും അതിനായി ശ്രമിക്കുകയും ചെയ്യുക;

വിവിധ ദേശങ്ങളുടെ ഇടുങ്ങിയ താല്പര്യങ്ങൾക്കും ദേശങ്ങളുടെ മേധാവിത്വം സംബന്ധിച്ച ആശയങ്ങൾക്കും പകരമായി മാനവരാശിയുടെ പൊതുവായ ക്ഷേമം മുൻനിർത്തിയുള്ള സമീപനങ്ങൾക്കു ഊന്നൽ നൽകുകയും അവയ്ക്ക് നയതന്ത്ര ബന്ധങ്ങളിൽ പ്രാമുഖ്യം നൽകുകയും ചെയ്യുക;

മുൻ കൊളോണിയൽ ശക്തികൾ അടക്കമുള്ള വ്യവസായവത്കൃത/ ഉത്തരദേശ രാജ്യങ്ങൾക്കു ലോകത്തിനു മേൽ അവയുണ്ടാക്കിയ ദുരിതങ്ങൾക്കുള്ള (കാലാവസ്ഥാ വ്യതിയാനവും ആഗോള പൊതു സമ്പത്തിന്റെ നാശവും അടക്കം) ചരിത്രപരമായ ഉത്തരവാദിത്വത്തിൽ നിന്നും ഒഴിഞ്ഞുമാറാനാവില്ല എന്ന കാര്യം ശക്തമായി അന്താരാഷ്ട്ര വേദികളിൽ ഉന്നയിക്കുകയും അതിനുള്ള പരിഹാര നടപടികൾക്കായി അവരെ നിർബന്ധിക്കുകയും ചെയ്യുക; സാമ്പത്തികമായ നഷ്ടപരിഹാരവും പുനരുജ്ജീവന -നഷ്ടപരിഹാര ശ്രമങ്ങൾക്ക് അവരിൽ നിന്നും ധനപരവും മറ്റു തരത്തിലുള്ളതുമായ പിന്തുണയും ഉറപ്പാക്കാൻ ശ്രമങ്ങൾ നടത്തുക;

സൈനിക, ചാരപ്രവർത്തന, പോലീസ് സംവിധാനങ്ങൾക്കു അമിതമായ പ്രാധാന്യം നല്കുന്നതും അത്തരം പ്രവർത്തനങ്ങൾ വർധിപ്പിക്കുന്നതും അവസാനിപ്പിക്കുന്നതിനായി അവയ്ക്ക് മേൽ ഒരു മൊറട്ടോറിയം പ്രഖ്യാപിക്കാൻ ലോകരാജ്യങ്ങൾക്കു മേൽ സമ്മർദ്ദം ചെലുത്തുക; ഈ വിഷയങ്ങളിലെ ധനവ്യയം കുറച്ചു കൊണ്ടുവരാനും ആഗോള ആയുധക്കച്ചവടത്തിനു നിരോധനം ഏർപ്പെടുത്താനും എല്ലാ ഭരണകൂടങ്ങളുടെയും കൈവശമുള്ള എല്ലാവിധ ആയുധങ്ങളും ഇല്ലായ്മ ചെയ്യുന്നതിനും ഉള്ള ശ്രമങ്ങൾക്കു പിന്തുണയും പ്രോത്സാഹനവും നൽകുക;

പരിസ്ഥിതിയുമായി ബന്ധപ്പെട്ട എല്ലാ ആഗോള കരാറുകളും കൂടുതൽ ശക്തമാക്കാനും, പ്രത്യേകിച്ചു കാലാവസ്ഥാ പ്രതിസന്ധി ജൈവവൈവിധ്യ നാശം, മലിനീകരണം, വിഷാംശ വ്യാപനം തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട പരിഹാരനടപടികൾ കൂടുതൽ വേഗത്തിലാക്കാനും അതിന്റെ ആവശ്യത്തിനായി കൂടുതൽ കടുത്ത ഉപരോധങ്ങൾ അടക്കമുള്ള നടപടികൾക്കായി ശബ്ദമുയർത്താനും തയ്യാറാവുക;

ആഗോള വാണിജ്യവും ലോകവാണിജ്യ സംഘടന അടക്കമുള്ള അന്താരാഷ്ട്ര സ്ഥാപനങ്ങളും തൊഴിൽ, പരിസ്ഥിതി, മനുഷ്യാവകാശങ്ങൾ എന്നിവയുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്ന ആഗോളവും ദേശീയവുമായ നയങ്ങളെയും തത്വങ്ങളെയും അംഗീകരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു എന്ന് ഉറപ്പാക്കുക; അത്തരം വാണിജ്യം പ്രാദേശിക സമ്പദ്ഘടനകളെയും സംസ്കാരങ്ങളെയും അസ്ഥിരീകരിക്കുന്നില്ല എന്നും പ്രാദേശികമായ പരിസ്ഥിതിക സുസ്ഥിരതയ്ക്ക് അപരിഹാര്യമായ നാശം വരുത്തുന്നില്ല എന്നും ഉറപ്പാക്കുക.

## ഭാഗം 4: യുവജന പങ്കാളിത്തം വർധിപ്പിക്കുന്നതു സംബന്ധിച്ച പ്രത്യേക നിർദേശങ്ങൾ

വ്യക്തിയിൽ നിന്നും സമൂഹത്തിലേക്കുള്ള യുവജനങ്ങളുടെ യാത്രയിൽ അവരുടെ ജ്ഞാന സമ്പാദന-നേതൃശേഷി വികസന സംരംഭങ്ങൾക്കു കരുത്തും പ്രോത്സാഹനവും നൽകുന്ന 'ശക്തീകരണ മേഖലകൾ' വികസിപ്പിക്കുകയും അവയെ പിന്തുണക്കുകയും അത്തരം സംവിധാനങ്ങളുടെ നിർമാണത്തിൽ സഹകരിക്കുകയും ചെയ്യുക. വ്യത്യസ്തവും ബഹുമുഖവുമായ പശ്ചാത്തലങ്ങളും സ്വത്വപരമായ സവിശേഷതകളുമുള്ള യുവജനങ്ങൾ മുൻവിധികളില്ലാതെ ഒന്നിച്ച് പ്രവർത്തിക്കുന്ന ഇത്തരം മേഖലകളിൽ അവരെ പ്രചോദിപ്പിക്കുന്നത് സുപ്രധാനമായ ചില ആദർശങ്ങളും തത്വങ്ങളുമാണ്. സാമൂഹിക നീതി, ചിന്തയിൽ.അധിഷ്ഠിതമായ പ്രവൃത്തി, നൈസർഗികമായ പുനരുത്ഥാനം, സ്നേഹം, ജ്ഞാനസമ്പാദനം, സ്വാതന്ത്ര്യം, ഉത്തരവാദിത്വം ഏറ്റെടുക്കൽ, സഹകരണം, സഹവർത്തിത്വം, സാമൂഹികമായ പ്രതീക്ഷ തുടങ്ങിയ തത്വങ്ങളും മൂല്യങ്ങളുമാണ് അവയിൽ പ്രധാനം. പല തരത്തിലുള്ള നിർമാണാത്മകവും ക്രിയാത്മകവുമായ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ ഇത്തരം ശാക്തീകരണ മേഖലകളിൽ യുവജനങ്ങൾക്കു അവസരവും സൗകര്യവും ലഭിക്കണം. കായികമായ പ്രവൃത്തികൾ അടക്കമുള്ള പ്രവർത്തനങ്ങളും അവയിൽ ഉൾപ്പെടണം. അത്തരം പ്രവൃത്തികൾ അവർക്കു സ്വയമായും ചുറ്റുമുള്ള ലോകത്തെയും അറിയാനും അതിന്റെ ലോകവീക്ഷണങ്ങളെ സ്വായത്തമാക്കാനും സഹായിക്കും. തങ്ങളുടെ

ആന്തരികമായ ശക്തി ഉണർത്താനും ആദർശാത്മകമായ ഒരു ലോകവീക്ഷണം വികസിപ്പിക്കാനും അത് അവരെ സഹായിക്കും.

യുവജന കേന്ദ്രിതവും യുവജനങ്ങളാൽ നയിക്കപ്പെടുന്നതുമായ സംഘടനകളും ശാക്തീകരണ കേന്ദ്രങ്ങളും വ്യത്യസ്ത തലങ്ങളിൽ വികസിപ്പിക്കുകയും അവയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക; അവയിലൂടെ യുവജനങ്ങളെ തങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി സഹായിക്കുന്ന സംവിധാനങ്ങൾ അവർക്കു പരിചയപ്പെടുത്തുക; ഒന്നിച്ചുള്ള നിർമാണവും പദ്ധതിയുടെ നടത്തിപ്പും വിവിധ മാധ്യമ രീതികളിലൂടെ സംവേദനത്തിനുള്ള പരിശീലനവും ആഴത്തിലുള്ള പരിവർത്തനശേഷി കൈമുതലായ ഒരു യുവലോക വീക്ഷണവും അതിലൂടെ അവർക്കു ലഭ്യമാകണം.

എല്ലാ നിയമങ്ങളും നയങ്ങളും പദ്ധതികളും പരിപാടികളും ആസൂത്രണം ചെയ്യുന്നതിലും അവയുടെ നടപ്പാക്കലിലും ദീർഘകാല മേൽനോട്ടത്തിലും യുവജനങ്ങൾക്ക്-- പ്രത്യേകിച്ചും ദുർബല വിഭാഗങ്ങളിൽ നിന്നുള്ള യുവജനങ്ങൾക്ക്-- പ്രാമുഖ്യവും പങ്കാളിത്തവും ഉറപ്പാക്കുക; അത്തരം വിഷയങ്ങളുമായി ബന്ധപ്പെട്ട എല്ലാ സമിതികളിലും അവർക്കു നിർബന്ധമായും പ്രാതിനിധ്യം ഉറപ്പാക്കണം;

എൻ.എസ്.എസ് (നാഷണൽ സർവീസ് സ്കീം), എൻ.വൈ.കെ.എസ് (നെഹ്റു യുവകേന്ദ്ര സംഘടൻ) തുടങ്ങിയവയുടെ എല്ലാ പരിപാടികളിലും യുവജന നേതൃത്വത്തിലുള്ളതും യുവജന കേന്ദ്രിതവുമായ സംഘടനകൾക്കുള്ള പങ്കാളിത്തം വൻതോതിൽ വർധിപ്പിക്കണം; അതാതു സന്ദർഭങ്ങളിലെ സന്നദ്ധസേവന പ്രവർത്തനങ്ങളിൽ അവരെ പരിശീലിപ്പിക്കുമ്പോൾ തന്നെ യുവജനങ്ങളുടെ ജീവൽ പ്രധാനമായ കഴിവുകളും അവരുടെ അടിസ്ഥാനപരമായ ശേഷികളും വർധിപ്പിക്കുന്നതിനും ഈ പ്രവർത്തനങ്ങൾ വഴി സാധിക്കണം;

ജീവനോപാധികൾ കണ്ടെത്തുന്നതിനും തൊഴിൽ സാധ്യതകൾ വികസിപ്പിക്കുന്നതിനുമായി അവർക്കു എളുപ്പത്തിൽ ലഭ്യമാകുന്ന ധനസഹായം, മെന്റർഷിപ് തുടങ്ങിയവ ഉറപ്പുവരുത്തുക; സംരംഭകത്വ വികസനത്തിനും അർഥപൂർണമായ തൊഴിലുകളിൽ ഏർപ്പെടുന്നതിനും ആവശ്യമായ കഴിവുകൾ നേടുന്നതിനും അവ വികസിപ്പിക്കുന്നതിനുമുള്ള സൗകര്യങ്ങൾ ലഭ്യമാക്കുക; (പ്രത്യേകിച്ചും പാരിസ്ഥിതിക പുനരുജ്ജീവനം, പരിസ്ഥിതി സംരക്ഷണം, സാമൂഹിക നീതി, അടിസ്ഥാന സേവനങ്ങളും അത്തരം ഉല്പന്നങ്ങൾ നിർമിക്കലും അവയുടെ വിതരണവും); സഹകരണ മേഖലയിലും സാമൂഹികമായുമുള്ള സാമ്പത്തിക പ്രവർത്തനങ്ങൾ അടക്കമുള്ള ബദൽ ജീവന മേഖലകളിൽ അവർക്കു പരിശീലനം നൽകുക.

ദുർബല വിഭാഗങ്ങളിലെ യുവജനങ്ങൾക്ക് പ്രത്യേക പിന്തുണയും സഹായവും ഉറപ്പാക്കുക (നിലവിൽ ലഭ്യമായ പദ്ധതികളുടെ ഫലപ്രദമായ നടത്തിപ്പും ഉറപ്പാക്കുക); വിശേഷിച്ചും ഭിന്നശേഷി വിഭാഗങ്ങൾ, മാനസികമായ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നവർ, ബഹുജൻ, ആദിവാസി, ന്യൂനപക്ഷ സമൂഹങ്ങൾ, ലൈംഗിക ന്യൂനപക്ഷങ്ങൾ, മറ്റു പാർശ്വവത്കൃത വിഭാഗങ്ങൾ എന്നിവർക്കും അവർക്കിടയിൽ തന്നെ വനിതകൾക്കും ഇത്തരം പദ്ധതികളിൽ പ്രത്യേക പരിഗണന ഉറപ്പാക്കുക; അത്തരം വിഷമതകൾ അനുഭവിക്കുന്ന യുവജനങ്ങൾക്ക് അവരുടെ വിജ്ഞാന സമ്പാദന കേന്ദങ്ങളിൽ സുരക്ഷയും ആത്മവിശ്വാസവും ഉറപ്പാക്കുക;

വിവിധ ജനവാസ കേന്ദ്രങ്ങളുടെ കൂട്ടായ്മയിൽ ഓരോന്നിനും യുവജന ശാക്തീകരണ കേന്ദങ്ങൾ ആരംഭിക്കുക; അവിടെ കൗൺസിലിംഗ്, കായികവിനോദങ്ങൾ, വിനോദ സൗകര്യങ്ങൾ, തൊഴിൽ -- പ്രത്യേകിച്ചും ബദൽ ജീവന മാർഗങ്ങൾ -- സംബന്ധിച്ച ഉപദേശങ്ങൾക്കുള്ള സംവിധാനം തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തുക;

ദേശീയ യുവജന നയത്തിലും സംസ്ഥാനതല യുവജന നയങ്ങളിലും വാഗ്ദാനം ചെയ്ത ഉറപ്പുകൾ പാലിക്കുക; അവർക്കു നൽകിയ ഉറപ്പുകൾ പാലിക്കുന്നതു സംബന്ധിച്ച പരിശോധനകൾക്കായി യുവജന ഉപദേശക

സമിതികൾ രൂപീകരിക്കാമെന്നും വിവിധ തലങ്ങളിൽ യൂത്ത് കമ്മിഷനുകൾ സ്ഥാപിക്കാമെന്നുമുള്ള ഉറപ്പുകൾ നടപ്പാക്കിയതിന്റെ പുരോഗതി അവലോകനം ചെയ്യുക;

യുവജനങ്ങളുമായി ബന്ധപ്പെട്ട നയങ്ങളുടെ നടത്തിപ്പിനും മേൽനോട്ടത്തിനുമായി നിയമപരമായ യുവജന കമ്മിഷനു രൂപം കൊടുക്കുക;

യുവജനങ്ങൾക്കു തങ്ങളുടെ അറിവിന്റെയും അനുഭവത്തിന്റെയും ചക്രവാളങ്ങൾ വികസിപ്പിക്കാനും ആശയങ്ങൾ കൈമാറാനും തങ്ങളുടെ പൊതുതാല്പര്യമുള്ള വിഷയങ്ങളിൽ (ഈ മാനിഫെസ്റ്റോയിൽ അതിന്റെ വിവിധ ഭാഗങ്ങളിൽ സൂചിപ്പിക്കുന്ന തരത്തിലുള്ള വിഷയങ്ങളിൽ അടക്കം) ഒന്നിച്ചുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാനും ദേശീയതലത്തിലും ദക്ഷിണേഷ്യൻ രാജ്യങ്ങളുടെ തലത്തിലും ആഗോള തലത്തിലും യുവജനങ്ങൾക്ക് പരസ്പര സന്ദർശനത്തിനും ബന്ധങ്ങൾ സ്ഥാപിക്കുന്നതിനുമുള്ള പരിപാടികൾ സംഘടിപ്പിക്കുക.

വികല്പസംഗം പൊതുസഭയിലെ അംഗങ്ങൾ

ആക്ഷൻ ഫോർ കമ്മ്യൂണിറ്റി ഓർഗനൈസേഷൻ, റീഹാബിലിറ്റേഷൻ & ഡവലപ്മെന്റ് (അക്കോർഡ്)
അഗ്രഗാമീ
അലയൻസ് ഫോർ സസ്റ്റൈനബിൾ ആൻഡ് ഹോളിസ്റ്റിക് അഗ്രികൾച്ചർ (ആഷ)
ആൾട്ടർനേറ്റീവ്  ലോ ഫോറം (എ.എൽ.എഫ്)
ഭൂമി കോളേജ്
ബ്ലൂ റിബ്ബൺ മൂവ്മെന്റ്  (ബി.ആർ.എം)
സെന്റർ ഫോർ എഡ്യൂക്കേഷൻ & ഡോക്കുമെന്റേഷൻ (സിഇഡി)
സെന്റർ ഫോർ എൻവയേൺമെന്റൽ എഡ്യൂക്കേഷൻ (സി.ഇ.ഇ)
സെന്റർ ഫോർ ഫൈനാൻഷ്യൽ അക്കൗണ്ടബിലിറ്റി (സി.എഫ്.എ)
സെന്റർ  ഫോർ  പാസ്റ്റോറലിസം
ചാലക്കുടി പുഴ സംരക്ഷണ സമിതി /റിവർ റിസർച്ച്   സെന്റർ
ചേതന
സിജി നെറ്റ് സ്വര
ദക്ഷിൺ ഫൗണ്ടേഷൻ
ഡക്കാൻ ഡവലപ്മെന്റ് സൊസൈറ്റി (ഡി.ഡി.എസ്)
ഡിയർ പാർക്ക്
ഡവലപ്മെന്റ് ആൾട്ടർനേറ്റീവ്സ് (ഡി.എ)
ഡിസേർട് റിസോർസ്  സെന്റർ (ഡി.ആർ.സി)
ധാത്രി ട്രസ്റ്റ്
ധാരാമിത്ര
ഏക്താ
ഇക്വിറ്റബിൾ ടൂറിസം ഓപ്ഷൻസ്  (ഇക്വേഷൻസ്)
ഫോറസ്റ്റ്  റൈറ്റ്സ് കൊഅലിഷൻ--ജെ.കെ.
ഫ്രൈഡേസ് ഫോർ ഫ്യൂച്ചർ --ഇന്ത്യ
ജീൻ ക്യാമ്പയിൻ

ഗൂഞ്ച്
ഗ്രീൻപീസ് ഇന്ത്യ
ഐഡിയോസിങ്ക് മീഡിയ കമ്പൈൻ
ഇന്നർ ക്ലൈമറ്റ് അക്കാദമി (ഐ.സി.എ)
മാർഗ് ശാല ഫൗണ്ടേഷൻ
ജാഗോരി റൂറൽ
കാഗഡ് കച്ച് പത്ര കഷ്ടകാരി പഞ്ചായത്ത് (കെ.കെ.പി.കെ.പി)
കല്പവൃക്ഷ്
കൃതി ടീം
ലഡാക്ക് ആർട്ട്സ് & മീഡിയ ഓർഗനൈസേഷൻ (ലാമോ)
ലെറ്റ് ഇന്ത്യ ബ്രീത്ത് ( എൽ.ഐ.ബി)
ലോക്കൽ ഫ്യൂച്ചെർസ്
മാധ്യം
മാതി
മഹിളാ കിസാൻ അധികാർ മഞ്ച് (മക്കാം)
മഹളിർ അസോസിയേഷൻ ഫോർ ലിറ്ററസി അവേർനെസ് & റൈറ്റ്സ് (മലർ)
മസ്ദൂർ കിസാൻ ശക്തി സംഘടൻ (എം.കെ.എസ്.എസ്)
മൂവ്മെന്റ് ഫോർ അഡ്വാൻസിങ് അണ്ടർസ്റ്റാൻഡിങ് ഓഫ് സസ്റ്റയ്നബിലിറ്റി & മ്യൂച്വലിറ്റി (മൗസം)
നാഷണൽ അലയൻസ് ഓഫ് പീപ്പിൾസ് മൂവ്മെന്റ്സ് (എൻ.എ.പി.എം)
നാഷണൽ കാമ്പയിൻ ഫോർ ദളിത് ഹ്യൂമൻ റൈറ്റ്സ് (എൻ.സി.ഡി.എച്ച്.ആർ)
നാഷണൽ കൊഅലിഷൻ ഫോർ നാച്ചറൽ ഫാമിങ് (എൻ.സി.എൻ.എഫ്)
നാഷണൽ ഫെഡറേഷൻ ഓഫ് ദളിത് വിമെൻ (എൻ.എഫ്.ഡി.ഡബ്ലിയു)
നിറങ്ങൾ ചാരിറ്റബിൾ ട്രസ്റ്റ്
നോൺ-ടിംബർ ഫോറസ്റ്റ് പ്രൊഡ്യൂസ് എക്സ്ചേൻജ് (എൻ.ടി.എഫ്.പി - ഇ)
നോർത്ത് ഈസ്റ്റ് നെറ്റ് വർക്ക് (എൻ.ഇ.എൻ)
ഓർഗാനിക് ഫാമേഴ്സ് മാർക്കറ്റ് (ഒ.എഫ്.എം)
പീപ്പിൾസ് റിസോഴ്സ് സെന്റർ (പി.ആർ.സി)
പീപ്പിൾസ് സയൻസ് ഇൻസ്റ്റിറ്റ്യൂട്ട് (പി.എസ്.ഐ)
റീ-സ്റ്റോർ
റിവൈറ്റലൈസിങ് റെയിൻഫെഡ് അഗ്രികൾച്ചർ നെറ്റ് വർക്ക് (ആർ.ആർ.എ)
റൈത്തു സ്വരാജ്യ വേദിക
സംഭാവനാ
ഫൗണ്ടേഷൻ ഫോർ ഇക്കണോമിക് & ഇക്കോളജിക്കൽ ഡവലപ്മെന്റ് (ഫീഡ്)
സഹജീവൻ
സഹോദയ ട്രസ്റ്റ്
സംഘത്
സ്കൂൾ ഫോർ ഡെമോക്രസി
സ്കൂൾ ഫോർ റൂറൽ ഡവലപ്മെന്റ് & എൻവയേൺമെൻറ് (എസ്.ആർ.ഡി.ഇ)
ശിക്ഷാന്തർ
സ്നോ ലെപാർഡ് കൺസർവൻസി ഇന്ത്യ ട്രസ്റ്റ് (എസ്.എൽ.സി -ഐ.ടി)
സിക്കിം ഇൻഡിജെനസ് ലെപ്ചാ ട്രൈബൽ അസോസിയേഷൻ
സോഷ്യൽ ഒണ്ടർപ്രനർഷിപ് അസോസിയേഷൻ (എസ്.ഇ.എ)
സൊസൈറ്റി ഫോർ പ്രൊമോട്ടിങ് പാർടിസിപ്പേറ്റിവ് ഇക്കോസിസ്റ്റം മാനേജ്മെന്റ് (സോപ്പെക്കോം)

സൗത്ത് ഏഷ്യൻ ഡയലോഗ് ഓൺ ഇക്കോളജിക്കൽ ഡമോക്രസി (എസ്. എ.ഡി. ഇ. ഡി)/ ഹരിത് സ്വരാജ് സംവാദ്
ദി ഹിമാലയാ കളക്റ്റീവ്
ടിംബക്റ്റു കളക്റ്റീവ്
തിത്തിലി ട്രസ്റ്റ്
ട്രാവല്ലേഴ്‌സ് യൂണിവേർസിറ്റി
ട്രൈബൽ ഹെൽത്ത് ഇനിഷ്യേറ്റീവ് (ടി.എച്ച്.ഐ)
യു.ആർ.എം.യു.എൽ സീമാന്ത് സമിതി
വാട്ടർഷെഡ് സപ്പോർട്ട്
സർവീസസ് & ആക്റ്റിവിറ്റീസ് നെറ്റ് വർക് (വസൻ)
യൂത്ത് അലയൻസ്
യുഗ്മ കളക്റ്റീവ്
യുവ ഏകത ഫൗണ്ടേഷൻ
ദിനേശ് അബ്രോൾ
മോഹൻ ഹിരാഭായ് ഹീരാലാൽ
ഒവൈസ് സുൽത്താൻ ഖാൻ
സെഹ്ജോ സിങ്

വികല്പസംഗത്തെ ബന്ധപ്പെടാൻ :


കെ ജെ ജോയ് joykjjoy2@gmail.com

സൃഷ്ടി ബാജ്പേയ് shrishteebajpai@gmail.com

യഷ് മാർവാ yash@letindiabreathe.org

അസ്മി ശർമ asmixsharma@gmail.com